# വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 06.03.2024 -ലെ യോഗത്തിന്റെ നടപടിവിവരം

## ഉള്ളടക്കം


| ഖണ്ഡിക നമ്പർ | വിഷയം | പേജ് നമ്പർ |
|---|---|---|
| **2.1** | **കോഓർഡിനേഷൻ കമ്മിറ്റിയുടെ 26.09.2023-ൽ നടന്ന യോഗ തീരുമാന പ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ** | 1 |
| 4.15 | അതിയന്നൂർ ബ്ലോക്ക് പഞ്ചായത്ത് | 1 |
| 4.16 | മലപ്പുറം ജില്ലാ പഞ്ചായത്ത് | 3 |
| 4.18 | പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 4 |
| 4.38 | കുറ്റിക്കോൽ ഗ്രാമപഞ്ചായത്ത് | 5 |
| **2.2** | **കോഓർഡിനേഷൻ കമ്മിറ്റിയുടെ 26.10.2023-ലെ യോഗ തീരുമാനപ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ** | 6 |
| 4.3 | വേങ്ങര ഗ്രാമപഞ്ചായത്ത് | 6 |
| 4.5 | കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്ത് | 7 |
| 4.6 | ആര്യനാട് ഗ്രാമപഞ്ചായത്ത് | 7 |
| 4.17 | കൊയിലാണ്ടി നഗരസഭ | 8 |
| 4.18 | വട്ടവട ഗ്രാമപഞ്ചായത്ത് | 10 |
| **3** | **പൊതുവിഷയം** | 11 |
| 3.1 | അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് പരിശീലനം | 11 |
| 3.2 | ലൈഫ് ഭവന പദ്ധതി | 11 |
| 3.3 | ലൈഫ് ഭവന പദ്ധതി | 12 |
| 3.4 | വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് | 12 |
| 3.5 | മത്സ്യബന്ധനത്തിന് ഗിൽനെറ്റ് | 12 |
| **4** | **പ്രത്യേക വിഷയം** | 12 |
| 4.1 | ഇടുക്കി ജില്ലാ പഞ്ചായത്ത് | 12 |
| 4.2 | കുന്ദമംഗലം ബ്ലോക്ക് പഞ്ചായത്ത് | 13 |
| 4.3 | ഇടുക്കി ജില്ലാ പഞ്ചായത്ത് | 13 |
| 4.4 | ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്ത് | 14 |
| 4.5 | കിളിമാനൂർ ഗ്രാമപഞ്ചായത്ത് | 15 |
| 4.6 | ഒതുക്കുങ്ങൽ ഗ്രാമപഞ്ചായത്ത് | 15 |
| 4.7 | ഇടമലക്കുടി ഗ്രാമപഞ്ചായത്ത് | 16 |
| 4.8 | കൊന്നത്തടി ഗ്രാമപഞ്ചായത്ത് | 17 |
| 4.9 | കാസർഗോഡ് ജില്ലാ പഞ്ചായത്ത് | 17 |
| 4.10 | കൃഷിക്ക് ജലസേചനത്തിനായി തിരിനന – Wick Irrigation | 18 |
| 4.11 | കയ്യൂർ ചീമേനി ഗ്രാമപഞ്ചായത്ത് | 18 |
| 4.12 | കൊളച്ചേരി ഗ്രാമപഞ്ചായത്ത് | 19 |
| 4.13 | കവിയൂർ ഗ്രാമപഞ്ചായത്ത് | 19 |
| 4.14 | കുളത്തൂപ്പുഴ ഗ്രാമപഞ്ചായത്ത് | 20 |
| 4.15 | മണീട് ഗ്രാമപഞ്ചായത്ത് | 20 |
| 4.16 | വെള്ളനാട് ബ്ലോക്ക് പഞ്ചായത്ത് | 21 |
| 4.17 | പേരാവൂർ ബ്ലോക്ക് പഞ്ചായത്ത് | 21 |
| 4.18 | വിളയൂർ ഗ്രാമ പഞ്ചായത്ത് | 22 |
| 4.19 | കോട്ടയം ഗ്രാമ പഞ്ചായത്ത് | 22 |
| 4.20 | മഞ്ചേശ്വരം ഗ്രാമപഞ്ചായത്ത് | 23 |
| 4.21 | ചെറുകുന്ന് ഗ്രാമപഞ്ചായത്ത് | 23 |
| 4.22 | അറക്കുളം ഗ്രാമപഞ്ചായത്ത് | 23 |
| 4.23 | കതിരൂർ ഗ്രാമപഞ്ചായത്ത് | 24 |
| 4.24 | ആനാട് ഗ്രാമപഞ്ചായത്ത് | 24 |
| 4.25 | ഇരിമ്പിളിയം ഗ്രാമപഞ്ചായത്ത് | 24 |
| 4.26 | ചെറുപുഴ ഗ്രാമപഞ്ചായത്ത് | 25 |
| 4.27 | മാവേലിക്കര തെക്കേക്കര ഗ്രാമപഞ്ചായത്ത് | 25 |
| 4.28 | അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്ത് | 26 |

| | | |
|---|---|---|
| 4.29 | അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്ത് | 26 |
| 4.30 | ആലപ്പുഴ ജില്ലാ പഞ്ചായത്ത് | 27 |
| 4.31 | മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് | 27 |
| 4.32 | അളഗപ്പ നഗർ ഗ്രാമപഞ്ചായത്ത് | 28 |
| 4.33 | ഏനാദിമംഗലം ഗ്രാമപഞ്ചായത്ത് | 29 |
| 4.34 | താനൂർ ബ്ലോക്ക് പഞ്ചായത്ത് | 30 |
| 4.35 | സാമൂഹ്യനീതി വകുപ്പ് | 30 |
| 4.36 | കൊഴുവനാൽ ഗ്രാമപഞ്ചായത്ത് | 31 |
| 4.37 | എരഞ്ഞോളി ഗ്രാമപഞ്ചായത്ത് | 32 |
| 4.38 | ചെമ്മനാട് ഗ്രാമപഞ്ചായത്ത് | 32 |
| 4.39 | കുമ്പള ഗ്രാമപഞ്ചായത്ത് | 33 |
| 4.40 | കുമ്പള ഗ്രാമപഞ്ചായത്ത് | 34 |
| 4.41 | കോഴിക്കോട് ജില്ലാപഞ്ചായത്ത് | 34 |
| 4.42 | നാദാപുരം ഗ്രാമപഞ്ചായത്ത് | 35 |
| 4.43 | കോട്ടയം ജില്ലാ പഞ്ചായത്ത് | 35 |
| 4.44 | തൃക്കരിപ്പൂർ ഗ്രാമപഞ്ചായത്ത് | 36 |
| 4.45 | മങ്കട ബ്ലോക്ക് പഞ്ചായത്ത് | 36 |
| 4.46 | പാമ്പാടി ബ്ലോക്ക് പഞ്ചായത്ത് | 37 |
| 4.47 | പനയം ഗ്രാമപഞ്ചായത്ത് | 37 |
| 4.48 | മൈനാഗപ്പള്ളി ഗ്രാമപഞ്ചായത്ത് | 39 |
| 4.49 | പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്ത് | 39 |
| 4.50 | മലപ്പുറം ജില്ലാ ആസൂത്രണസമിതി | 40 |
| 4.51 | വലിയപറമ്പ ഗ്രാമപഞ്ചായത്ത് | 40 |
| 4.52 | കണ്ണാടി ഗ്രാമപഞ്ചായത്ത് | 41 |
| 4.53 | ചെല്ലാനം ഗ്രാമപഞ്ചായത്ത് | 41 |
| 4.54 | താമരശ്ശേരി ഗ്രാമപഞ്ചായത്ത് | 42 |
| 4.55 | കർണ്ണാടക ആന്റിബയോടിക്സ് ആന്റ്-ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ് | 42 |
| 4.56 | ഇടുക്കി ജില്ലാപഞ്ചായത്ത് | 42 |
| 4.57 | മലപ്പുറം ജില്ലാ പഞ്ചായത്ത് | 43 |
| 4.58 | തൃശ്ശൂർ ജില്ലാ പഞ്ചായത്ത് | 43 |
| 4.59 | ഓച്ചിറ ഗ്രാമ പഞ്ചായത്ത് | 44 |
| 4.60 | കേരള സ്റ്റേറ്റ് ബുക്ക് മാർക്ക് | 44 |
| 4.61 | മണീട് ഗ്രാമപഞ്ചായത്ത് | 45 |
| 4.62 | പേരാമ്പ്ര ഗ്രാമപഞ്ചായത്ത് | 45 |
| 4.63 | കോഴിക്കോട് ജില്ലാ പഞ്ചായത്ത് | 46 |
| 4.64 | ആലപ്പുഴ ജില്ലാ പഞ്ചായത്ത് | 46 |
| 4.65 | കോടോംതുരുത്ത് ഗ്രാമപഞ്ചായത്ത് | 46 |
| 4.66 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 48 |
| 4.67 | കോടഞ്ചേരി ഗ്രാമപഞ്ചായത്ത് | 48 |
| 4.68 | മണർകാട് ഗ്രാമപഞ്ചായത്ത് | 49 |
| 4.69 | ഇടുക്കി ജില്ലാ പഞ്ചായത്ത് | 50 |

No./775/2023/SRG/LSGD/CC(10)

**<u>വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 06.03.2024 ന നടന്ന യോഗത്തിന്റെ നടപടി കുറിപ്പ്</u>**

യോഗം ഉച്ചകഴിഞ്ഞ് 3.30 മണിക്ക് സെക്രട്ടേറിയറ്റിലെ സൗത്ത് കോൺഫറൻസ് ഹാളിൽ ആരംഭിച്ചു. ബഹു.തദ്ദേശസ്വയംഭരണ-എക്സൈസ് വകുപ്പ് മന്ത്രി യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. യോഗത്തിൽ പങ്കെടുത്തവരുടെ പേരുവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. സാധാരണ കോഓർഡിനേഷൻ കമ്മിറ്റി യോഗത്തിൽ ക്രമനമ്പർ ഒന്ന് ആയി ഉൾപ്പെടുത്തുന്ന പദ്ധതി അവലോകനം ഇന്നത്തെ യോഗത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. ക്രമനമ്പർ 2, 3, 4 ആയി വരുന്ന മുൻ കോഓർഡിനേഷൻ കമ്മിറ്റി യോഗങ്ങളിലെ തീരുമാനപ്രകാരം വകുപ്പ് മേധാവികൾ സ്വീകരിക്കേണ്ട തുടർനടപടികൾ, പൊതു വിഷയങ്ങൾ, പ്രത്യേക വിഷയങ്ങൾ എന്നിവയാണ് ഇന്നത്തെ യോഗത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

**2 <u>വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ യോഗ തീരുമാന പ്രകാരം തുടർനടപടി സ്വീകരിച്ച് റിപ്പോർട്ട് ലഭിച്ച വിഷയങ്ങൾ</u>**

**2.1 <u>കോഓർഡിനേഷൻ കമ്മിറ്റിയുടെ 26.09.2023-ൽ നടന്ന യോഗ തീരുമാന പ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ</u>**

**<u>2.1 ഖണ്ഡിക 4.15</u>**

**<u>അതിയന്നൂർ ബ്ലോക്ക് പഞ്ചായത്ത്</u>**

**അതിയന്നൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 15.07.2023-ലെ കത്തും 15.06.2023 ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗ തീരുമാനവും (SRG/ 1088/23)**

**വിഷയം:-** മൊബൈൽ മെഡിക്കൽ യൂണിറ്റിനുള്ള പ്രോജക്ടിന്റെ നിർവ്വഹണം സംബന്ധിച്ച്

അതിയന്നൂർ ബ്ലോക്ക് പഞ്ചായത്ത് 2022-23 വർഷം മൊബൈൽ മെഡിക്കൽ യൂണിറ്റ് തുടങ്ങാൻ 21.00 ലക്ഷം രൂപയുടെ പ്രോജക്ട് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുകയും നൂതന പ്രോജക്ടുകൾക്കുള്ള ജില്ലാതല കമ്മിറ്റിയുടെ 07.11.2022 ന കൂടിയ യോഗം അംഗീകാരം നൽകുകയും ചെയ്തു. ഈ വർഷം ഈ പ്രോജക്ട് സ്പിൽ ഓവറായി തുടരുന്നു. തീരപ്രദേശത്തെ മത്സ്യതൊഴിലാളി കുടുംബങ്ങൾക്കും മറ്റു പിന്നോക്കം നിൽക്കുന്നവർക്കും രോഗ നിർണ്ണയം നടത്തി ആരോഗ്യ സംരക്ഷണം ഉറപ്പാക്കുകയാണ് പ്രോജക്ടിന്റെ പ്രധാന ലക്ഷ്യം. മൊബൈൽ മെഡിക്കൽ യൂണിറ്റിന്റെ പ്രവർത്തനത്തിനായി അലോപ്പതി ഡോക്ടർ, നേഴ്സ്, ഫാർമസിസ്റ്റ്, ലാബ് ടെക്നീഷ്യൻ എന്നിവരിൽ ഒരാളെ വീതം നിയമിക്കാൻ ഉദ്ദേശിക്കുന്നു. ഇവരെ നിയമിക്കാൻ അനുമതി ആവശ്യപ്പെട്ടിരുന്നു. കൊവിഡ് പ്രവർത്തനങ്ങൾക്കായി ബ്ലോക്ക് പഞ്ചായത്ത് ഒരു അക്കൗണ്ട് തുടങ്ങിയിട്ടുണ്ട്. ഈ അക്കൗണ്ട് മൊബൈൽ മെഡിക്കൽ യൂണിറ്റിന്റെ ആവശ്യത്തിനായി ഉപയോഗിക്കാനും അനുമതി ആവശ്യപ്പെട്ടിരുന്നു.

മൊബൈൽ മെഡിക്കൽ യൂണിറ്റിന്റെ ചെലവു സംബന്ധിച്ച വിവരങ്ങൾ താഴെ പറയുന്നവയാണ്.

| പ്രതീക്ഷിക്കുന്ന പ്രാരംഭ ചെലവ് | | |
|---|---|---|
| **ക്രമ നം** | **ഇനം** | **തുക** |
| 1 | വാഹനം (ചെയ്സ്) | 14,00,000 |
| 2 | മൊബൈൽ മെഡിക്കൽ യൂണിറ്റ് സൗകര്യമൊരുക്കൽ (വാഹനത്തിൽ) | 20,00,000 |
| 3 | ലാബ് ഉപകരണങ്ങൾ ഒരുക്കൽ | 10,00,000 |
| 4 | ഡോക്ടർ, പാരാമെഡിക്കൽ സ്റ്റാഫ്, ഡ്രൈവർ തുടങ്ങിയ ജീവനക്കാരുടെ വേതനം | 12,00,000 |

| | | |
|---|---|---|
| 5 | ലാബ് റീ ഏഡന്റ് | 1,00,000 |
| 6 | മരുന്നുകൾ | 2,00,000 |
| 7 | മറ്റുള്ളവ | 1,00,000 |
| | **ആകെ** | **60,00,000** |

| **പ്രതിവർഷം പ്രതീക്ഷിക്കുന്ന ആവർത്തന ചെലവ്** | | |
|---|---|---|
| **ക്രമനം** | **ഇനം** | **തുക** |
| 1 | 1 ഡോക്ടർ – വേതനം | 7,20,000 |
| 2 | 1 നേഴ്സ് – വേതനം | 2,40,000 |
| 3 | 1 ഫാർമസിസ്റ്റ് – വേതനം | 2,40,000 |
| 4 | 1 ലാബ് ടെക്നീഷ്യൻ – വേതനം | 2,40,000 |
| 5 | 1 ഡ്രൈവർ കം ഹെൽപ്പർ – വേതനം | 2,40,000 |
| 6 | ലാബ് റീ ഏജന്റ് | 1,50,000 |
| 7 | മരുന്നുകൾ | 5,00,000 |
| 8 | ഇന്ധനം, മറ്റുള്ളവ | 1,70,000 |
| | ആകെ | 25,00,000 |

ഇത് കോഓർഡിനേഷൻ കമ്മിറ്റിയുടെ 15.06.2023 ലെ യോഗം പരിഗണിക്കുകയും താഴെ പറയുന്ന തീരുമാനമെടുക്കുകയും ചെയ്തു.

1) 'ബ്ലോക്ക് പ്രദേശത്തുള്ള CHC, PHC മുഖേന നിലവിലെ ഡോക്ടർമാരെയും പാരാമെഡിക്കൽ സ്റ്റാഫിനേയും ഉപയോഗിച്ച് പരിശോധന നടത്താവുന്നതാണ്. കൂടാതെ ആരോഗ്യ വകുപ്പ് എല്ലാ സി.എച്ച്.സി, എഫ്.എച്ച്.സി, പി.എച്ച്.സികളിലും Non Communicable Disease (NCD) കണ്ടെത്തുന്നതിന് പ്രത്യേക പ്രോഗ്രാം നടത്തുന്നുണ്ട്. ഈ സാഹചര്യത്തിൽ മൊബൈൽ മെഡിക്കൽ യൂണിറ്റ് എന്ന പ്രോജക്ട് നടപ്പാക്കേണ്ടതില്ല' എന്നു യോഗം തീരുമാനിച്ചു.

2) 'ഇതിനകം ആംബുലൻസ് വാങ്ങിയിട്ടുണ്ട് എന്നറിയിച്ചിട്ടുണ്ട്. വാങ്ങിയ വാഹനം ആംബുലൻസ് ആക്കി ആവർത്തന ചെലവ് സ്വയം കണ്ടെത്തുന്ന രീതിയിൽ CHCയുടെ HMC യെ ഏല്പിക്കാവുന്നതാണെന്ന് നിർദ്ദേശിക്കുന്നു. ആവർത്തന ചെലവ് സംബന്ധിച്ച് 15.06.2023 ലെ പൊതു തീരുമാനം ഖണ്ഡിക 10 ലെ നിർദ്ദേശം പാലിക്കണം'.

ആംബുലൻസായി പ്രവർത്തിക്കണമെന്ന കോഓർഡിനേഷൻ കമ്മിറ്റിയുടെ നിർദ്ദേശം പുനഃപരിശോധിക്കണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നു. ഇതൊരു സഞ്ചരിക്കുന്ന ആശുപത്രിയാണെന്നും അതിനാൽ ഈ പ്രോജക്ട് ഇതേ രീതിയിൽ തന്നെ ആരംഭിക്കാൻ അനുമതി നൽകണമെന്നതും സംബന്ധിച്ച്.

**<u>26.09.2023 –ലെ തീരുമാനം :–</u>** 15.06.2023–ലെ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനം കൂടി പരിഗണിച്ച് മൊബൈൽ മെഡിക്കൽ യൂണിറ്റിന്റെ ആവശ്യകത സംബന്ധിച്ച് റിപ്പോർട്ട് നൽകാൻ ആരോഗ്യവകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തി. ഇതനുസരിച്ച് ആരോഗ്യവകുപ്പ് ഡയറക്ടർ റിപ്പോർട്ട് നൽകി.

**<u>06.03.2024ന നൽകിയ റിപ്പോർട്ട്:–</u>** അതിയന്നൂർ ബ്ലോക്ക് പഞ്ചായത്തിന് കീഴിൽ മൂന്ന് സി.എച്ച്.സികൾ ഉണ്ട്. ഇതിൽ പുല്ലുവിള CHCക്ക് കീഴിലാണ് മുകളിൽ പറഞ്ഞ പ്രോജക്ട് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. പുല്ലുവിള CHCക്ക് കീഴിൽ നാല് PHC/FHC കളിലും ലാബുകൾ പ്രവർത്തിക്കുന്നുണ്ട്. അതത് പഞ്ചായത്തുകളിലെ ആശുപത്രികളിലേയ്ക്ക് എത്തിച്ചേരാൻ ബുദ്ധിമുട്ടുള്ള പ്രദേശങ്ങൾ ഒന്നും തന്നെ CHCയുടെ കീഴിൽ ഇല്ല. മുകളിൽ പറഞ്ഞ പ്രോജക്ടിന്റെ തുടക്കത്തിൽ തന്നെ പ്രോജക്ടിന്റെ അപ്രായോഗികത ബ്ലോക്ക് പഞ്ചായത്തിനെ മെഡിക്കൽ ഓഫീസർ അറിയിച്ചിരുന്നതാണ്.

മൊബൈൽ മെഡിക്കൽ യൂണിറ്റിനായി വാങ്ങിയ വാഹനം ബ്ലോക്ക് പഞ്ചായത്ത് CHC ക്ക് ആംബുലൻസായി ഉപയോഗിക്കാൻ 15.06.2023-ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗത്തിൽ നിർദ്ദേശിച്ചിരുന്നു. എന്നാൽ അവിടെ HMC ആംബുലൻസും പാലിയേറ്റീവ് പ്രവർത്തനങ്ങൾക്കായി കരകുളം ഗ്രാമ പഞ്ചായത്ത് വിട്ടു നൽകിയ ആംബുലൻസും നിലവിൽ ഉണ്ട് എന്നും അവയുടെ പരിപാലനത്തിനു തന്നെ HMC ഫണ്ട് കുറവാണെന്നും മെഡിക്കൽ ഓഫീസർ അറിയിച്ചിട്ടുണ്ട്. തന്നെയുമല്ല ഈ വാഹനം ആംബുലൻസായി ഉപയോഗിക്കുന്നതിന് അനുയോജ്യമല്ല എന്നും ആരോഗ്യവകുപ്പ് ഡയറക്ടർ യോഗത്തിൽ അറിയിച്ചു. നിലവിലെ സാഹചര്യത്തിൽ CHC ക്ക് ആംബുലൻസ് എന്ന നിലയിൽ മുകളിൽ പറഞ്ഞ വാഹനം പ്രായോഗികമല്ല.

**തീരുമാനം:-** 1) ആരോഗ്യവകുപ്പ് ഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം മൊബൈൽ മെഡിക്കൽ യൂണിറ്റ് നടപ്പാക്കേണ്ടതില്ല എന്ന കോഓർഡിനേഷൻ കമ്മിറ്റിയുടെ 15.06.2023-ലെ യോഗ തീരുമാനം പുനഃപരിശോധിക്കേണ്ടതില്ല എന്നു തീരുമാനിച്ചു.

2) ഇപ്പോൾ വാങ്ങിയിരിക്കുന്ന വാഹനം ആരോഗ്യമേഖലയിൽ തന്നെ ഉപയോഗിക്കുന്നതിന് ആവശ്യമായ നടപടി ബ്ലോക്ക് പഞ്ചായത്തും മെഡിക്കൽ ഓഫീസറും സ്വീകരിക്കണം. ഇതിന്മേൽ കാലതാമസം കൂടാതെ ബ്ലോക്ക് പഞ്ചായത്ത് നടപടി സ്വീകരിക്കേണ്ടതാണ്. ഇതു സംബന്ധിച്ച റിപ്പോർട്ട് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് നൽകണം.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ (ഡി.ബി)വകുപ്പ്** |

**<u>2.1 ഖണ്ഡിക 4.16</u>**

**<u>മലപ്പുറം ജില്ലാ പഞ്ചായത്ത്</u>**

**മലപ്പുറം ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 08.09.2023-ലെ DP/MPM/32/2023 ലെ കത്തും മലപ്പുറം ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ 23.08.2023-ലെ 16(1)-ാം നമ്പർ തീരുമാനവും (SRG /1285/23).**

***വിഷയം :- മെൻസ്ട്രുവൽ കപ്പ് വിതരണം ചെയ്തതിന് സാധൂകരണം നൽകുന്നതു സംബന്ധിച്ച്***

| | | |
|---|---|---|
| ***പ്രോ.നം: 154/23*** | ***അടങ്കൽ*** | ***1,61,73,000രൂപ*** |
| | | *(വികസനഫണ്ട് - ജനറൽ)* |
| ***പ്രോ.നം. 398/24*** | ***അടങ്കൽ*** | *1,99,99,788 രൂപ* |
| | | *വികസനഫണ്ട് - ജനറൽ* |
| ***പേര്*** | ***മെൻസ്ട്രുവൽ ഹൈജീനിക് കിറ്റ് വിതരണം*** | |

**(i)** മലപ്പുറം ജില്ലാ പഞ്ചായത്ത് 2022-23 വർഷം ജില്ലയിലെ കുടുംബശ്രീ അംഗങ്ങൾക്ക് മെൻസ്ട്രുവൽ കപ്പ് വിതരണം ചെയ്തിരുന്നു. കുടുംബശ്രീ ജില്ലാ മിഷൻ കോഓർഡിനേറ്റർ മുഖേനയാണ് പ്രോജക്ട് നടപ്പാക്കിയത്. പ്രോജക്ടിന് വകയിരുത്തിയ മുഴുവൻ തുകയും ചെലവഴിച്ചു. മാർഗ്ഗരേഖ പ്രകാരം ഈ പ്രോജക്ട് ബന്ധപ്പെട്ട മെഡിക്കൽ ഓഫീസർമാർ മുഖേനയാണ് നടപ്പാക്കേണ്ടത്. കുടുംബശ്രീ ജില്ലാ മിഷൻ കോഓർഡിനേറ്റർ മുഖേന ഈ പ്രോജക്ട് നടപ്പാക്കിയതിന് സാധൂകരണം നൽകണമെന്നതു സംബന്ധിച്ച്

**(ii)** ഈ പ്രോജക്ട് 2023-24 വർഷവും എടുത്തിട്ടുണ്ട്. ജില്ലാ മെഡിക്കൽ ഓഫീസറും ജില്ലാ വനിതാ വികസന ഓഫീസറും ഈ പ്രോജക്ട് നടപ്പാക്കാൻ തയ്യാറാകുന്നില്ല

എന്നറിയിച്ചുകൊണ്ട് 2023-24 ൽ ഈ പ്രോജക്ട് കുടുംബശ്രീ ജില്ലാ മിഷൻ കോഓർഡിനേറ്റർ മുഖേന നടപ്പാക്കാൻ അനുമതി സംബന്ധിച്ച്.

**<u>26.09.2023-ലെ തീരുമാനം</u> : -** മെൻസ്ട്രുവൽ കപ്പിന്റെ വിശ്വാസ്യതയും, ഉപയോഗിക്കുന്നതു സംബന്ധിച്ച സംശയ നിവാരണത്തിനും, വിവിധ അളവുകൾ വാങ്ങുന്നത് സംബന്ധിച്ചും ഉപയോഗിക്കുന്നവരുടെ ആരോഗ്യസ്ഥിതി സംബന്ധിച്ചും ബോധവൽക്കരണം ആവശ്യമാണെന്ന് സർക്കാർ വിലയിരുത്തിയതിന്റെ ഭാഗമായാണ് ഇത് ബന്ധപ്പെട്ട മെഡിക്കൽ ഓഫീസർമാർ മുഖേന നടപ്പാക്കണമെന്ന് മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിരുന്നത്. UPHC/FHC/ PHC/CHC ഡോക്ടർമാരുടെ നേതൃത്വത്തിൽ ബോധവൽക്കരണം നടത്തണമെന്ന് മാർഗ്ഗരേഖയിൽ പ്രത്യേകം നിർദ്ദേശിച്ചിരുന്നതാണ്. ഒപ്പം ഈ പ്രോജക്ട് ഗ്രാമപഞ്ചായത്തുകൾ/ നഗരസഭകൾ മുഖേന നടപ്പാക്കണമെന്നാണ് മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിരുന്നത്. എന്നാൽ മാർഗ്ഗരേഖയ്ക്ക് വിപരീതമായി മെഡിക്കൽ ഓഫീസർക്കു പകരം കുടുംബശ്രീ ജില്ലാ മിഷൻ കോഓർഡിനേറ്റർ മുഖേന നിർവ്വഹണം നടത്തുക, ഗ്രാമപഞ്ചായത്തിനു പകരം ജില്ലാ പഞ്ചായത്ത് നിർവ്വഹണം നടത്തുക എന്നീ രീതികൾ ജില്ലാ പഞ്ചായത്ത് സ്വീകരിച്ചത് വീഴ്ചയാണെന്ന് യോഗം വിലയിരുത്തി. ഇതു പരിശോധിച്ച് റിപ്പോർട്ട് നൽകാൻ റൂറൽ ഡയറക്ടറെ ചുമതലപ്പെടുത്തിയ പ്രകാരം റിപ്പോർട്ട് നൽകി.

**<u>06.03.2024നു നൽകിയ റിപ്പോർട്ട്</u> :-** ജില്ലാ മെഡിക്കൽ ഓഫീസർ ഈ പദ്ധതി ഏറ്റെടുക്കാൻ കഴിയില്ല എന്നറിയിച്ചതിനാലാണ് കുടുംബശ്രീ ജില്ലാ മിഷൻ കോഓർഡിനേറ്റർ മുഖേന പ്രോജക്ട് നടപ്പാക്കിയതെന്നും അതിനാൽ ഇതിന് സാധൂകരണം നൽകണമെന്നും തദ്ദേശസ്വയംഭരണ വകുപ്പ് മലപ്പുറം ജോയിന്റ് ഡയറക്ടർ അറിയിച്ചിട്ടുണ്ടെന്ന് റൂറൽ ഡയറക്ടർ റിപ്പോർട്ട് നൽകി.

**തീരുമാനം:-**

1) ഇത്തരം വീഴ്ചകൾ ഇനി ആവർത്തിക്കരുതെന്ന കർശന നിർദ്ദേശത്തോടെ സാധൂകരണം നൽകുന്നു. ഭാവിയിൽ ഇതു സംബന്ധിച്ച് മാർഗ്ഗരേഖയിലെ മാനദണ്ഡം കർശനമായി പാലിക്കണമെന്ന് നിർദ്ദേശിക്കുന്നു.
2) മെൻസ്ട്രുവൽ കപ്പ് വിതരണത്തിനായി 2023-24 വർഷത്തേയ്ക്ക് എടുത്തിരിക്കുന്ന പ്രോജക്ട് അതത് ഗ്രാമപഞ്ചായത്തിന് വിഹിതം കൈമാറി ബന്ധപ്പെട്ട മെഡിക്കൽ ഓഫീസർ മുഖേന നടപ്പാക്കണമെന്ന 26.09.2023 -ലെ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനം പാലിക്കേണ്ടതാണ്.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ (ഡി.എ)വകുപ്പ്** |

**<u>2.1 ഖണ്ഡിക 4.18</u>**

**<u>പത്തനംതിട്ട ജില്ലാ പഞ്ചായത്ത്</u>**

**പത്തനംതിട്ട ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 31.07.2023 ലെ കത്തും പത്തനംതിട്ട ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ 15.05.2023 ലെ 3(5-1)-ാം നമ്പർ തീരുമാനവും (SRG 1056/23 - CC/514/2023).**

**വിഷയം:-** പട്ടികജാതി വിഭാഗത്തിലെ അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് സർക്കാർ സ്ഥാപനങ്ങളിൽ പരിശീലനം നൽകുന്നതു സംബന്ധിച്ച്

| | | |
|---|---|---|
| *പ്രോ.നം:* 60/24 | ***അടങ്കൽ*** | *90,00,000 രൂപ (എസ്.സി.പി)* |
| ***പേര്*** | **പട്ടികജാതി വിഭാഗത്തിലെ അഭ്യസ്തവിദ്യരായ യുവതികൾക്ക് അപ്രന്റീസ്ഷിപ്പ് പ്രോഗ്രാം** | |

മാർഗ്ഗരേഖ പ്രകാരം പട്ടികജാതി/പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ട അഭ്യസ്ഥവിദ്യരായ യുവജനങ്ങൾക്ക് യോഗ്യതയുടെ അടിസ്ഥാനത്തിൽ ജില്ലാ പഞ്ചായത്തിന്റേയും നഗരഭരണ സ്ഥാപനങ്ങളിലേയും എഞ്ചിനീയറിംഗ് വിഭാഗം, ആശുപത്രികൾ, മറ്റ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ പരിശീലനം നൽകുന്നതിന് പ്രോജക്ട് ഏറ്റെടുക്കാൻ അനുമതിയുണ്ട്.

മാർഗ്ഗരേഖയിൽ ബി.എസ്.സി നേഴ്സിംഗ്, ജനറൽ നഴ്സിംഗ്, എം.എൽ.റ്റി (പിന്നീട് DMLT കൂടി ചേർത്തു). ഫാർമസി, റേഡിയോഗ്രാഫർ തുടങ്ങിയ പാരാമെഡിക്കൽ യോഗ്യതയുള്ളവർ, എഞ്ചിനീയറിംഗ്, പോളി ടെക്നിക്, ഐ.റ്റി.ഐ, അംഗീകൃത തെറാപ്പിസ്റ്റുകൾ, സ്പെഷ്യൽ എഡ്യൂകേറ്റേഴ്സ് എന്നീ യോഗ്യതയുള്ളവർക്കാണ് പരിശീലനം നൽകാവുന്നത്. ഇതോടൊപ്പം ഹെൽത്ത് ഇൻസ്പെക്ടർ, സാനിറ്ററി വർക്കർ, എൽ.എൽ.ബി, ബി.എൽ.ഐ.എസ് (ലൈബ്രറി സയൻസ്), ആയുർവേദ നഴ്സിംഗ്, ഹോമിയോ നഴ്സിംഗ്, ബി.ആർക്ക് തുടങ്ങിയ കോഴ്സുകൂടി ഉൾപ്പെടുത്തണമെന്നതു സംബന്ധിച്ച്.

നിലവിൽ 7000 രൂപ മുതൽ 10000 രൂപവരെയാണ് പ്രതിമാസം സ്റ്റൈപന്റ് നൽകുന്നത്. ഇത് 10000 മുതൽ 15,000 രൂപവരെയായി വർദ്ധിപ്പിക്കണമെന്ന ആവശ്യം സംബന്ധിച്ച്.

**<u>26.09.2023-ലെ തീരുമാനം</u> :-1)** ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സ് പാസായവരെ മുകളിൽ പറഞ്ഞ പരിശീലനത്തിന് പ്രതിമാസം 7000 രൂപ സ്റ്റൈപ്പന്റ് നിരക്കിൽ ഉൾപ്പെടുത്താൻ അനുമതി നൽകുന്നു.

2) മാർഗ്ഗരേഖ പരിഷ്കരിക്കുന്ന സമയത്ത് സ്റ്റൈപ്പന്റ് വർദ്ധിപ്പിക്കുന്നത് പരിഗണിക്കുന്നതാണ്. ആയുർവേദ നേഴ്സിംഗ്, ഹോമിയോ നേഴ്സിംഗ് പാസ്സായവരെ ഉൾപ്പെടുത്തുന്നതു സംബന്ധിച്ച് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ആയുഷ് മിഷൻ ഡയറക്ടറെ ചുമതലപ്പെടുത്തി. ഈ കോഴ്സുകളുടെ കാലാവധി എത്രയാണ്, ഈ കോഴ്സുകൾ പാസ്സായവരെ ജില്ലയിൽ ഏതൊക്കെ സ്ഥാപനത്തിലാണ് പരിശീലനത്തിനായി നിയമിക്കുന്നത് എന്നതു സംബന്ധിച്ചും റിപ്പോർട്ടിൽ വിവരങ്ങൾ ഉൾപ്പെടുത്തണം.

**<u>06.03.2024 ന നൽകിയ റിപ്പോർട്ട്</u>**-ഡയറക്ടർ ഓഫ് ആയുർവേദ എഡ്യുക്കേഷൻ നടത്തുന്ന ഒരു വർഷം ദൈർഘ്യമുള്ള ആയുർവേദിക് നേഴ്സ് ട്രെയിനിംഗ് കോഴ്സ് പാസ്സായവരെയും 4 വർഷം ദൈർഘ്യമുള്ള ബി.എസ്.സി. നേഴ്സിംഗ് കോഴ്സ് (ആയുർവേദ) പാസ്സായവരെയും ആയുർവേദ നേഴ്സിംഗ് അപ്രന്റീസ്ഷിപ്പിനായി നിയമിക്കാവുന്നതാണ്. ഗവ.ഹോമിയോപ്പതി കോളേജ്, തിരുവനന്തപുരം നടത്തുന്ന ഒരു വർഷം ദൈർഘ്യമുള്ള നേഴ്സ് കം ഫാർമസിസ്റ്റ് കോഴ്സ് പാസ്സായവരെ ഹോമിയോ നേഴ്സിംഗ് അപ്രന്റീസ്ഷിപ്പിനായി ഉൾപ്പെടുത്താവുന്നതാണ്

**തീരുമാനം:-** പൊതു തീരുമാനം ഖണ്ഡിക 3.1 ബാധകമാണ്.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ (ഡി.എ)വകുപ്പ്** |

**<u>2.1 ഖണ്ഡിക 4.38</u>**

**<u>കുറ്റിക്കോൽ ഗ്രാമപഞ്ചായത്ത്</u>**

**കാസർഗോഡ് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 14.08.2023 ലെ കത്തും കുറ്റിക്കോൽ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 27.06.2023 ലെ 4(1)-ാം നമ്പർ തീരുമാനവും (SRG/ 1167/23 - CC/493/23).**

**വിഷയം:-** ലൈഫ് ഭവനപദ്ധതിയിൽ ഗുണഭോക്താക്കളെ ഉൾപ്പെടുത്തുന്നതു സംബന്ധിച്ച്.

കുറ്റിക്കോൽ ഗ്രാമപഞ്ചായത്തിലെ താഴെ പറയുന്ന നാല്വ ഗുണഭോക്താക്കൾ യഥാസമയം ലൈഫ് ഭവന പദ്ധതിക്കായി അപേക്ഷ നൽകിയിരുന്നില്ല. ഈ വിഷയം 27.05.2023 ൽ നടന്ന 'കരുതലും കൈത്താങ്ങും' പരാതി പരിഹാര അദാലത്തിൽ വന്നിരുന്നു. അദാലത്തിൽ പരിഗണിച്ച വിഷയം എന്ന നിലയിൽ ഇവരെ ലൈഫ് ഭവനപദ്ധതിയുടെ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടുത്തണമെന്നതു സംബന്ധിച്ച്

1) ശ്രീ മോഹൻ.കെ, പുളുവിഞ്ചി വീട്, കരിവേടകം
2) ശ്രീമതി ഓമന.സി, കക്കച്ചാൽ, ബന്തടുക്ക
3) ശ്രീ ശങ്കരൻ, കക്കച്ചാൽ ഹൗസ്, ബന്തടുക്ക
4) ശ്രീമതി രോഹിണി. എച്ച്, കക്കച്ചാൽ ഹൗസ്, ബന്തടുക്ക

**26.09.2023-ലെ തീരുമാനം :-** ഇവരുടെ അർഹത സംബന്ധിച്ച് പരിശോധിച്ച റിപ്പോർട്ട് നൽകാൻ ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ ചുമതലപ്പെടുത്തിയ പ്രകാരം റിപ്പോർട്ട് നൽകി.

**14.11.2023-ന് നൽകിയ റിപ്പോർട്ട് :-** കുറ്റിക്കോൽ ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ മുകളിൽ പറഞ്ഞവരുടെ വീടുകൾ പരിശോധിച്ച് നിലവിൽ വാസയോഗ്യമല്ലായെന്ന് സാക്ഷ്യപത്രം ലഭ്യമാക്കുന്ന മുറയ്ക്ക് ലൈഫ് മാനദണ്ഡ പ്രകാരം ഈ കുടുംബങ്ങളെ ലൈഫ് 2022 ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നത് പരിഗണിക്കാവുന്നതാണ്.

**14.11.2023-ലെ തീരുമാനം:-** ഇതനുസരിച്ച് തുടർനടപടി സ്വീകരിച്ച് റിപ്പോർട്ട് നൽകാൻ ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ ചുമതലപ്പെടുത്തിയ പ്രകാരം റിപ്പോർട്ട് നൽകി.

**06.03.2024ന നൽകിയ റിപ്പോർട്ട് –** മുകളിൽ പറഞ്ഞ നാലു പേർക്കും വാസയോഗ്യമായ വീടില്ല എന്ന് ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. അതിനാൽ ഇവർക്ക് വീട് അനുവദിക്കുന്നത് പരിഗണിക്കാവുന്നതാണ്.

**തീരുമാനം:-** ഈ ഗുണഭോക്താക്കൾ ലൈഫ് ഭവന പദ്ധതിയിൽ അപേക്ഷ നൽകിയിരുന്നില്ല എന്നു യോഗം നിരീക്ഷിച്ചു. ഇതടക്കം വിഷയം ഒന്നുകൂടി പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറോട് നിർദ്ദേശിച്ചു.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | 1) **ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ തദ്ദേശസ്വയംഭരണ (ഡി.ഇ)വകുപ്പ്** |

## 2.2 കോഓർഡിനേഷൻ കമ്മിറ്റിയുടെ 26.10.2023-ലെ യോഗ തീരുമാനപ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ

**2.2 ഖണ്ഡിക 4.3**

**വേങ്ങര ഗ്രാമപഞ്ചായത്ത്**

**വേങ്ങര ഗ്രാമപഞ്ചായത്ത് 17-ാം വാർഡു മെമ്പറുടെ കത്തും വേങ്ങര ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 26.04.2023 ലെ 10(1)-ാം നമ്പർ തീരുമാനവും മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 10.07.2023 ലെ കത്തും** (SRG/ 948/23, CC-433/23, SRG/ 965/23)

**വിഷയം:-** കുടിവെള്ള പൈപ്പ ലൈൻ നീട്ടുന്നതു സംബന്ധിച്ച്

വേങ്ങര ഗ്രാമപഞ്ചായത്തിൽ നിലവിൽ തട്ടാഞ്ചേരി കുടിവെള്ള പദ്ധതിയുണ്ട്. ഈ പദ്ധതിയിൽ നിന്ന് പൈപ്പ് ലൈൻ നീട്ടി കൂടുതൽ കുടുംബത്തിന് പൈപ്പ കണക്ഷൻ നൽകാൻ ഉദ്ദേശിക്കുന്നു. പൈപ്പ് ലൈൻ നീട്ടാനും പുതിയ പൈപ്പകണക്ഷൻ നൽകാനുമായി 10.00 ലക്ഷം രൂപയുടെ പ്രോജക്ട് ഏറ്റെടുക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**26.10.2023-ലെ തീരുമാനം :-** പൈപ്പ് ലൈൻ നീട്ടാൻ ഇപ്പോൾ ഉദ്ദേശിച്ചിരിക്കുന്ന പ്രദേശത്ത് ജലജീവൻ പദ്ധതി നടപ്പാക്കുന്നുണ്ടോ എന്നും പൈപ്പലൈൻ നീട്ടുന്നതിന് ജലസ്രോതസ്സ് ഉണ്ടോ എന്നതടക്കമുള്ള ഫീസിബിലിറ്റിയും പരിശോധിച്ച് റിപ്പോർട്ട് നൽകാൻ KWA ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയ പ്രകാരം റിപ്പോർട്ട് നൽകി.

**06.03.2024 ന നൽകിയ റിപ്പോർട്ട് :-** വേങ്ങര ഗ്രാമപഞ്ചായത്തിൽ 17-ാം വാർഡിൽ മൈനോറിറ്റി ഫണ്ട് ഉപയോഗിച്ച് KWA നടപ്പാക്കുന്ന പദ്ധതിയാണ് തട്ടാഞ്ചേരി കുടിവെള്ള പദ്ധതി. ഈ പദ്ധതിയിലൂടെ 50 ഗാർഹിക കണക്ഷൻ നൽകിയിട്ടുണ്ട്. ഇതോടൊപ്പം ഈ പ്രദേശത്ത് 40 കണക്ഷൻ കൂടി നൽകണം. ഇതിനായി 100 മീറ്റർ പൈപ്പ് ലൈൻ സ്ഥാപിക്കണം. പദ്ധതിയുടെ കിണറിനു സമീപം റഗുലേറ്റർ ഉള്ളതിനാൽ വർഷം മുഴുവൻ ജലലഭ്യത ഉറപ്പാണെന്നും പൈപ്പ് ലൈൻ നീട്ടൽ ഫീസിബിൾ ആണെന്നും അറിയിച്ചിട്ടുണ്ട്.

**തീരുമാനം:-** KWA ചീഫ് എഞ്ചിനീയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രോജക്ട് ഏറ്റെടുക്കാൻ അനുമതി നൽകുന്നു. പ്രോജക്ട് തയ്യാറാക്കി ജില്ലാ ആസൂത്രണസമിതിക്ക് നൽകാൻ നിർദ്ദേശിക്കുന്നു.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്** |

**2.2 ഖണ്ഡിക 4.5**

**കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്ത്**

**കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 24.07.2023 ലെ കത്തും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 08.08.2023 ലെ LSGD/BOKHD (KSD)/36/2023 -ാം നമ്പർ കത്തും (SRG/ 1093/23).**

**വിഷയം:-** മാലിന്യ സംസ്കരണവും മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതും സംബന്ധിച്ച്

| | | |
|---|---|---|
| ***പ്രോ.നം:*** *76/24* | ***അടങ്കൽ*** | ***23,85,914 രൂപ*** |
| | *ശുചിത്വമിഷൻ വിഹിതം* | ***18,85,914 രൂപ*** |
| | *സി.എഫ്.സി റ്റൈഡ് ഗ്രാന്റ്* | ***5,00,000 രൂപ*** |
| ***പേര്*** | **RRF ലേക്ക് ആവശ്യമായ യന്ത്രങ്ങൾ വാങ്ങുന്നത് സംബന്ധിച്ച്.** | |

കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്തിലെ അഞ്ചു ഗ്രാമപഞ്ചായത്തുകളിൽ നിന്നും അജൈവ മാലിന്യങ്ങൾ ശേഖരിച്ച് പള്ളിക്കര ഗ്രാമപഞ്ചായത്തിലെ വെളുത്തോളി റിസോഴ്സ് റിക്കവറി ഫെസിലിറ്റി സെന്ററിൽ ശേഖരിക്കാനും മാലിന്യ സംസ്കരണത്തിനുമാണ് പ്രോജക്ട്. ഇവിടെ 2022-23 ൽ RRF കെട്ടിട നിർമ്മാണവും അനുബന്ധ സൗകര്യങ്ങളും പൂർത്തീകരിച്ചിട്ടുണ്ട്. ഒപ്പം ഇങ്ങനെ ശേഖരിക്കുന്ന മാലിന്യങ്ങളിൽ നിന്നും പി.വി.സി പൈപ്പുപോലുള്ള മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിച്ച് വരുമാനദായക പദ്ധതിയായി വിപുലീകരിക്കാൻ ഉദ്ദേശിക്കുന്നു. ഇതിനായി യന്ത്രസാമഗ്രികൾ വാങ്ങുന്നതിനാണ് പ്രോജക്ട്. ഇതിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്

**26.10.2023-ലെ തീരുമാനം :-** ഈ പ്രോജക്ടിന്റെ സാങ്കേതിക -സാമ്പത്തിക സാധ്യത പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തിയ പ്രകാരം റിപ്പോർട്ട് നൽകി.

**06.03.2024 ന നൽകിയ റിപ്പോർട്ട് :-** ഈ പ്രോജക്ട് നടപ്പാക്കാൻ കേരള സ്റ്റേറ്റ് പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ അനുമതിയോടെ EPR (Extended Producer Responsibility) പോർട്ടലിൽ PWP(Plastic Waste Processors) ആയി ബ്ലോക്ക് പഞ്ചായത്ത് രജിസ്റ്റർ ചെയ്യണം. പ്ലാന്റിനു സ്ഥാപിക്കാനുദ്ദേശിക്കുന്ന യന്ത്രങ്ങളുടെ സാങ്കേതിക പരിശോധന ജില്ലാതല സാങ്കേതിക സമിതിയാണ് ( 19.08.2023ലെ 1688/23/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരമുള്ളത് ) നടത്തേണ്ടത്.

**തീരുമാനം:-** ഈ പ്രോജക്ടിന്റെ സാങ്കേതിക സാമ്പത്തിക ഫീസിബിലിറ്റിയും സുസ്ഥിരതയും പരിശോധിച്ച് റിപ്പോർട്ട് നൽകാനാണ് 26.10.2023-ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗം നിർദ്ദേശിച്ചത്. ശുചിത്വ മിഷൻ നൽകിയ റിപ്പോർട്ടിൽ ഇത്തരം കാര്യങ്ങൾ ഇല്ല. കോഓർഡിനേഷൻ കമ്മിറ്റി ആവശ്യപ്പെട്ട വിവരങ്ങൾ പരിശോധിച്ച് റിപ്പോർട്ട് നൽകാൻ നിർദ്ദേശിക്കുന്നു.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1) എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ<br>2)തദ്ദേശസ്വയംഭരണ(ഡബ്ല്യു.എം) വകുപ്പ്** |

**2.2 ഖണ്ഡിക 4.6**

**ആര്യനാട് ഗ്രാമപഞ്ചായത്ത്**

**തിരുവനന്തപുരം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 25.07.2023 ലെ കത്തുകൾ (2എണ്ണം) ആര്യനാട് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 30.06.2023 ലെ 1(10)-ാം നമ്പർ തീരുമാനവും (SRG/ 1034/23 - CC/478/23).**

**വിഷയം:–** ഹരിതകർമ്മസേനയെ ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച്.

| *പ്രോ.നം:* 187/23 | ***അടങ്കൽ*** | ***50,000 രൂപ*** *(തനത് ഫണ്ട്)* |
|---|---|---|
| ***പേര്*** | **ഹരിതകർമ്മസേനയ്ക്ക് ഇൻഷ്വറൻസ്** | |

ഹരിതകർമ്മസേനാംഗങ്ങൾ അപകടകരമായ ജോലിയാണ് ചെയ്യുന്നത് എന്നതിനാൽ അവർക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകാനുള്ള ഈ പ്രോജക്റ്റിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്

**<u>26.10.2023–ലെ തീരുമാനം :–</u>** ഇത് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തിയ പ്രകാരം റിപ്പോർട്ട് നൽകി.

**<u>06.03.2024 ന നൽകിയ റിപ്പോർട്ട്</u> :–**ഒരു ഹരിതകർമ്മസേനാംഗത്തിന് വാർഷിക പ്രീമിയം 1394 രൂപയാണ്. ഇതിൽ 50 ശതമാനം കുടുംബശ്രീ അടയ്ക്കും. ബാക്കി തുക ഹരിതകർമ്മസേന കൺസോർഷ്യത്തിൽ നിന്ന് അടയ്ക്കാവുന്നതാണെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൺസോർഷ്യത്തിൽ ആവശ്യത്തിന് ഫണ്ട് ഉണ്ട്.

**തീരുമാനം:–** കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ അറിയിച്ചതുപോലെ ഹരിതകർമ്മ സേന കൺസോർഷ്യത്തിൽ നിന്ന് ബാക്കി തുക നൽകാൻ അനുമതി നൽകുന്നു. ഗ്രാമപഞ്ചായത്ത് വിഹിതം ഇതിന് ഉപയോഗിക്കാവുന്നതല്ല

| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ(ഡബ്ല്യു.എം) വകുപ്പ്** |
|---|---|

**<u>2.2 ഖണ്ഡിക 4.17</u>**

**<u>കൊയിലാണ്ടി നഗരസഭ</u>**

**കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 31.07.2023 ലെ കത്തും കൊയിലാണ്ടി നഗരസഭ സെക്രട്ടറിയുടെ 28.02.2023, 10.07.2023 എന്നീ തീയതികളിലെ PWI-3680/ 2023–ാം നമ്പർ കത്തുകളും (2 എണ്ണം) അനുബന്ധരേഖകളും (SRG/ 1059/23 - CC/277/23)**

**വിഷയം:–** 2018–ലെ പ്രളയ സമയത്ത് തകർന്ന റോഡുകളുടെ പുനർനിർമ്മാണ ത്തിന്റെ ബിൽ തുക നൽകുന്നതു സംബന്ധിച്ച്.

കൊയിലാണ്ടി നഗരസഭയിൽ 2018 ലെ പ്രളയത്തിൽ തകർന്ന വിവിധങ്ങളായ 16 ആസ്തികളുടെ പുനരുദ്ധാരണ പ്രവൃത്തികൾ ചെയ്തു. നഗരസഭാ കൗൺസിലർമാർ ആവശ്യപ്പെട്ട പ്രകാരമാണ് ഈ പ്രവൃത്തികൾ ചെയ്തത്. പ്രവൃത്തികൾ ചെയ്തതിനുശേഷമാണ് ഇതിനായി പ്രോജക്റ്റ് തയ്യാറാക്കി ജില്ലാ ആസൂത്രണ സമിതിക്ക് നൽകിയത്. സാങ്കേതികാനുമതി, ടെണ്ടർ തുടങ്ങിയ നടപടി ക്രമങ്ങൾ നഗരസഭ പാലിച്ചില്ല. അതിനാൽ കരാറുകാർക്ക് തുക അനുവദിക്കാൻ കഴിയുന്നില്ല. ഈ പ്രവൃത്തികളുടെ വാല്യുവേഷന്റെ അടിസ്ഥാനത്തിൽ ബിൽ തുക നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്. റോഡുകളുടെ പേരും വാല്യുവേഷൻ തുകയും താഴെ ചേർത്തിരിക്കുന്നു.

| **ക്രമ നമ്പർ** | **പ്രവൃത്തികളുടെ പേര്** | **വാല്യുവേഷൻ തുക** |
|---|---|---|
| 1 | നഗരസഭ വരാന്തഭാഗം നവീകരണം | 3,99,808 രൂപ |
| 2 | നരനിറങ്ങി ഫുട് പാത്ത് ബാക്കി ഭാഗം നിർമ്മാണം | 1,99,324 രൂപ |
| 3 | നെല്ലൂളി താഴെ അങ്കണവാടി ഫുട്പാത്ത് നിർമ്മാണം | 3,19,831 രൂപ |
| 4 | ചെനിയേരി അങ്കണവാടി ഫുട്പാത്ത് നിർമ്മാണം | 2,72,551 രൂപ |
| 5 | GMVHSS നവീകരണം | 4,89,914 രൂപ |
| 6 | ചൂരോളിക്കുനി ഫുട്പാത്ത് ഡ്രെയിനേജ് വാർഡ് 30 | 4,99,940 രൂപ |

| | | |
|---|---|---|
| 7 | പന്തലായനി വിയ്യൂർ റോഡ് | 2,99,845 രൂപ |
| 8 | കന്മനിലം റോഡ് | 3,99,583 രൂപ |
| 9 | കുറുവങ്ങാട് പോസ്റ്റ് ഓഫീസ് സെൻട്രൽ സ്കൂൾ റോഡ് | 6,26,374 രൂപ |
| 10 | മാവിൻചുവട് മണക്കുളങ്ങര റോഡ് | 4,99,511 രൂപ |
| 11 | അണേല ഐ.റ്റി.ഐ റോഡ് ടാറിംഗ് | 4,99,897 രൂപ |
| 12 | കുന്ന്യോറമല ഫുട് പാത്ത് | 4,22,205 രൂപ |
| 13 | കാഞ്ഞിരക്കണ്ടി റോഡ് 2–ാം ഘട്ടം | 1,96,846 രൂപ |
| 14 | വരകുന്ന് വനിതാ പരിശീലന കേന്ദ്രം നവീകരണം | 4,99,940 രൂപ |
| 15 | വരകുന്ന് വനിതാ പരിശീലന കേന്ദ്രം ചുറ്റമതിൽ | 4,98,620 രൂപ |
| 16 | ചെറിയ പറമ്പത്ത് റോഡ് ടാറിംഗ് | 1,44,745 രൂപ |
| | ആകെ | 62,73,934 |

**26.10.2023–ലെ തീരുമാനം :–1)** നടപടിക്രമങ്ങൾ ഒന്നും പാലിക്കാതെയും നഗരസഭാ തീരുമാനമില്ലാതെയും നഗരസഭാ കൗൺസിലർമാർ ആവശ്യപ്പെട്ട പ്രകാരം ആകെ 62,73,934 രൂപയുടെ പ്രവൃത്തികൾ ചെയ്തത് ഗുരുതര വീഴ്ചയാണ് എന്ന് യോഗം വിലയിരുത്തി.

**2)** ഇതു പരിശോധിച്ച് റിപ്പോർട്ട് നൽകാൻ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയ പ്രകാരം റിപ്പോർട്ട് നൽകി.

**<u>06.03.2024 ന നൽകിയ റിപ്പോർട്ട്:–</u>** ഓരോ പ്രവൃത്തിയുടെയും **DSR 2016 C1 37.25%** നിരക്കിൽ **CP** ഒഴിവാക്കി കൊയിലാണ്ടി മുനിസിപ്പൽ അസിസ്റ്റന്റ് എഞ്ചിനീയർ തയ്യാറാക്കിയ വാല്യുവേഷൻ റിപ്പോർട്ട് നൽകിയിട്ടുണ്ട്. വാല്യുവേഷൻ റിപ്പോർട്ട് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. പ്രവൃത്തിയുടെ പേരും വാല്യുവേഷൻ തുകയും താഴെ ചേർക്കുന്നു. ഈ പ്രവൃത്തികളുടെ ക്വാളിറ്റി ടെസ്റ്റ് നടത്തി ഗുണനിലവാരം എക്സിക്യൂട്ടീവ് എഞ്ചിനീയർ ഉറപ്പ് വരുത്തി വാല്യുവേഷൻ തുക നൽകാവുന്നതാണെന്ന് ചീഫ് എഞ്ചിനീയർ ശുപാർശ ചെയ്തിട്ടുണ്ട്.

| ക്രമ നമ്പർ | പ്രവൃത്തികളുടെ പേര് | വാല്യുവേഷൻ തുക (രൂപ) |
|---|---|---|
| 1 | നഗരസഭ വരാന്തഭാഗം നവീകരണം | 3,69,920.67 |
| 2 | നരനിറങ്ങി ഫുട് പാത്ത് ബാക്കി ഭാഗം നിർമ്മാണം | 1,79,892.00 |
| 3 | നെല്ലുളി താഴെ അങ്കണവാടി ഫുട്പാത്ത് നിർമ്മാണം | 2,89,157.00 |
| 4 | ചെനിയേരി അങ്കണവാടി ഫുട്പാത്ത് നിർമ്മാണം | 2,42,099.00 |
| 5 | GMVHSS നവീകരണം | 4,57,962.58 |
| 6 | ചൂരോളിക്കുനി ഫുട്പാത്ത് ഡ്രെയിനേജ് വാർഡ് 30 | 4,51,346.09 |
| 7 | പന്തലായനി വിയ്യൂർ റോഡ് | 2,86,289.80 |
| 8 | കന്മനിലം റോഡ് | 3,54,808.85 |
| 9 | കുറുവങ്ങാട് പോസ്റ്റ് ഓഫീസ് സെൻട്രൽ സ്കൂൾ റോഡ് | 5,65,693.00 |
| 10 | മാവിൻചുവട് മണക്കുളങ്ങര റോഡ് | 4,50,941.55 |
| 11 | അണേല ഐ.റ്റി.ഐ റോഡ് ടാറിംഗ് | 4,64,503.16 |
| 12 | കുന്ന്യോറമല ഫുട് പാത്ത് | 3,81,210.81 |
| 13 | കാഞ്ഞിരക്കണ്ടി റോഡ് 2–ാം ഘട്ടം | 1,78,134.00 |
| 14 | വരകുന്ന് വനിതാ പരിശീലന കേന്ദ്രം നവീകരണം | 4,51,193.68 |
| 15 | വരകുന്ന് വനിതാ പരിശീലന കേന്ദ്രം ചുറ്റമതിൽ | 4,61,946.00 |
| 16 | ചെറിയ പറമ്പത്ത് റോഡ് ടാറിംഗ് | 1,36,949.68 |

**തീരുമാനം:-** **1)** പ്രളയ സമയത്ത് ചെയ്ത പ്രവൃത്തി എന്നതു പരിഗണിച്ച്, ചീഫ് എഞ്ചിനീയർ ശുപാർശ ചെയ്ത പ്രകാരം പ്രവൃത്തികളുടെ ഗുണനിലവാരം ക്വാളിറ്റി ടെസ്റ്റ് നടത്തി എക്സിക്യൂട്ടീവ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തണമെന്ന നിർദ്ദേശത്തോടെ വാല്യുവേഷൻ പ്രകാരമുള്ള തുക നൽകാൻ അനുമതി നൽകുന്നു.

**2)** എന്നാൽ നടപടിക്രമങ്ങളിലെ ഇത്തരം വീഴ്ചകൾ ഇനി ഒരിക്കലും ആവർത്തിക്കരുതെന്ന് കർശനമായി നിർദ്ദേശിക്കുന്നു.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്** |

**2.2 ഖണ്ഡിക 4.18**

**വട്ടവട ഗ്രാമപഞ്ചായത്ത്**

**തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 22.06.2023 ലെ LSGD/PD/42807/ 2023/DPLAI നമ്പർ കത്തും വട്ടവട ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 06.06.2023 ലെ DGPM09/GPO/23/856-ാം നമ്പർ കത്തും (SRG/918/23).**

**വിഷയം:-** വട്ടവട ഗ്രാമപഞ്ചായത്തിൽ നിർമ്മാണ പ്രവൃത്തികൾക്ക് അധിക നിരക്ക് നിശ്ചയിക്കണമെന്നതു സംബന്ധിച്ച്.

വട്ടവട ഗ്രാമപഞ്ചായത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾക്ക് നിലവിൽ മൂന്നാർ കോസ്റ്റ് ഇൻഡക്സിന്റെ അടിസ്ഥാനത്തിൽ 10 ശതമാനം അധികനിരക്കിലാണ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നത്. നിർമ്മാണ സാമഗ്രികൾ ഇവിടെയെത്താൻ ദൂരകൂടുതലുള്ളതു കൊണ്ട് 20 ശതമാനമെങ്കിലും അധിക നിരക്ക് ലഭ്യമായെങ്കിൽ മാത്രമേ കരാറുകാർ പ്രവൃത്തി ഏറ്റെടുക്കാൻ തയ്യാറാവൂ എന്നറിയിച്ചിരിക്കുന്നു. അതിനാൽ വട്ടവട ഗ്രാമപഞ്ചായത്തിന് തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയർ പ്രത്യേകം കോസ്റ്റ് ഇൻഡക്സ് നിശ്ചയിച്ച് നൽകണമെന്നതു സംബന്ധിച്ച്

**26.10.2023-ലെ തീരുമാനം :-** ഈ പ്രദേശത്തെ മാർക്കറ്റ് നിരക്ക് കൂടി പരിശോധിച്ച് റിപ്പോർട്ട് നൽകാൻ തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയ പ്രകാരം റിപ്പോർട്ട് നൽകി

**06.03.2024 ന നൽകിയ റിപ്പോർട്ട് :-** നിലവിൽ മൂന്നാർ കോസ്റ്റ് ഇൻഡക്സ് പ്രകാരം തയ്യാറാക്കുന്ന എസ്റ്റിമേറ്റ് റേറ്റിനേക്കാൾ 30 മുതൽ 50 ശതമാനം വരെ അധികമാണ് കോവിലൂരിലെ (വട്ടവട) റേറ്റ്. ദേവികുളം ബ്ലോക്കിന്റെ പരിധിയിൽ വരുന്ന വട്ടവട ഗ്രാമപഞ്ചായത്തിലെ നിലവിലെ സാഹചര്യം കണക്കിലെടുത്ത് വട്ടവട ഗ്രാമപഞ്ചായത്തിലെ നിർമ്മാണ പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ താഴെപ്പറയുന്ന പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള നിർമ്മാണ സാമഗ്രികൾക്ക് ബേസിക് മെറ്റീരിയൽ കോസ്റ്റിന്റെ 20 ശതമാനം അഡീഷണൽ കൺവേയൻസ് എന്ന നിലയിൽ **Observed Data** യിൽ ഉൾക്കൊള്ളിക്കുന്നത് പരിഗണിക്കാവുന്നതാണ്.

Comparison of Rates at Koviloor, Vattavada

| Sl No | Item Code | Item | Unit | DSR 2018 Rate (inclussing of carriage) | DSR Rate with cost index of Munnar@ 39.83 (In Rs)(a) | Current Market Rate at Koviloor (In Rs) (b) | Current Marker Rate Devikulam (c) | % Excess of (B) above (a) |
|---|---|---|---|---|---|---|---|---|
| 1 | 367+2209 | Cement | Tonne | 5032.24 | 7036.58 | 9600 | 9000 | 36.43 |
| 2 | 982+2203 | Sand | Cum | 1453.77 | 2023.81 | 3178 | 3780 | 56.34 |
| 3 | 0293+2206 | 40 MM Metal | Cum | 1412.79 | 1975.5 | 3107.72 | 2894 | 57.31 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 4 | 0295+2202 | 20 MM Metal | Cum | 1453.77 | 2032.81 | 3001.77 | 2750 | 47.67 |
| 5 | 0297+2202 | 10 MM Metal | Cum | 1453.77 | 2032.81 | 3107.72 | 2986 | 52.88 |
| 6 | MR1 | 8 inch Solid Block 40x20x20 | Each | 48 | 48 | 70 | 48 | 45.83 |
| 7 | MR 4 | 6 inch Solid Block 40x20x15 | Each | 35 | 35 | 56 | 35 | 60 |
| 8 | MR 5 | 4 inch Solid Block 40x20x15 | Each | 26 | 18 | 45 | 26 | 73.08 |
| 9 | MR | GI Sheet | Sqm | 367 | 367 | 465 | 367 | 26.7 |
| 10 | 1549+2205 | GI -Pipe-40 MM Dia | Kg | 68.13 | 95.27 | 99 | 95.41 | 3.92 |
| 11 | 1005+2205 | Tmt bar | Kg | 46.09 | 64.15 | 90 | 80 | 39.64 |

**തീരുമാനം:-** ഇതിന്മേൽ ചീഫ് ടെക്നിക്കൽ എക്സാമിനറുടെ അഭിപ്രായം കൂടി തേടി റിപ്പോർട്ട് നൽകാൻ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1) ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്<br>2)തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്** |

**3. പൊതുവിഷയം**
================

**3.1 അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് പരിശീലനം**

സർക്കാരിന്റെ 28.05.2022-ലെ 115/2022/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരമുള്ള സബ്സിഡി - ധനസഹായ മാർഗ്ഗരേഖ (ഖണ്ഡിക 7.2.22) പ്രകാരം അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് പ്രവൃത്തി പരിചയം നേടുന്നതിന് സർക്കാർ സ്ഥാപനങ്ങളിൽ പരിശീലനം നൽകാം. പരിശീലന കാലഘട്ടത്തിൽ സ്റ്റൈപന്റ് നൽകാൻ മാർഗ്ഗരേഖ പ്രകാരം അനുമതിയുണ്ട്. മാർഗ്ഗരേഖയിൽ പറയുന്ന കോഴ്സുകൾക്കൊപ്പം നാലു വർഷം ദൈർഘ്യമുള്ള ബി.എസ്.സി. നേഴ്സിംഗ് (ആയുർവേദ) പാസ്സായവരെയും സർക്കാർ ആശുപത്രികളിൽ ആയുർവേദ നേഴ്സിംഗ് പരിശീലനത്തിന് നിയോഗിക്കാവുന്നതാണ്. ഇവർക്ക് മാർഗ്ഗരേഖ പ്രകാരമുള്ള പരിശീലന കാലയളവിൽ പ്രതിമാസം 10,000 രൂപ സ്റ്റൈപന്റ് നൽകാവുന്നതാണ്. മാർഗ്ഗരേഖയിലെ മറ്റു മാനദണ്ഡങ്ങൾ പാലിക്കേണ്ടതാണ്. മാർഗ്ഗരേഖയിൽ ഇതു കൂട്ടി ചേർക്കാൻ തീരുമാനിച്ചു.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്** |

**3.2 ലൈഫ് ഭവന പദ്ധതി**

ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി വീടു നിർമ്മിച്ചു നൽകാൻ സർക്കാരിന്റെ 'കരുതലും കൈതാങ്ങും,' 'നവകേരള സദസ്സ്' എന്നിവയിൽ ധാരാളം അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇങ്ങനെ ലഭിച്ച അപേക്ഷയുടെ അടിസ്ഥാനത്തിൽ വീടു നൽകുന്നതിന് കോഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതിയ്ക്കായി തദ്ദേശഭരണസ്ഥാപനങ്ങൾ കത്തു നൽകുന്നുണ്ട്. ഇത്തരം അപേക്ഷകളിൽ പ്രത്യേക/അടിയന്തിര പരിഗണനാ ഘടകങ്ങൾ ഇല്ലായെങ്കിൽ തദ്ദേശഭരണസ്ഥാപനങ്ങൾ ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ പരിഗണനക്കാണ് നൽകേണ്ടത്. ഇതിന്മേൽ ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ പരിശോധനയ്ക്ക്ശേഷം മാത്രം കോഓർഡിനേഷൻ കമ്മിറ്റിയുടെ അജണ്ടയിൽ ഉൾപ്പെടുത്തിയാൽ മതിയെന്നു തീരുമാനിച്ചു.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ്** |

### 3.3 ലൈഫ് ഭവന പദ്ധതി

ലൈഫ് ഭവന പദ്ധതി ലിസ്റ്റ പ്രകാരം വീട്ടു നൽകുമ്പോൾ അതിദരിദ്ര ലിസ്റ്റിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് ആദ്യ മുൻഗണന നൽകിയതിനുശേഷമെ മറ്റു ഗുണഭോക്താക്കളെ പരിഗണിക്കാവൂ എന്നു തീരുമാനിച്ചു.

| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ് |
|---|---|

### 3.4 വിദ്യാർത്ഥികൾക്ക് ലാപ് ടോപ്

സർക്കാരിന്റെ 28.05.2022 ലെ 115/2022/തസ്വഭവ നമ്പർ ഉത്തരവു പ്രകാരമുള്ള സബ്സിഡി – ധനസഹായ മാർഗ്ഗരേഖ 7.2.7 പ്രകാരം പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് ലാപ് ടോപ് നൽകാവുന്നതാണ്. ഏതൊക്കെ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്കാണ് ലാപ് ടോപ് നൽകാവുന്നതെന്ന് മുകളിൽ പറഞ്ഞ ഖണ്ഡികയിൽ പ്രതിപാദിക്കുന്നുണ്ട്. മാർഗ്ഗരേഖയിൽ പറയുന്ന സ്ഥാപനങ്ങളിൽ ചേർന്നിട്ടുള്ള മുഴുവൻ സമയ ഗവേഷണം നടത്തുന്ന പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾക്കും ലാപ് ടോപ് നൽകാവുന്നതാണ്. ഇത് മാർഗ്ഗരേഖയിൽ കൂട്ടി ചേർക്കാൻ തീരുമാനിച്ചു

| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |
|---|---|

### 3.5 മത്സ്യബന്ധനത്തിന് ഗിൽനെറ്റ്

സർക്കാരിന്റെ 28.05.2022 ലെ 115/2022/തസ്വഭവ നമ്പർ ഉത്തരവു പ്രകാരമുള്ള സബ്സിഡി – ധനസഹായമാർഗ്ഗരേഖ ഖണ്ഡിക 6.4(A)2 പ്രകാരം പരമ്പരാഗത ചെറിയ തടി വള്ളത്തിനും കട്ടമരത്തിനും ഗിൽനെറ്റ നൽകാൻ അനുമതിയുണ്ട്. തടിവള്ളത്തിനും കട്ടമരത്തിനും ഗിൽനെറ്റ് നൽകുന്നതുപോലെ ഫൈബർ വള്ളത്തിനും ഗിൽനെറ്റ് നൽകാൻ അനുമതി നൽകുന്നു. മാർഗ്ഗരേഖയിൽ പറയും പ്രകാരം യൂണിറ്റ് വിലയായ 20000 രൂപയുടെ 75 ശതമാനം (പരമാവധി 15,000 രൂപ) സബ്സിഡി നൽകാം. മാർഗ്ഗരേഖയിൽ പറയുന്ന മറ്റു മാനദണ്ഡങ്ങൾ പാലിക്കേണ്ടതാണ്. ഇതു മാർഗ്ഗരേഖയിൽ കൂട്ടി ചേർക്കാൻ തീരുമാനിച്ചു.

| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |
|---|---|

## 4. പ്രത്യേക വിഷയം

### 4.1 ഇടുക്കി ജില്ലാ പഞ്ചായത്ത്

**ഇടുക്കി ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 21.12.2023, 19.12.2023 എന്നീ തീയതികളിലെ കത്തും ഇടുക്കി ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ 07.11.2023–ലെ 1(3)–ാം നമ്പർ തീരുമാനവും (SRG/9/24)**

**വിഷയം:–** ഡയാലിസിസിന് ധനസഹായം നൽകുന്നത് സംബന്ധിച്ച്

| *പ്രോ.നം: 239/24* | *അടങ്കൽ* | *50,00,000 രൂപ (വികസനഫണ്ട് – ജനറൽ* |
|---|---|---|
| *പേര്* | *ഡയാലിസിസിനു ധനസഹായം* | |

ഇടുക്കി ജില്ലാ പഞ്ചായത്ത് വൃക്കരോഗികൾക്ക് ഡയാലിസിസിനു ധനസഹായം നൽകുന്നതിന് 2023–24 വർഷം പ്രോജക്ട് ഏറ്റെടുത്തിരുന്നു. ഒരു ഡയാലിസിസിന് 1000 രൂപ വീതം ഒരു മാസം പരമാവധി (4000 രൂപ) ബന്ധപ്പെട്ട ആശുപത്രിക്ക് കൈമാറുന്ന രീതിയിൽ ഈ വർഷം പ്രോജക്ട് നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. ഈ വർഷം 49,12,000 രൂപ

ചെലവഴിച്ചു. ഈ രീതിയിൽ പ്രോജക്ട് നടപ്പാക്കാവുന്നതല്ല എന്ന് ഓഡിറ്റ് ഉദ്യോഗസ്ഥർ അറിയിച്ചതനുസരിച്ച് പ്രോജക്ടിന്റെ നിർവ്വഹണം ജില്ലാ ആശുപത്രി സൂപ്രണ്ട് നിർത്തി വച്ചിരിക്കുകയാണ്. ഈ വർഷം ഇനി 48.00 ലക്ഷം രൂപ കൂടി വിവിധ ആശുപത്രികൾക്ക് നൽകാനുണ്ട്. ഈ വർഷം കൂടി ഇതേ രീതിയിൽ ആവശ്യമായ അധിക തുക വകയിരുത്തി പ്രോജക്ട് നിർവ്വഹണം നടത്താൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** ജില്ലാ പഞ്ചായത്ത് നേരിട്ട് പ്രോജക്ട് നടപ്പാക്കിയത് വീഴ്ചയാണ്. സാമ്പത്തികവർഷാവസാനമായതുകൊണ്ട് ഈ വർഷത്തേയ്ക്ക് മാത്രം ജില്ലാപഞ്ചായത്ത് മുഖേന പ്രോജക്ട് നടപ്പാക്കാൻ അനുമതി നൽകുന്നു. അടുത്ത വർഷം മുതൽ മാർഗ്ഗരേഖയിൽ പറയും പ്രകാരം ഗ്രാമപഞ്ചായത്തിന് വിഹിതം കൈമാറി മാത്രമേ പ്രോജകട് നടപ്പാക്കാവൂ.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്** |

**4.2 <u>കുന്ദമംഗലം ബ്ലോക്ക് പഞ്ചായത്ത്</u>**

**കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 12.10.2023-ലെ കത്തും കോഴിക്കോട് ജില്ലാ മെഡിക്കൽ ഓഫീസറുടെ (H) 17.10.2023-ലെ C1/18423/23 -ാം നമ്പർ കത്തും കുന്ദമംഗലം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 26.09.2023-ലെ 1641/22 -ാം നമ്പർ കത്തും അനുബന്ധരേഖകളും (SRG/1462/2023 - CC/754/2023)**

**വിഷയം:-** കുന്ദമംഗലം ബ്ലോക്ക് പഞ്ചായത്തിന് ലഭിച്ച ഹെൽത്ത് ഗ്രാന്റ് തുക ചെറുപ്പ CHCയ്ക്കായി ഉപയോഗിക്കാൻ അനുമതി സംബന്ധിച്ച്

കുന്ദമംഗലം ബ്ലോക്ക് പഞ്ചായത്തിന് 2022-23 വർഷം 27.57 ലക്ഷം രൂപ ഹെൽത്ത് ഗ്രാന്റായി അനുവദിച്ചിരുന്നു. കുന്ദമംഗലം ബ്ലോക്കിലെ ചെറുവാടി സി.എച്ച്.സിക്ക് തുക അനുവദിക്കുന്നതിന് പകരം മുക്കം സി.എച്ച്.സി.യ്ക്ക് ഉപയോഗിക്കാനാണ് അനുവദിച്ചത്. എന്നാൽ മുക്കം സി.എച്ച്.സി. മുക്കം മുനിസിപ്പാലിറ്റിയുടെ കീഴിലാണ്. കുന്ദമംഗലം ബ്ലോക്ക് പരിധിയിലുള്ള ചെറുപ്പ സാമൂഹികാരോഗ്യ കേന്ദ്രം മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെയും ആരോഗ്യ വകുപ്പിന്റേയും ഇരട്ട നിയന്ത്രണത്തിലുള്ളതായിരുന്നു. ആരോഗ്യ വകുപ്പിന്റെ 19.09.2023 ലെ 2402/2023/H&FWD ഉത്തരവ് പ്രകാരം ചെറുപ്പ സി.എച്ച്.സി.യുടെ ഭരണ നിയന്ത്രണം കുന്ദമംഗലം ബ്ലോക്ക് പഞ്ചായത്തിന് വിട്ടു നൽകിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ മുകളിൽ പറഞ്ഞ 27.57 ലക്ഷം രൂപ ചെറുപ്പ സി.എച്ച്.സി.യ്ക്ക് ഉപയോഗിക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** ചെറുപ്പ സി.എച്ച്.സി.യിലെ സൗകര്യം വളരെ മോശമാണെന്നും അതിനാൽ ഈ തുക ചെറുപ്പ സി.എച്ച്.സി.ക്ക് നൽകുന്നത് പരിഗണിക്കാവുന്നതാണെന്നും ആരോഗ്യ വകുപ്പ് ഡയറക്ടർ യോഗത്തിൽ അറിയിച്ചു. ഈ സാഹചര്യത്തിൽ ചെറുപ്പ സി.എച്ച്.സി.ക്ക് മുകളിൽ പറഞ്ഞ വിഹിതം നൽകുന്നതിന് നടപടി സ്വീകരിക്കാൻ ആരോഗ്യവകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തി.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1) ഡയറക്ടർ, ആരോഗ്യവകുപ്പ്<br>2)തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്** |

**4.3 <u>ഇടുക്കി ജില്ലാ പഞ്ചായത്ത്</u>**

**ഇടുക്കി ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 07.12.2023-ലെ കത്ത് (SRG/1651/2023 - CC/954/23)**

**വിഷയം:-** ജില്ലയിലെ ക്ഷയ രോഗികൾക്ക് പോഷകാഹാരം നൽകുന്നത് സംബന്ധിച്ച്

| *പ്രോ.നം:* 969/24 | ***അടങ്കൽ*** | ***15,00,000 രൂപ (തനത് ഫണ്ട്)*** |
|---|---|---|
| ***പേര്*** | ***TB പേഷ്യന്റ്സിന് പോഷകാഹാര വിതരണം*** | |

ഇടുക്കി ജില്ലയിൽ ക്ഷയരോഗികൾക്ക് പോഷകാഹാര വിതരണം ചെയ്യുന്നതിന് 2021-22-ൽ കോഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതിയോടെ പ്രോജക്ട് നടപ്പാക്കിയിരുന്നു. 2022-23ലും ഈ പ്രോജക്ട് നടപ്പാക്കിയെങ്കിലും മാർഗ്ഗരേഖയിൽ ഇല്ലാത്തതിനാൽ ഓഡിറ്റ് പരാമർശമുണ്ട്. അതിനാൽ ഈ പ്രോജക്ടിന്റെ നിർവ്വഹണം നടത്താൻ സാധ്യമല്ല എന്ന് നിർവ്വഹണ ഉദ്യോഗസ്ഥനായ ജില്ലാ ആശുപത്രി സൂപ്രണ്ട് അറിയിച്ചിട്ടുണ്ട്. 480 ക്ഷയരോഗികൾക്കാണ് പോഷകാഹാരം നൽകേണ്ടത്. ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** ക്ഷയരോഗികൾക്ക് മരുന്നിനോടൊപ്പം പ്രധാനപ്പെട്ടതാണ് പോഷകാഹാരവും എന്നതു കൂടി പരിഗണിച്ച് പ്രത്യേക അനുമതി നൽകുന്നു.

| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ(ഡി.ഇ) വകുപ്പ്** |
|---|---|

### 4.4 <u>ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്ത്</u>

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 02.11.2023-ലെ കത്തും ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 26.10.2023-ലെ A1 - 6680/2022-ാം നമ്പർ കത്തും അനുബന്ധരേഖകളും (SRG/1554/2023 - CC/877/23)**

**വിഷയം:-** ഗ്രാമപഞ്ചായത്തിലെ മാനസിക രോഗികൾക്ക് പരിചരണം നൽകുന്നത് സംബന്ധിച്ച്

| *പ്രോ.നം:* 136/24 | ***അടങ്കൽ*** | ***2,00,000 രൂപ (തനത് ഫണ്ട്)*** |
|---|---|---|
| ***പേര്*** | ***മാനസിക ആരോഗ്യ പരിചരണ പദ്ധതി*** | |

ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്തിൽ ഏകദേശം 210 മാനസിക രോഗികൾ ഉണ്ട്. ഈ രോഗികൾക്ക് ആവശ്യമായ മരുന്ന്, കൗൺസിലിംഗ്, പ്രതിമാസ മീറ്റിംഗുകൾ, ഒരു രോഗിക്ക് ഒരു വോളന്റിയർ, പ്രശ്ന പരിഹാരത്തിന് വാർഡ്തല സമിതികൾ എന്നിവയാണ് പ്രധാന ഘടകങ്ങൾ. ചെലവ് താഴെപ്പറയുന്ന രീതിയിലാണ്. ഗ്രാമപഞ്ചായത്ത് FHC മെഡിക്കൽ ഓഫീസർ മുഖേനയാണ് പ്രോജക്ട് നടപ്പാക്കുന്നത്.

| | | |
|---|---|---|
| 1) | സൈക്യാട്രി ഡോക്ടറുടെ ഓണറേറിയം പ്രതിമാസം 2 ഒ.പി, ദിവസം 3000 രൂപ-ഒരു വർഷം | - 72,000 രൂപ |
| 2) | കൗൺസിലിംഗ് പരിശീലനം | - 50,000 രൂപ |
| 3) | മരുന്ന് | - <u>78,000 രൂപ</u> |
| | **ആകെ** | **2,00,000 രൂപ** |
| | | ============ |

ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** കൗൺസിലിംഗ് പരിശീലനം, മരുന്ന് ഇവ ഗ്രാമപഞ്ചായത്തിൽ നിന്ന് നൽകികൊണ്ട് ഡോക്ടറെ ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റിയുടെ ഫണ്ട് ഉപയോഗിച്ച് നിയമിക്കുന്ന രീതിയിൽ പ്രോജക്ട് നടപ്പാക്കാൻ അനുമതി നൽകുന്നു.

| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്** |
|---|---|

## 4.5 കിളിമാനൂർ ഗ്രാമപഞ്ചായത്ത്

**കിളിമാനൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 13.03.2023-ലെ C/884/2022-ാം നമ്പർ കത്തും തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ LSGD/PD/41443/2023 – PH2 നമ്പർ കത്തും അനുബന്ധരേഖകളും (SRG/37/24 – LSGD /DC1/369/2023 – LSGD)**

**വിഷയം:-** കൊവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി ഉപയോഗിച്ച ആംബുലൻസിന്റെ വാടക നൽകുന്നത് സംബന്ധിച്ച്

കൊവിഡ് മഹാമാരിയുടെ സമയത്ത് പ്രതിരോധ പ്രവർത്തനത്തിനായി യൂത്ത് കെയർ ആംബുലൻസ് സർവ്വീസ് എന്ന ഏജൻസി KL11 BF 550-ാം നമ്പർ ആംബുലൻസ് ഇന്ധന ചെലവ് മാത്രം ഈടാക്കിക്കൊണ്ട് ഗ്രാമപഞ്ചായത്തിന് വിട്ടു നൽകി. രോഗികളുടെ എണ്ണം കൂടിയപ്പോൾ ക്വട്ടേഷൻ നടപടിയിലൂടെ ഒരു ആംബുലൻസ് കൂടി (KL 66-3279) ഈ സ്ഥാപനത്തിൽ നിന്നു വാടകയ്ക്കെടുത്തു. 10 കിലോ മീറ്ററിന് 500 രൂപാ നിരക്കും അധികമായി ഓടുന്ന ഓരോ കിലോമീറ്ററിനും 15 രൂപാ നിരക്കും ആയിരുന്നു വാടക. ആദ്യം എടുത്ത വാഹനത്തിന്റെ അറ്റകുറ്റപ്പണിയും ഡ്രൈവറുടെ വേതനവും കണക്കിലെടുത്ത് ഈ വാഹനത്തിനും വാടക നൽകണമെന്ന് ഏജൻസി ഉടമ ആവശ്യപ്പെട്ടു. ഇതനുസരിച്ച് രണ്ട് ആംബുലൻസിന്റെയും കൂടി വാടക 1,33,465 രൂപയാണ്. ഇത് 1,24,811 രൂപയിൽ പരിമിതപ്പെടുത്തി നൽകാൻ ഗ്രാമപഞ്ചായത്ത് പ്രോജക്ട് ഏറ്റെടുത്തെങ്കിലും വാടക നൽകിയില്ല. വാഹനത്തിന്റെ ട്രിപ് ഷീറ്റ് നൽകിയിട്ടുണ്ട്. വാടകയിനത്തിലുള്ള 1,24,811 രൂപ നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** കൊവിഡ് മഹാമാരി സമയത്താണ് ആംബുലൻസ് വാടകയ്ക്കെടുത്തത് എന്നത് പരിഗണിച്ച് അനുമതി നൽകുന്നു.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ(ഡി.സി) വകുപ്പ്** |

## 4.6 ഒതുക്കുങ്ങൽ ഗ്രാമപഞ്ചായത്ത്

**ബഹു. വേങ്ങര എം.എൽ.എ.യുടെ 02.11.2023-ലെ കത്തും ഒതുക്കുങ്ങൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 07.10.2023-ലെ A3-10/22-ാം നമ്പർ കത്തും ഒതുക്കുങ്ങൽ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 26.08.2023-ലെ 9(1)-ാം നമ്പർ തീരുമാനവും (SRG/1498/23)**

**വിഷയം:-** പാലിയേറ്റീവ് കെയറിനായി രണ്ടാമത് ആരംഭിക്കുന്ന യൂണിറ്റിന് നേഴ്സിനെ നിയമിക്കുന്നത് സംബന്ധിച്ച്

ഒതുക്കുങ്ങൽ ഗ്രാമപഞ്ചായത്തിൽ ഒരു പാലിയേറ്റീവ് യൂണിറ്റ് ഉണ്ട്. 300 ലധികം പാലിയേറ്റീവ് രോഗികൾ ഉണ്ട്. രണ്ടാമത് ഒരു യൂണിറ്റു കൂടി ആരംഭിക്കാൻ ഉദ്ദേശിക്കുന്നു. ഇതിനായി നിശ്ചിത യോഗ്യതയുള്ള നഴ്സിനെ നിയമിക്കാൻ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയും പത്രപരസ്യം വഴിയും ആളുകളെ കണ്ടെത്താൻ നടപടി സ്വീകരിച്ചുവെങ്കിലും യോഗ്യതയുള്ളവരെ ലഭിച്ചില്ല. അതിനാൽ പാലിയേറ്റീവ് നേഴ്സായി പ്രവർത്തിക്കാൻ താല്പര്യമുള്ളതും കാര്യക്ഷമതയുള്ള ഉദ്യോഗാർത്ഥിയുമായ ശ്രീമതി.പ്രമീള.സി, കാർത്തിക, ചേരിമുണ്ടപറമ്പ് എന്ന വ്യക്തിയെ കണ്ടെത്തിയിട്ടുണ്ട്. എന്നാൽ ഇവർക്ക് സർക്കാർ ഉത്തരവു പ്രകാരമുള്ള യോഗ്യതയില്ല. ഈ വ്യക്തിയെ പാലിയേറ്റീവ് നഴ്സായി നിയമിക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്

സർക്കാരിന്റെ 29.10.2015 ലെ 3217/2015/തസ്വഭവ ഉത്തരവും 07.03.2019-ലെ 553/2019/തസ്വഭവ ഉത്തരവും പ്രകാരം താഴപ്പറയുന്നവയാണ് പാലിയേറ്റീവ് നേഴ്സുമാരുടെ യോഗ്യത.

(i) ആരോഗ്യവകുപ്പിന്റെ അംഗീകാരമുള്ള സ്ഥാപനങ്ങളിൽ നിന്ന് ANM കോഴ്സ്/ JPHN കോഴ്സ് പാസ്സാകണം. കൂടാതെ ആരോഗ്യ വകുപ്പിന്റെ അംഗീകാരമുള്ള സ്ഥാപനങ്ങളിൽ നിന്ന് മൂന്ന് മാസത്തെ ബേസിക് സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ പാലിയേറ്റീവ് ആക്സിലറി നേഴ്സിംഗ് (BCCPAN) കോഴ്സ് അല്ലെങ്കിൽ ആരോഗ്യവകുപ്പിന്റെ അംഗീകാരമുള്ള സ്ഥാപനങ്ങളിൽ നിന്ന് മൂന്നു മാസത്തെ സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ കമ്മ്യൂണിറ്റി പാലിയേറ്റീവ് നേഴ്സിംഗ് (CCCPAN) പാസ്സാകണം.

(ii) ജനറൽ നേഴ്സിംഗ് ആന്റ് മിഡ് വൈഫറി കോഴ്സ്/BSC നഴ്സിംഗ് കോഴ്സ് പാസ്സാകണം. കൂടാതെ ആരോഗ്യ വകുപ്പിന്റെ അംഗീകാരമുള്ള സ്ഥാപനത്തിൽ നിന്ന് ഒന്നരമാസത്തെ ബേസിക് സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ പാലിയേറ്റീവ് നഴ്സിംഗ് (BCCPAN) പാസ്സാകണം.

**തീരുമാനം :-** അനുമതി നിരസിച്ചു. മുകളിൽ പറഞ്ഞ യോഗ്യതയുള്ളവരെ മാത്രമേ നിയമിക്കാവൂ എന്ന് നിർദ്ദേശിക്കുന്നു.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്** |

**4.7 ഇടമലക്കുടി ഗ്രാമപഞ്ചായത്ത്**

**ഇടുക്കി ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 07.10.2023 ലെ കത്തും ഇടമലക്കുടി ഗ്രാമപഞ്ചായത്ത് ഭരണസമതിയുടെ 02.08.2023-ലെ 4(1) -ാം നമ്പർ തീരുമാനവും (SRG/1508/23 – CC/772/23)**

**വിഷയം:-** ഗ്രാമപഞ്ചായത്തു മുഖേന നടപ്പാക്കുന്ന സാധനസാമഗ്രികൾ ഉൾപ്പെട്ടിട്ടുള്ള പ്രോജക്ടുകളിൽ പ്രാദേശിക നിരക്കിൽ ഗതാഗത കൂലി ഉൾപ്പെടുത്തണമെന്നതു സംബന്ധിച്ച്

ഇടമലക്കുടി ഗ്രാമപഞ്ചായത്ത് വന മേഖലയിലാണ് സ്ഥിതി ചെയ്യുന്നത്. ഇവിടേയ്ക്ക് യാത്രയ്ക്ക് ഉപയോഗിക്കുന്നത് ഓഫ് റോഡിന് അനുയോജ്യമായ പ്രത്യേക വാഹനമാണ്. അതിനാൽ സാധന സാമഗ്രികളും മറ്റും ഗ്രാമപഞ്ചായത്തിലേയ്ക്ക് കൊണ്ടുപേകുന്നതിന് ഗതാഗത കൂലി കൂടുതലാണ്. ഇതിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്നവ കോഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്കായി നൽകിയിരിക്കുന്നു.

(i) ഗ്രാമപഞ്ചായത്ത് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്ന പ്രോജക്ടുകളിൽ സാധനസാമഗ്രികൾ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ പ്രാദേശിക നിരക്കിൽ ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് പ്രോജക്ടിൽ ഉൾപ്പെടുത്തണം.

(ii) ഗ്രാമപഞ്ചായത്തിൽ നടപ്പാക്കുന്ന വകുപ്പുകളുടേതടക്കമുള്ള മറ്റു പദ്ധതികളിൽ സാധനസാമഗ്രികൾ ഉൾപ്പെട്ടിട്ടുണ്ട് എങ്കിൽ പ്രാദേശിക നിരക്കിൽ ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് തനത് ഫണ്ടിൽ നിന്ന് നൽകുന്നതിന് അനുമതി.

(iii) MGNREGS -ൽ മെറ്റീരിയൽ വർക്കിന് പ്രാദേശിക നിരക്കിലെ ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താൻ അനുമതി.

**തീരുമാനം :-** ക്രമനമ്പർ ഒന്നും രണ്ടും പരിശോധിച്ച് ചീഫ് ടെക്നിക്കൽ എക്സാമിനറുടെ അഭിപ്രായം കൂടി തേടി റിപ്പോർട്ട് നൽകാൻ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി. ക്രമനമ്പർ മൂന്നിന്മേൽ റിപ്പോർട്ട് നൽകാൻ **MGNREGS** മിഷൻ ഡയറക്ടറെ ചുമതലപ്പെടുത്തി.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1)തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ<br>2) മിഷൻ ഡയറക്ടർ, MGNREGS<br>3)തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്** |

**4.8 <u>കൊന്നത്തടി ഗ്രാമപഞ്ചായത്ത്</u>**

**കൊന്നത്തടി ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റിന്റെ 06.11.2023 ലെ കത്തും കൊന്നത്തടി ഗ്രാമ പഞ്ചായത്ത് ഭരണസമിതിയുടെ 26.10.2023 ലെ 1(3)-ാം നമ്പർ തീരുമാനവും (SRG/ 1714/23)**

**വിഷയം:-** കർഷകർക്ക് കാർഷിക ഉപകരണങ്ങൾ നൽകുന്നത് സംബന്ധിച്ച്.

| | | | |
|---|---|---|---|
| (i) | *പ്രോ.നം:* 41/24 | *അടങ്കൽ* | *20,56,329 രൂപ (SCP)* |
| | *പേര്* | **കാർഷിക ഉപകരണങ്ങൾ** | |
| (ii) | *പ്രോ.നം:* 42/24 | *അടങ്കൽ* | 4,99,000 രൂപ *(TSP)* |
| | *പേര്* | **കാർഷിക ഉപകരണങ്ങൾ** | |

കർഷകർക്ക് കാർഷിക ഉപകരണങ്ങൾ വ്യക്തിഗത സഹായമായി നൽകാൻ ഉദ്ദേശിക്കുന്നു. തൂമ്പ, ഏണി, അലമാങ്ക്, വാക്കത്തി, അരിവാൾ, മൺവെട്ടി, ഫൈബർ കുട്ട തുടങ്ങിയ ഉപകരണങ്ങളാണ് നൽകാൻ ഉദ്ദേശിക്കുന്നത്. മാർഗ്ഗരേഖ പ്രകാരം യന്ത്രവത്കരണ ഉപകരണങ്ങൾ കർഷക ഗ്രൂപ്പുകൾ വഴിയാണ് നൽകുന്നത്. വ്യക്തിഗത ഗുണഭോക്താക്കൾക്ക് ഇവ നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** Sub-mission on Agricultural Mechnaisation SMAM പദ്ധതിയിൽ ഉപകരണങ്ങൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. SMAM ൽ നിന്ന് ഉപകരണം ലഭിക്കാത്ത പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട മുഴുവൻ സമയ കൃഷിക്കാർക്ക് ഒറ്റത്തവണത്തേയ്ക്ക് മുകളിൽ പറഞ്ഞ ഉപകരണങ്ങൾ നൽകാൻ അനുമതി നൽകുന്നു. പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് 75 ശതമാനം സബ്സിഡിയും പട്ടികവർഗ്ഗ വിഭാഗക്കാർക്ക് 100 ശതമാനം സബ്സിഡിയും നൽകാവുന്നതാണ്. യൂണിറ്റ് നിരക്ക് ജില്ലാതലത്തിൽ നിശ്ചയിക്കണം.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്** |

**4.9 <u>കാസർഗോഡ് ജില്ലാ പഞ്ചായത്ത്</u>**

**കാസർഗോഡ് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 23.12.2023 ലെ കത്തും കാസർഗോഡ് ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ 13.12.2023-ലെ 19(1) -ാം നമ്പർ തീരുമാനവും (SRG/1702/23 – CC/1013/23)**

**വിഷയം:-** സ്കൂളുകളിൽ പച്ചക്കറിത്തോട്ടം ഉണ്ടാക്കുന്നതിന് പ്രോജക്ട് തയ്യാറാക്കുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| *പ്രോ.നം:* 394/24 | *അടങ്കൽ* | *3,28,000 രൂപ (വികസനഫണ്ട് – ജനറൽ)* |
| *പേര്* | *ഹരിത സമൃദ്ധി – സ്കൂളുകളിൽ അടുക്കള തോട്ടങ്ങൾ ഉണ്ടാക്കൽ* | |

കാസർഗോഡ് ജില്ലയിൽ 5 സെന്റോ അതിൽ കൂടുതലോ സ്ഥലവും ജലലഭ്യതയുള്ളതും ജില്ലാ പഞ്ചായത്തിനു കൈമാറിയതുമായ സർക്കാർ സ്കൂളുകളിൽ ഹരിത സമൃദ്ധി എന്ന പേരിൽ ഉച്ചഭക്ഷണത്തിനാവശ്യമായ വിഷരഹിത പച്ചക്കറികൾ സ്കൂളുകളിൽ തന്നെ കൃഷി ചെയ്യുന്നതിനും ഉല്പാദിപ്പിക്കുന്നതിനുമാണ് പ്രോജക്ട്. വിദ്യാർത്ഥികൾക്ക് കൃഷിയിൽ താല്പര്യം ഉണ്ടാക്കുക എന്നതാണ് ലക്ഷ്യം. 10 സെന്റ് സ്ഥലത്ത് കൃഷി ചെയ്യുന്നതിന് 4000 രൂപ

നിരക്കിൽ ആനുപാതിക തുക നൽകാൻ ഉദ്ദേശിക്കുന്നു. ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** 10 സെന്റ് സ്ഥലത്തെ കൃഷിക്ക് നൽകുന്ന ധനസഹായം സബ്സിഡി-ധനസഹായ മാർഗ്ഗരേഖയിൽ നിശ്ചയിച്ചിരിക്കുന്ന യൂണിറ്റ് നിരക്ക്/സബ്സിഡി നിരക്കുമായി താരതമ്യം ചെയ്ത് ന്യായയുക്തമാണെന്ന് കൃഷി ഓഫീസർ ഉറപ്പാക്കണമെന്ന നിബന്ധനയോടെ അനുമതി നൽകുന്നു. PTA യുടെ താല്പര്യവും പങ്കാളിത്തവും ഉള്ള സ്കൂളുകളെ മാത്രമേ ഈ പ്രോജക്ടിനായി തെരഞ്ഞെടുക്കാവൂ എന്ന് നിർദ്ദേശിക്കുന്നു.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്** |

## 4.10 കൃഷിക്ക് ജലസേചനത്തിനായി തിരിനന - Wick Irrigation

**ശ്രീ.ബിജു.ജെ, കറാട്ടു ഹൗസ്, കരുനാഗപ്പള്ളിയുടെ 29.01.2024, 07.02.2024 എന്നീ തീയതികളിലെ കത്തുകൾ (SRG/194/24)**

**വിഷയം:-** കൃഷിക്ക് ജലസേചനത്തിനായി തിരിനനയുടെ സബ്സിഡി നിരക്ക് വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച്

കൃഷിക്ക് ജലസേചനത്തിനായി തിരിനനയ്ക്ക് (Wick Irrigation) നൽകുന്നതിന് മാർഗ്ഗരേഖ പ്രകാരം ധനസഹായം നൽകാം. 10 വാട്ടർ സ്റ്റോറേജ്, 10 ടെ, 10 തിരി, 9 പി.വി.സി. പൈപ്പ് സെറ്റ്, എൻഡ് ക്യാപ് ആന്റ് റഡ്യൂസർ എന്നിവയാണ് തിരിനനയുടെ ഘടകങ്ങൾ. മാർഗ്ഗരേഖ പ്രകാരം 10 ചട്ടി ഉൾപ്പെടുന്ന ഒരു യൂണിറ്റിന് പൊതു വിഭാഗത്തിന് 50 ശതമാനവും (പരമാവധി 1000 രൂപ), പട്ടികജാതി വിഭാഗത്തിന് 75 ശതമാനവും (പരമാവധി 1500 രൂപ) പട്ടികവർഗ്ഗ വിഭാഗത്തിന് 100 ശതമാനം എന്നീ രീതിയിലാണ് സബ്സിഡി നൽകാവുന്നത്. മാർഗ്ഗരേഖ പ്രകാരം പരമാവധി 5 യൂണിറ്റ് വരെ ഒരു ഗുണഭോക്താവിന് നൽകാം. ഗ്രോ ബാഗിനു പകരം HDPE, മൺചട്ടി തുടങ്ങിയവ ഉപയോഗിക്കണമെന്ന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. അതിനാൽ ചട്ടിയടക്കമുള്ള തിരിനനയ്ക്ക് യൂണിറ്റ് ചെലവ് കൂട്ടും എന്നതിനാൽ മുകളിൽ പറഞ്ഞ നിരക്കിന് ഈ പ്രോജക്ട് നടപ്പാക്കാൻ ബുദ്ധിമുട്ടാണ്. അതിനാൽ താഴെപ്പറയുന്ന രീതിയിൽ ധനസഹായം നൽകണമെന്ന ആവശ്യം സംബന്ധിച്ച്

(i) പോട്ടിംഗ് മിശ്രിതം നിറച്ച പോട്ടിന് 75 ശതമാനം സബ്സിഡി നൽകുന്നതുപോലെ തിരിനനയ്ക്കും 75 ശതമാനം സബ്സിഡി പൊതുവിഭാഗത്തിന് നൽകണം.

(ii) തിരിനനയ്ക്ക് 'ചട്ടി ഉൾപ്പെടെ' എന്നത് ഒഴിവാക്കി തിരിനനയെ സ്വതന്ത്ര യൂണിറ്റാക്കി നിർത്തി പൊതുവിഭാഗത്തിന് പരമാവധി 1000 രൂപ സബ്സിഡി നൽകാം എന്നത് നിലനിർത്തണം

**തീരുമാനം :-** ആവശ്യം പരിഗണിച്ചില്ല.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്** |

## 4.11 കയ്യൂർ ചീമേനി ഗ്രാമപഞ്ചായത്ത്

**കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 06.10.2023-ലെ കത്തും കയ്യൂർ ചീമേനി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 25.08.2023-ലെ 2(1) -ാം നമ്പർ തീരുമാനവും (SRG/1441/23 - CC /677/2023 )**

**വിഷയം:-** ലൈഫ് ഭവന പദ്ധതി പ്രകാരം വീട് നിർമ്മിക്കുന്നത് സംബന്ധിച്ച്

കയ്യൂർ ചീമേനി ഗ്രാമപഞ്ചായത്തിലെ ശ്രീമതി . കയനാടൻ രമണി W/O ശ്രീ. പത്മനാഭൻ എന്ന വ്യക്തി ലൈഫ് ലിസ്റ്റിൽ 124-ാം നമ്പർ ആയി ഉൾപ്പെട്ടിട്ടുണ്ട്. കഴിഞ്ഞ കാലവർഷത്തിൽ ഇവരുടെ വീട് പൂർണ്ണമായും തകർന്നു. പ്ലാസ്റ്റിക്ക് ഷീറ്റ് കൊണ്ടുള്ള വീട്ടിലാണ് ഇപ്പോൾ താമസിക്കുന്നത്. അതിനാൽ മുൻഗണന പുനഃക്രമീകരിച്ചുകൊണ്ട് ഇവർക്ക് ആദ്യം വീട് നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** അനുമതി നൽകുന്നു.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ(ഡി.ഇ) വകുപ്പ്** |

**4.12 <u>കൊളച്ചേരി ഗ്രാമപഞ്ചായത്ത്</u>**

**കൊളച്ചേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 23.01.2023-ലെ A2-4140/2022-ാം നമ്പർ കത്തും അനുബന്ധ രേഖകളും (SRG/140/24)**

**വിഷയം:-** ലൈഫ് ഭവന പദ്ധതിക്കായി അനുവദിച്ച ഹഡ്കോ ലോൺ തുകയിൽ അധികമായി കുറവ് ചെയ്ത തുക തിരികെ ലഭിക്കുന്നത് സംബന്ധിച്ച്

കൊളച്ചേരി ഗ്രാമപഞ്ചായത്ത് 2018-19 വർഷത്തിൽ 19,63,973 രൂപ ലൈഫ് ഭവന പദ്ധതിക്കായി KURDFC മുഖേന ഹഡ്കോയിൽ നിന്ന് ലോൺ എടുത്തിരുന്നു. 2021-22 വർഷം 17,96,668 രൂപ തിരിച്ചടച്ചു. ബാക്കി 1,67,305 രൂപയാണ് തിരിച്ചടയ്ക്കാനുള്ളത്. എന്നാൽ 2021-22 വർഷം ഇതിനു പകരം 5,35,332 രൂപ ഉറവിടത്തിൽ തന്നെ കുറവ് ചെയ്തു. അധികമായി 3,68,027 രൂപ. 2022-23 വർഷം രണ്ടാം ഗഡുവിൽ നിന്ന് 2,16,774 രൂപയും മൂന്നാം ഗഡുവിൽ 21,92,678 രൂപയും കുറവ് ചെയ്തു. ഇതിൽ എസ്.സി.പി. വിഹിതവും ഉണ്ട്. ആകെ 27,77,479 രൂപ അധികമായി കുറവു ചെയ്തു. ഈ തുക തിരികെ നൽകണമെന്ന് 15.03.2023-ൽ ധനവകുപ്പിനോടാവശ്യപ്പെട്ടെങ്കിലും തിരികെ ലഭിച്ചില്ല. ഈ തുക തിരികെ നൽകാൻ നിർദ്ദേശം നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** ഗ്രാമപഞ്ചായത്ത് അറിയിച്ച കണക്ക് ശരിയല്ലെന്ന് ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ യോഗത്തിൽ അറിയിച്ചു. ഇത് പരിശോധിച്ച് വ്യക്തമായ കണക്ക് നൽകാൻ ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കും.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1) ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ 2)തദ്ദേശസ്വയംഭരണ(ഡി.ഇ) വകുപ്പ്** |

**4.13 <u>കവിയൂർ ഗ്രാമപഞ്ചായത്ത്</u>**

**പത്തനംതിട്ട ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 20.01.2024-ലെ കത്തും അനുബന്ധരേഖകളും (SRG/53/2024 - CC /44/2024)**

**വിഷയം:-** വീട് വാസയോഗ്യമാക്കുന്നതിന് ധനസഹായം നൽകുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| *പ്രോ.നം: 118/24* | ***അടങ്കൽ*** | *7,00,000 രൂപ (അവാർഡ് തുക )* |
| ***പേര്*** | *വീട് വാസയോഗ്യമാക്കൽ - വാർഡ് 10* | |
| *പ്രോ.നം.112/24* | ***അടങ്കൽ*** | *13,00,000 (വികസനഫണ്ട് ജനറൽ)* |
| ***പേര്*** | *ഭവന പുനരുദ്ധാരണം -ജനറൽ* | |

വീട് വാസയോഗ്യമാക്കുന്നതിന് (ഭവന പുനരുദ്ധാരണം) 112/24, 118/24 എന്നീ നമ്പരുകളിലായി രണ്ട് പ്രോജക്ടുകളാണ് എടുത്തിരിക്കുന്നത്. 112 –ാം നമ്പർ പ്രോജക്ടിൽ ഒരു ഗുണഭോക്താവിന് 50,000 രൂപയും 118–ാം നമ്പർ പ്രോജക്ടിൽ (10–ാം വാർഡിലേയ്ക്ക് മാത്രം) 1.00 ലക്ഷം രൂപയും വീതം പരമാവധി ധനസഹായം നൽകാവുന്ന രീതിയിലാണ് പ്രോജക്ട് തയ്യാറാക്കിയിരിക്കുന്നത്. ഒരേ സ്വഭാവമുള്ള പ്രോജക്ടിനു രണ്ട് നിരക്കിൽ സബ്സിഡി നൽകുന്നത് നീതിയല്ലെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ (VEO) അറിയിച്ചിട്ടുണ്ട്. അതിനാൽ ഇതിന്മേൽ വ്യക്തത വരുത്തണമെന്നതു സംബന്ധിച്ച്.

**തീരുമാനം :–** 1) മാർഗ്ഗരേഖ പ്രകാരം വീട് വാസയോഗ്യമാക്കാൻ പൊതുവിഭാഗത്തിന് പരമാവധി 1.00 ലക്ഷം രൂപയും എസ്.സി./എസ്.റ്റി വിഭാഗത്തിന് പരമാവധി 1.50 ലക്ഷം രൂപയുമാണ് നൽകാവുന്നത്. ഒരു വാർഡിൽ മാത്രം മാർഗ്ഗരേഖ പ്രകാരമുള്ള നിരക്കും മറ്റു വാർഡിൽ കുറഞ്ഞ നിരക്കും (50,000 രൂപ മാത്രം) നിശ്ചയിക്കുന്നത് ശരിയായ രീതിയല്ല എന്ന് യോഗം നിരീക്ഷിച്ചു. ഗ്രാമപഞ്ചായത്തിനെ മൊത്തമായി ഒരു യൂണിറ്റായി കണ്ട് മാർഗ്ഗരേഖയിൽ പറയുന്ന നിരക്കിൽ പരിമിതപ്പെടുത്തി നിർമ്മാണ പ്രവൃത്തിയുടെ വാല്യുവേഷൻ പ്രകാരം ധനസഹായം നൽകുന്ന രീതിയാണ് സ്വീകരിക്കേണ്ടത് എന്നും യോഗം വിലയിരുത്തി.

2) ഏത് സാഹചര്യത്തിലാണ് മുകളിൽ പറഞ്ഞ രീതിയിൽ പ്രോജക്ട് തയ്യാറാക്കിയതെന്ന് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ പത്തനംതിട്ട ജില്ലയിലെ തദ്ദേശസ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടറെ ചുമതലപ്പെടുത്തി.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1)ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, പത്തനംതിട്ട 2)തദ്ദേശസ്വയംഭരണ(ഡി.ഇ) വകുപ്പ്** |

4.14 <u>കുളത്തൂപ്പുഴ ഗ്രാമപഞ്ചായത്ത്</u>

**കൊല്ലം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 18.10.2023–ലെ കത്തും കുളത്തൂപ്പുഴ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 05.08.2023–ലെ 1(13)–ാം നമ്പർ തീരുമാനവും (SRG/1512/2023 – CC/816/2023)**

**വിഷയം:–** ലൈഫ് ലിസ്റ്റിൽ പുതിയ കുടുംബങ്ങളെ ഉൾപ്പെടുത്തണമെന്നതു സംബന്ധിച്ച്

സർക്കാരിന്റെ "കരുതലും കൈത്താങ്ങും" പരാതി പരിഹാര അദാലത്തിൽ നൽകിയ അപേക്ഷയിൽ താഴെപ്പറയുന്ന കുടുംബങ്ങളെ ലൈഫ് ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്നതു സംബന്ധിച്ച്.

1) ശ്രീ.രഞ്ജു, രാജീവ് ഭവൻ, മഠത്തിക്കോണം
2) ശ്രീ.ജയൻ കെ, ലക്ഷം വീട് നം.69, ഡാലി. പി.ഒ
3) ശ്രീമതി. റാഹില ബീവി, ചാവര് കാവിൽ വീട്, നെല്ലിമൂട്
4) ശ്രീമതി പുഷ്പ കാളിമുത്തു, ബിജുവിലാസം, തിങ്കൾത്തിരക്കം. പി.ഒ

**തീരുമാനം :–** പൊതുവിഷയം ഖണ്ഡിക 3.2 പ്രകാരം ആവശ്യം പരിഗണിച്ചില്ല.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ(ഡി.ഇ) വകുപ്പ്** |

4.15 <u>മണീട് ഗ്രാമപഞ്ചായത്ത്</u>

**എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 31.10.2023, 30.10.2023 എന്നീ തീയതികളിലെ കത്തുകളും (2 എണ്ണം) അനുബന്ധരേഖകളും (SRG/1529/2023 – CC/686/2023)**

**വിഷയം:-** ലൈഫ് ഭവന പദ്ധതി പ്രകാരം വീട് നൽകുന്നത് സംബന്ധിച്ച്

മണീട് ഗ്രാമപഞ്ചായത്തിലെ ശ്രീമതി.സിനി ഗോപാലകൃഷ്ണൻ എന്ന വ്യക്തി ലൈഫ് ഭവന പദ്ധതി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ട്. ഈ വ്യക്തി 2008-ൽ ബ്ലോക്ക് പഞ്ചായത്തിന്റെ ഭവന നിർമ്മാണ പദ്ധതിയുടെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിരുന്നു. ധനസഹായ തുകയായ 75,000 രൂപയിൽ രണ്ടു ഗഡുക്കളായി 43,000 രൂപ കൈപ്പറ്റിയിരുന്നു. എന്നാൽ തറ നിർമ്മാണം മാത്രമാണ് പൂർത്തിയായത്. ലൈഫ് ഭവന പദ്ധതി പ്രകാരം ധനസഹായം ലഭിക്കണമെങ്കിൽ കൈപ്പറ്റിയ തുക പലിശ സഹിതം തിരികെ അടയ്ക്കണം. തുക തിരികെ അടയ്ക്കണമെന്ന നിബന്ധന ഒഴിവാക്കി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** ഈ ഗുണഭോക്താവ് 2008-ൽ കൈപ്പറ്റിയ 43,000 രൂപ ലൈഫ് നിരക്കായ 4.00 ലക്ഷത്തിൽ നിന്നു കുറവ് ചെയ്ത് ബാക്കി തുക നൽകാൻ നിർദ്ദേശിക്കുന്നു.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ(ഡി.ഇ) വകുപ്പ്** |

## 4.16 വെള്ളനാട് ബ്ലോക്ക് പഞ്ചായത്ത്

**തിരുവനന്തപുരം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 04.12.2023-ലെ Plg.1925/24/DPC/ DPO/തിരു/CC നമ്പർ കത്തുകളും (2 എണ്ണം) വെള്ളനാട് ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 1(9)-ാം നമ്പർ തീരുമാനവും (SRG/1625/2023 – CC/896/2023, SRG/1607/2023)**

**വിഷയം:-** IAY പദ്ധതിക്കായി ലഭിച്ച തുകയിൽ മിച്ചമുള്ള തുക PMAY പദ്ധതിക്കായി ഉപയോഗിക്കുന്നത് സംബന്ധിച്ച്

വെള്ളനാട് ബ്ലോക്ക് പഞ്ചായത്തിന് IAY പദ്ധതിക്കായി ലഭിച്ച തുകയിൽ 59,36,376 രൂപ ചെലവഴിക്കാതെയുണ്ട് ഈ തുകയിൽ 2022-23 വർഷം 40,71,000 രൂപ PMAY ഗുണഭോക്താക്കൾക്കായി ചെലവഴിച്ചു. ഈ അക്കൗണ്ടിൽ 01.04.2023-ൽ 18,65,376 രൂപ ബാക്കിയുണ്ട്. ഈ തുക PMAY പദ്ധതി പ്രകാരം കരാർ വച്ചിട്ടുള്ള ഗുണഭോക്താക്കൾക്ക് 2023-24 വർഷം നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** അനുമതി നൽകുന്നു.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ(ഡി.ഇ) വകുപ്പ്** |

## 4.17 പേരാവൂർ ബ്ലോക്ക് പഞ്ചായത്ത്

**പേരാവൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 27.11.2023-ലെ A/1450/21-ാം നമ്പർ കത്തും പേരാവൂർ ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 19.10.2023-ലെ 7(1) -ാം നമ്പർ തീരുമാനവും (SRG/1610/2023)**

**വിഷയം:-** PMAY ഭവന പദ്ധതി പ്രകാരം വീട് നിർമ്മാണത്തിന് ധനസഹായം നൽകുന്നത് സംബന്ധിച്ച്

പേരാവൂർ ബ്ലോക്ക് പഞ്ചായത്ത് 2021-22 വർഷം PMAY പദ്ധതിയിൽ 41 പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് വീടു നിർമ്മിച്ചു നൽകാൻ പ്രോജക്ട് ഏറ്റെടുത്തിരുന്നു. ഇവർക്ക് താഴെപ്പറയും പ്രകാരമാണ് വിഹിതം നിശ്ചയിച്ചിരുന്നത്.

| | |
|---|---|
| കേന്ദ്ര/സംസ്ഥാന സർക്കാർ വിഹിതം (72,000+48,000) | 1,20,000 രൂപ |
| ജില്ലാ പഞ്ചായത്ത് വിഹിതം | 1,33,000 രൂപ |

| | |
|---|---|
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 1,52,000 രൂപ |
| ഗ്രാമപഞ്ചായത്ത് വിഹിതം | 95,000 രൂപ |
| പട്ടികവർഗ്ഗ വികസനവകുപ്പ് വിഹിതം | 1,00,000 രൂപ |
| ആകെ | 6,00,000 രൂപ |

എന്നാൽ എഗ്രിമെന്റ് വച്ച 41 ഗുണഭോക്താക്കളിൽ 5 ഗുണഭോക്താക്കൾക്ക് മാത്രമാണ് പട്ടികവർഗ്ഗ വികസനവകുപ്പിൽ നിന്നും 1.00 ലക്ഷം രൂപ വീതം ലഭിച്ചത്. ബാക്കിയുള്ളവർക്ക് പട്ടികവർഗ്ഗ വികസനവകുപ്പിൽ നിന്ന് ഇനി തുക ലഭിക്കാൻ സാധ്യതയില്ലെന്ന് അറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് ഈ തുക ഗുണഭോക്താക്കൾക്ക് നല്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** ഇതു പരിശോധിച്ച് റിപ്പോർട്ട് നൽകാൻ പട്ടികവർഗ്ഗ വികസനവകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കുന്നതാണ്.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1)ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്<br>2)തദ്ദേശസ്വയംഭരണ(ഡി.ഇ) വകുപ്പ്** |

## 4.18 വിളയൂർ ഗ്രാമപഞ്ചായത്ത്

**പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 14.11.2023-ലെ കത്തും വിളയൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 08.02.2023 16(1)-ാം നമ്പർ തീരുമാനം (SRG/1562/2023 - CC/902/23)**

**വിഷയം:-** ലൈഫ് ഭവന പദ്ധതി പ്രകാരം വീട് നൽകുന്നതു സംബന്ധിച്ച്

ശ്രീമതി സക്കീന, പാറന്തോടൻ വീട് എന്ന വ്യക്തി ഭൂരഹിത ഭവന രഹിതരുടെ ലിസ്റ്റിൽ ഉണ്ട്. ഭൂരഹിത ഭവന രഹിത ലിസ്റ്റിൽ വന്നതിനുശേഷം ഈ ഗുണഭോക്താവ് 5 സെന്റ് സ്ഥലം സ്വന്തമായി വാങ്ങി. ഇതനുസരിച്ച് ഇവരെ ഭൂമിയുള്ള ഭവനരഹിതരുടെ ലിസ്റ്റിലേയ്ക്ക് മാറ്റേണ്ടിയിരുന്നു. എന്നാൽ ലൈഫ് മിഷൻ MIS ഡേറ്റാഎൻട്രിക്കായി സൈറ്റ് ക്ലോസ് ചെയ്തതിനുശേഷമാണ് ഭൂമി ലഭ്യമായ രേഖകൾ ഹാജരാക്കിയത്. അതിനാൽ MIS ഡേറ്റാ എൻട്രിക്കായി സൈറ്റ് തുറന്നു നൽകി ഭൂമിയുള്ള ഭവനരഹിതരുടെ ലിസ്റ്റിലേയ്ക്ക് ഈ വ്യക്തിയെ മാറ്റാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** അനുമതി നൽകുന്നു

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ(ഡി.ഇ) വകുപ്പ്** |

## 4.19 കോട്ടയം ഗ്രാമപഞ്ചായത്ത്

**കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 16.11.2023-ലെ കത്തും അനുബന്ധരേഖകളും (SRG/1563/2023 - CC/898/23)**

**വിഷയം:-** ലൈഫ് ഭവന പദ്ധതി പ്രകാരം വീട് നിർമ്മിച്ചു നൽകുന്നതു സംബന്ധിച്ച്

കണ്ണൂർ ജില്ലയിലെ കോട്ടയം ഗ്രാമപഞ്ചായത്തിൽ ഭൂമിയുള്ള ഭവനരഹിതരുടെ ലിസ്റ്റിൽ 74 പേരാണുള്ളത്. ഈ ലിസ്റ്റിൽ ശ്രീമതി. സെൽവതി മറിയം എന്ന വ്യക്തി 74-ാമതായാണ് ഉൾപ്പെട്ടിട്ടുള്ളത്. ഇത് അന്വേഷിച്ചത് പ്രകാരം ഈ വ്യക്തി ആശ്രയ ഗുണഭോക്താവും വിധവയും നിരാലംബയുമാണ്. ഇവർക്ക് 72 വയസ്സുണ്ട്. ലിസ്റ്റ് പ്രസിദ്ധീകരിച്ചപ്പോൾ അപ്പീൽ നൽകാനുള്ള അറിവ് ഇവർക്ക് ഇല്ലാത്തതിനാലാണ് അപ്പീൽ നൽകാത്തത്. അതിനാൽ ഇവർക്ക് ആദ്യഘട്ടത്തിൽ തന്നെ വീടു നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** അനുമതി നൽകുന്നു.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ(ഡി.ഇ) വകുപ്പ്** |

**4.20 <u>മഞ്ചേശ്വരം ഗ്രാമപഞ്ചായത്ത്</u>**

**കാസർഗോഡ് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 23.11.2023-ലെ കത്തും അനുബന്ധരേഖകളും (SRG/1618/2023 – CC/910/23)**

**വിഷയം:-** ലൈഫ് ഭവന പദ്ധതി പ്രകാരം വീട് നിർമ്മിച്ച് നൽകുന്നത് സംബന്ധിച്ച്

ശ്രീമതി.ഗിരിജ W/o സദാശിവ എന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുടുംബം 2020 ലൈഫ് ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ട്. റെയിൽവേയിലെ താഴ്ന്ന ജോലി ചെയ്തുവന്നിരുന്ന ഇവരുടെ ഭർത്താവ് ക്യാൻസർ,തൈറോയ്ഡ് രോഗ ബാധിതനാണ്. ജോലി ചെയ്യാൻ കഴിയാത്തതിനാൽ രാജിവച്ചു. കുടുംബ വീട്ടിൽ താമസിച്ചു വരുന്ന ഈ വ്യക്തിക്ക് 10 സെന്റ് സ്ഥലമുണ്ടെങ്കിലും സ്വന്തമായി വീടില്ല. കേന്ദ്ര സർക്കാർ പെൻഷൻ ഉള്ളതുകൊണ്ട് മാനദണ്ഡ പ്രകാരം ലൈഫ് ഭവന പദ്ധതിയിൽ വീട് നൽകാവുന്നതല്ല. വീടിന് ധനസഹായം നല്കുന്നതിന് പ്രത്യേകാനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** ലൈഫ് മാനദണ്ഡ പ്രകാരം ഇവർക്ക് വീട് നൽകാൻ കഴിയില്ലാത്ത സാഹചര്യത്തിൽ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് ഉപയോഗിച്ച് വീട് നൽകാൻ അനുമതി നൽകുന്നു.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ(ഡി.ഇ) വകുപ്പ്** |

**4.21 <u>ചെറുകുന്ന് ഗ്രാമപഞ്ചായത്ത്</u>**

**കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 03.01.2024 -ലെ കത്തും ചെറുകുന്ന് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 13.12.2023-ലെ 6/407/23-ാം നമ്പർ തീരുമാനവും അനുബന്ധരേഖകളും (SRG/29/24 – CC /1015/23)**

**വിഷയം:-** ലൈഫ് ഭവന പദ്ധതി പ്രകാരം വീടു നിർമ്മിച്ച് നൽകുന്നത് സംബന്ധിച്ച്

ചെറുകുന്ന് ഗ്രാമപഞ്ചായത്ത് 5-ാം വാർഡിലെ ശ്രീമതി, സീത.കെ. ചാലിൽ ഹൗസ്, കവിണിശ്ശേരി എന്ന വ്യക്തി ലൈഫ് ഭവന പദ്ധതിയിൽ അപേക്ഷ നൽകിയിരുന്നുവെങ്കിലും അപൂർണ്ണമായതിനാൽ ഉദ്യോഗസ്ഥർക്ക് അപേക്ഷ പരിശോധിക്കാൻ കഴിഞ്ഞില്ല. ഈ കുടുംബം അഗതി ആശ്രയ ലിസ്റ്റിൽ ഉൾപ്പെട്ടതാണ്. ഈ വ്യക്തിയുടെ ഭർത്താവ് ക്യാൻസർ രോഗി ആയിരുന്നു. ലൈഫ് ഭവന പദ്ധതിക്ക് 2020-ൽ അപേക്ഷ സമർപ്പിക്കുന്ന കാലത്ത് ഇവരുടെ ഭർത്താവ് ഉണ്ടായിരുന്നുവെങ്കിലും 24.12.2022-ന് മരണപ്പെട്ടു. ജീർണ്ണിച്ച വീട്ടിൽ ശ്രീമതി സീത കെ. ഒറ്റയ്ക്കാണ് താമസിക്കുന്നത്. നവകേരള സദസ്സിൽ ഇവർ അപേക്ഷ നൽകിയിരുന്നു. ഇവർക്ക് ലൈഫ് ഭവന പദ്ധതിപ്രകാരം വീട് നിർമ്മിച്ചു നൽകാൻ അനുമതി സംബന്ധിച്ച് .

**തീരുമാനം :-** പ്രത്യേക അനുമതി നൽകുന്നു.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ(ഡി.ഇ) വകുപ്പ്** |

**4.22 <u>അറക്കുളം ഗ്രാമപഞ്ചായത്ത്</u>**

**ഇടുക്കി ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 16.01.2024 -ലെ കത്തും അറക്കുളം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 22.11.2023-ലെ 21(1) -ാം നമ്പർ തീരുമാനവും (SRG/93/24 – CC/ 1020/23)**

**വിഷയം:-** ലൈഫ് ഭവന പദ്ധതി പ്രകാരം പൊതു വിഭാഗത്തിൽപ്പെട്ടവർക്ക് വീട് നൽകുന്നത് സംബന്ധിച്ച്

ലൈഫ് ഭവന പദ്ധതി മാർഗ്ഗരേഖ പ്രകാരം ഗുണഭോക്തൃ ലിസ്റ്റിലുള്ള പട്ടികജാതി വിഭാഗം, പട്ടികവർഗ്ഗ വിഭാഗം, ഫിഷറീസ്, അതിദരിദ്ര വിഭാഗത്തിൽപ്പെട്ട കുടുംബം എന്നിവർക്കാണ് വീട് നിർമ്മിച്ച് നൽകുന്നതിന് മുൻഗണനയുള്ളത്. അതിനാൽ പൊതുവിഭാഗത്തിൽപ്പെട്ട പ്രത്യേക പരിഗണന ലഭിക്കേണ്ടവർക്കുപോലും ധനസഹായം ലഭിക്കാൻ കാലതാമസം നേരിടുന്നു. ഇതു പരിഗണിച്ച് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 5 ഗുണഭോക്താക്കൾക്ക് വീടിന് ആനുകൂല്യം നൽകുമ്പോൾ ആനുപാതികമായി ജനറൽ വിഭാഗത്തിലെ ഒരാൾക്കെങ്കിലും ധനസഹായം നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** പൊതു തീരുമാനം ഖണ്ഡിക 3.3 ബാധകമാണ്.

| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ(ഡി.ഇ) വകുപ്പ് |
|---|---|

### 4.23 കതിരൂർ ഗ്രാമപഞ്ചായത്ത്

**കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 03.01.2024-ലെ കത്തും കതിരൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 29.09.2023-ലെ 212(23)-ാം നമ്പർ തീരുമാനവും (SRG/26/24 - CC/973/24)**

**വിഷയം:-** അതിദരിദ്ര വിഭാഗത്തിൽപ്പെട്ട കുടുംബത്തിന് വീട് നിർമ്മിച്ച് നൽകുന്നത് സംബന്ധിച്ച്

കതിരൂർ ഗ്രാമപഞ്ചായത്തിലെ അതിദരിദ്ര വിഭാഗത്തിൽപ്പെട്ട ശ്രീമതി വിശാല്യ എന്ന വ്യക്തിയുടെ നിലവിലെ വീട് പുനഃരുദ്ധാരണം ചെയ്ത് വാസയോഗ്യമാക്കുന്നതിന് സാധിക്കില്ല. അതിനാൽ ലൈഫ് ഭവന പദ്ധതി പ്രകാരം ഇവർക്ക് വീട് നിർമ്മിച്ച് നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** പ്രത്യേകാനുമതി നൽകുന്നു

| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ(ഡി.ഇ) വകുപ്പ് |
|---|---|

### 4.24 ആനാട് ഗ്രാമപഞ്ചായത്ത്

**തിരുവനന്തപുരം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 19.01.2024-ലെ കത്തും അനുബന്ധരേഖകളും (SRG/138/24 - CC/10/24)**

**വിഷയം:-** ലൈഫ് ഭവന പദ്ധതി പ്രകാരം വീട് നിർമ്മിച്ച് നൽകുന്നത് സംബന്ധിച്ച്

ആനാട് ഗ്രാമപഞ്ചായത്തിലെ ശ്രീമതി.ജാൻസി.ആർ.എസ്, പുനവക്കുന്ന്, ചെറുവേലി എന്ന വ്യക്തി 2020 -ലെ ലൈഫ് ലിസ്റ്റിൽ 469-ാം ക്രമ നമ്പരായി ഉൾപ്പെട്ടിട്ടുണ്ട്. ഇവരുടെ വീട് വാസയോഗ്യമല്ല. ഈ വ്യക്തിയുടെ ഒരു മകൾ ഓട്ടിസം ബാധിച്ചതാണ്. ലൈഫ് ലിസ്റ്റ് തയ്യാറാക്കുന്ന ഘട്ടത്തിൽ ഈ കുട്ടി റേഷൻ കാർഡിൽ ഉൾപ്പെട്ടിരുന്നില്ല. അതിനാലാണ് മുൻഗണനാ ലിസ്റ്റിൽ പുറകിൽ പോയത്. ഇപ്പോൾ ഈ കുട്ടിയെ റേഷൻ കാർഡിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ ക്ലേശഘടകം കൂടി പരിഗണിച്ച് ലൈഫ് ലിസ്റ്റിൽ ഈ കുടുംബത്തിന് മുൻഗണന നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ യോഗത്തിൽ ശുപാർശ ചെയ്തതു പ്രകാരം അനുമതി നൽകുന്നു.

| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ(ഡി.ഇ) വകുപ്പ് |
|---|---|

### 4.25 ഇരിമ്പിളിയം ഗ്രാമപഞ്ചായത്ത്

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 19.12.2023-ലെ കത്തും ഇരിമ്പിളിയം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 22.11.2023-ലെ 2(5) -ാം നമ്പർ തീരുമാനവും (SRG/1689/23 - CC/981/23)**

**വിഷയം:-** ലൈഫ് ഭവന പദ്ധതി പ്രകാരം വീട് നിർമ്മിച്ചു നൽകുന്നത് സംബന്ധിച്ച്

ഇരിമ്പിളിയം ഗ്രാമപഞ്ചായത്തിൽ 12-ാം വാർഡിലെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട ശ്രീമതി. ഷീജ, പാട്ടക്കൽപറമ്പിൽ എന്ന വ്യക്തി ലൈഫ് ഭവന പദ്ധതിയിൽ ഭൂരഹിത ഭവന രഹിതരുടെ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ട്. 2022 ഫെബ്രുവരിയിൽ ഇവർ സ്വന്തമായി ആറ് സെന്റ് ഭൂമി വാങ്ങി. എന്നാൽ ഇത് ഗ്രാമപഞ്ചായത്തിനെ അറിയിക്കുകയോ മറ്റ നടപടിക്രമങ്ങൾ പാലിക്കുകയോ ചെയ്തിരുന്നില്ല. ഇവർ വാങ്ങിയ ഭൂമിയുടെ വില നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** ഈ വ്യക്തിക്ക് കുടുംബ വിഹിതമായി സ്ഥലം ലഭിക്കുമെന്ന് വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെന്ന് ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ യോഗത്തിൽ അറിയിച്ചു. ആവശ്യം നിരസിച്ചു.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ(ഡി.ഇ) വകുപ്പ്** |

**4.26 <u>ചെറുപുഴ ഗ്രാമപഞ്ചായത്ത്</u>**

**കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 30.01.2024-ലെ കത്ത് (SRG/136/24 – CC/57/24)**

**വിഷയം:-** അതിദരിദ്ര വിഭാഗത്തിൽപ്പെട്ട കുടുംബത്തിന് വീടു നിർമ്മിച്ചു നൽകുന്നത് സംബന്ധിച്ച്

ചെറുപുഴ ഗ്രാമപഞ്ചായത്തിലെ ശ്രീ. സണ്ണിപടിക്കൽ എന്ന വ്യക്തി അതിദരിദ്ര കുടുംബങ്ങളുടെ ലിസ്റ്റിൽ ഉൾപ്പെട്ടതാണ് (EPIP ID – 28666). കർണ്ണാടക അതിർത്തിയിലുള്ള ആറാട്ട്കടവ് എന്ന സ്ഥലത്ത് വാടക വീട്ടിലാണ് താമസിച്ചുവരുന്നത്. ഈ പ്രദേശത്ത് വന്യജീവി അക്രമണ ഭീഷണി ഉള്ളതിനാൽ ഇവിടെ താമസിച്ചിരുന്ന പട്ടികവർഗ്ഗ വിഭാഗത്തി ൽപ്പെട്ടവരെ സർക്കാർ പുനരധിവസിപ്പിച്ചു. മുകളിൽ പറഞ്ഞ കുടുംബം പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരല്ലാത്തതിനാൽ ഇവർക്ക് ഇതിന്റെ ആനുകൂല്യം ലഭിച്ചില്ല. ഈ വ്യക്തി കിഡ്നി രോഗിയാണ്. അതിദരിദ്ര കുടുംബത്തിനുള്ള പ്രത്യേക ഉത്തരവു പ്രകാരമുള്ള ലൈഫ് ലിസ്റ്റിൽ ഇവർ ഉൾപ്പെട്ടിട്ടില്ല. ഈ കുടുംബത്തെ ഭൂരഹിത ഭവന രഹിതരുടെ ലിസ്റ്റിൽ ഉൾപ്പെടുത്തി ആനുകൂല്യം നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** യോഗത്തിൽ ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ അഭിപ്രായം കൂടി പരിഗണിച്ച് അനുമതി നൽകുന്നു.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ(ഡി.ഇ) വകുപ്പ്** |

**4.27 <u>മാവേലിക്കര തെക്കേക്കര ഗ്രാമപഞ്ചായത്ത്</u>**

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 07.10.2023 -ലെ കത്തും മാവേലിക്കര തെക്കേക്കര ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 12.07.2023-ലെ 1(1) -ാം നമ്പർ തീരുമാനവും (SRG/1446/23 – CC /813/2023 )**

**വിഷയം:-** ഗതാഗത സൗകര്യമൊരുക്കുന്നതിനായി വനിതാ ഗ്രൂപ്പിന് ഇലക്ട്രിക് ബഗ്ഗി വാങ്ങുന്നതിന് ധനസഹായം നൽകുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| *പ്രോ.നം:* 149/24 | ***അടങ്കൽ*** | ***5,75,000 രൂപ<br>(തനത്ഫണ്ട് – 3,75,000 രൂപ<br>ലോൺ – 2,00,000 രൂപ )*** |
| ***പേര്*** | **സഹയാത്രിക – ഇലക്ട്രിക് ബഗ്ഗി – വനിത സ്വയം തൊഴിൽ സംരംഭം** | |

ഗ്രാമപഞ്ചായത്തിൽ വാഹന സൗകര്യം ഇല്ലാത്ത സ്ഥലങ്ങളിൽ വാഹന സൗകര്യം ഒരുക്കുന്നതിനാണ് പ്രോജക്റ്റ്. വനിതാ ഗ്രൂപ്പിലെ സംരംഭകർക്ക് ഇലക്ട്രിക് ബഗ്ഗി വാങ്ങി നൽകി

ഗതാഗത സൗകര്യം ഒരുക്കുന്നതിനുള്ള ഈ പ്രോജക്ടിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** അനുമതി നിരസിച്ചു. മാർഗ്ഗരേഖയിൽ പറഞ്ഞിരിക്കുന്ന പ്രകാരം ഇലക്ട്രിക് ഓട്ടോറിക്ഷ അല്ലെങ്കിൽ ടാക്സി കാർ വാങ്ങി നൽകാവുന്ന താണ്.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്** |

## 4.28 അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്ത്

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 12.12.2023 ലെ കത്തും അനുബന്ധരേഖകളും (SRG/1606/2023 – CC/929/2023)**

**വിഷയം:-** ആലപ്പുഴ മെഡിക്കൽ കോളേജിൽ എത്തുന്നവർക്ക് ആശുപത്രി കവാടം മുതൽ ആശുപത്രി കാമ്പസ്സിനുള്ളിലേയ്ക്ക് യാത്രാ സൗകര്യം ഒരുക്കുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| *പ്രോ.നം:* 88/24 | *അടങ്കൽ* | *10,00,000 രൂപ (വികസനഫണ്ട് -ജനറൽ)* |
| *പേര്* | *ആലപ്പുഴ MCH -ൽ എത്തുന്ന രോഗികളെ ആശുപത്രി കവാടത്തിൽ നിന്നും വിവിധ ബ്ലോക്കുകളിൽ എത്തിക്കുന്നതിന് വനിതാ ഗ്രൂപ്പിന് ബഗ്ഗി കാർ വാങ്ങി നൽകൽ* | |

ആലപ്പുഴ മെഡിക്കൽ കോളേജിൽ എത്തുന്ന രോഗികളെയും കൂട്ടിരിപ്പുകാരെയും ആശുപത്രി കവാടത്തിൽ നിന്ന് ആശുപത്രിയിലെ വിവിധ ബ്ലോക്കുകളിലും ലബോറട്ടറികളിലും എത്തിക്കുന്നതിന് ബഗ്ഗി കാർ സൗകര്യം ഒരുക്കുന്നതിനാണ് പ്രോജക്ട്. തെരഞ്ഞെടുത്ത രണ്ട് വനിത ഗ്രൂപ്പുകൾ മുഖേന നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. ഉപഭോക്താക്കളിൽ നിന്നും ഈടാക്കുന്ന നാമമാത്രമായ ചാർജ്ജ് ആണ് ഗ്രൂപ്പുകളുടെ വരുമാനമാർഗ്ഗം. ആവർത്തന ചെലവും ഇതിൽ നിന്നും കണ്ടെത്തുന്നു. അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനായും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി കൺവീനറും ആശുപത്രി സൂപ്രണ്ട് അടക്കമുള്ളവർ അംഗങ്ങളുമായ ഒരു മോണിറ്ററിംഗ് സമിതിയും രൂപീകരിക്കുന്നു. ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** തൽക്കാലം പരിഗണിക്കേണ്ടതില്ല എന്ന് യോഗം തീരുമാനിച്ചു.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ(ഡി.ഇ) വകുപ്പ്** |

## 4.29 അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്ത്

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 02.11.2023-ലെ കത്ത് (SRG/1557/2023 – CC/884/2023)**

**വിഷയം:-** ഹരിത കർമ്മസേനയ്ക്ക് വാഹനം വാങ്ങുന്നതു സംബന്ധിച്ച്

| | | |
|---|---|---|
| *പ്രോ.നം:* 394/24 | *അടങ്കൽ* | *10,00,000 രൂപ (ശുചിത്വ മിഷൻ വിഹിതം – 7,00,000 രൂപ തനത് ഫണ്ട് വിഹിതം – 3,00,000 രൂപ )* |
| *പേര്* | *ഹരിത കർമ്മസേനയ്ക്ക് വാഹനം വാങ്ങൽ* | |

അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്തിന്റെ ഭൂപ്രകൃതിയിൽ ഇലക്ട്രിക് വാഹനം ലോഡോടുകൂടി കയറ്റം കയറില്ല എന്നതിനാൽ ഇലക്ട്രിക്പെട്ടി ഓട്ടോയ്ക്ക് പകരം 10.00 ലക്ഷം രൂപയിൽ താഴെവിലയുള്ള മിനി ലോറി വാങ്ങാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** അനുമതി നൽകുന്നു.

| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ(ഡബ്ല്യു.എം) വകുപ്പ് |
|---|---|

4.30 **ആലപ്പുഴ ജില്ലാ പഞ്ചായത്ത്**

**സർക്കാരിന്റെ 06.01.2024-ലെ DB2/20/2024 - LSGD നമ്പർ കത്തും ആലപ്പുഴ ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 03.01.2024-ലെ PL -4591/23-ലെ കത്തും ആലപ്പുഴ ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ 30.11.2023-ലെ 5(2)-ാം നമ്പർ തീരുമാനവും (SRG/11/24)**

**വിഷയം:-** ചെങ്ങന്നൂർ സെന്റർ ഹാച്ചറിയിലേയ്ക്ക് വാഹനം വാങ്ങുന്നത് സംബന്ധിച്ച്

ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയിലേയ്ക്ക് ആലപ്പുഴ ജില്ലാ പഞ്ചായത്തിൽ നിന്ന് ഒരു പിക്ക് അപ്പ് വാഹനം വാങ്ങി നൽകാൻ ഉദ്ദേശിക്കുന്നു. ഹാച്ചറി ജില്ലാ പഞ്ചായത്തിന് കൈമാറിയ സ്ഥാപനമല്ല. 2007-ൽ ജില്ലാ പഞ്ചായത്തിൽ നിന്ന് ഒരു പിക്ക് അപ്പ് വാഹനം ഈ സ്ഥാപനത്തിന് വാങ്ങി നൽകിയിരുന്നു. 15 വർഷം കഴിഞ്ഞതിനാൽ വാഹനം മാറണം. പുതിയ വാഹനം വാങ്ങി നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** ജില്ലാ പഞ്ചായത്തിനു കൈമാറിയ സ്ഥാപനമല്ല എന്നു യോഗം വിലയിരുത്തി. അനുമതി നിരസിച്ചു. മൃഗസംരക്ഷണവകുപ്പിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് ഈ ആവശ്യം മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർക്ക് നൽകാൻ നിർദ്ദേശിക്കുന്നു.

| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ് |
|---|---|

4.31 **മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത്**

**വയനാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 11.10.2023-ലെ കത്തും മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 06.10.2023-ലെ കത്തും മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 19.09.2023-ലെ 2(3) -ാം നമ്പർ തീരുമാനവും (SRG/1456/2023 - CC/822/2023)**

**വിഷയം:-** മൊബൈൽ വെറ്ററിനറി സർവ്വീസ് നടപ്പാക്കുന്നത് സംബന്ധിച്ച്

| *പ്രോ.നം:* 74/24 | *അടങ്കൽ* | *20,00,000 രൂപ (വികസനഫണ്ട് ജനറൽ - 10,00,000 രൂപ മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ് - 10,00,000 രൂപ )* |
|---|---|---|
| *പേര്* | *മാനന്തവാടി ബ്ലോക്ക്തല മൊബൈൽ വെറ്ററിനറി സർവ്വീസ്* | |

മാനന്തവാടി ബ്ലോക്ക് 2021-22 മുതൽ ബ്ലോക്ക് പഞ്ചായത്ത് മേഖലയിൽ മൊബൈൽ വെറ്ററിനറി സർവ്വീസ് നടത്തുന്നുണ്ട്. ഇവിടെ നിയമിച്ചിരിക്കുന്ന ഡോക്ടർമാർക്ക് വേതനം വികസനഫണ്ടിൽ നിന്നും നൽകുന്നതോടൊപ്പം മെയിന്റനൻസ് ഗ്രാന്റ് (നോൺറോഡ്) ഉപയോഗിച്ച് മരുന്നും നൽകുന്നതിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** 1) മുൻ കോഓർഡിനേഷൻ കമ്മിറ്റിയിൽ തീരുമാനിച്ചതുപോലെ ഇനി പറയുന്ന രീതിയിൽ പ്രോജക്റ്റ് നടപ്പാക്കാൻ നിർദ്ദേശിക്കുന്നു. സഞ്ചരിക്കുന്ന മൃഗാശുപത്രിയിലൂടെ തീർത്തും സൗജന്യമായി സേവനം നൽകുന്നതിനു പകരം ന്യായമായ ഫീസ് ഈടാക്കി സംരംഭക മാതൃകയിൽ പ്രോജക്റ്റ് നടപ്പാക്കുന്ന രീതി പരിഗണിക്കണം. ഇതുവഴി

സഞ്ചരിക്കുന്ന മൃഗാശുപത്രിയുടെ പ്രവർത്തന ചെലവ് വരുമാനത്തിൽ നിന്നു കണ്ടെത്തി ഭാവിയിൽ പൂർണ്ണമായും സംരംഭക മാതൃകയിൽ ഇതു മാറ്റാൻ കഴിയണം. ഗുണഭോക്താക്കളിൽ നിന്ന് വാങ്ങുന്ന ഫീസ് പ്രത്യേക അക്കൗണ്ടിൽ സൂക്ഷിച്ച് ചെലവ് കണ്ടെത്തുന്ന രീതി അവലംബിക്കണം. ഈ രീതി ഈ വർഷം തന്നെ തുടങ്ങി അടുത്ത വർഷം പൂർണ്ണമായും സംരംഭകരീതി അവലംബിക്കണം.

മൃഗസംരക്ഷണ വകുപ്പിന്റെ നേരിട്ടുള്ള സഹായത്തോടെ മൊബൈൽ വെറ്ററിനറി ക്ലിനുക്കുകളിൽ ഓരോ സേവനത്തിനും 450 രൂപ നിരക്കിൽ ഈടാക്കുന്നുണ്ട് എന്ന് മൃഗസംരക്ഷണവകുപ്പ് ഡയറക്ടർ 22.01.2024-ലെ യോഗത്തിൽ അറിയിച്ചിരുന്നു. ഈ നിരക്ക് ഓരോ സേവനത്തിനും ഈടാക്കാവുന്നതാണ്.

**2)**മൊബൈൽ വെറ്ററിനറി ക്ലിനിക്കിന് മരുന്നടക്കമുള്ള സാധനങ്ങൾ വാങ്ങുന്നതിന് നോൺറോഡ് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിക്കാവുന്നതല്ല.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്** |

**4.32 <u>അളഗപ്പ നഗർ ഗ്രാമപഞ്ചായത്ത്</u>**

**തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 12.10.2023-ലെ കത്തും അനുബന്ധരേഖകളും (SRG/1461/2023 - CC /817/2023)**

**വിഷയം:-** കന്നുകുട്ടി പരിപാലനത്തിനുള്ള സംസ്ഥാന വിഹിതം നൽകുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| *പ്രോ.നം:* 12/24 | ***അടങ്കൽ*** | ***25,00,000 രൂപ<br>(വികസനഫണ്ട് ജനറൽ - 6,25,000 രൂപ<br>സംസ്ഥാന സർക്കാർ വിഹിതം - 6,25,000 രൂപ<br>ഗുണഭോക്തൃ വിഹിതം - 12,50,000 രൂപ )*** |
| ***പേര്*** | ***കന്നുകുട്ടി പരിപാലന പദ്ധതി*** | |

കന്നുകുട്ടി പരിപാലനത്തിനായുള്ള പ്രോജക്ടിൽ മാർഗ്ഗരേഖയിൽ പറഞ്ഞിരിക്കുന്ന യൂണിറ്റ് നിരക്ക് പ്രകാരമാണ് വിഹിതം ഉൾപ്പെടുത്തിയിരിക്കുന്നത്. തദ്ദേശഭരണസ്ഥാപന വിഹിതം 6,250 രൂപ, സംസ്ഥാന വിഹിതം (മൃഗസംരക്ഷണ വകുപ്പ്) 6,250 രൂപ, ഗുണഭോക്തൃ വിഹിതം 12,500 രൂപ. എന്നാൽ സംസ്ഥാന വിഹിതം ലഭിച്ചിട്ടില്ല. അതിനാൽ സംസ്ഥാന വിഹിതം നൽകുകയോ അല്ലായെങ്കിൽ ഈ തുക കൂടി ഗ്രാമപഞ്ചായത്തിൽ നിന്നു നൽകുകയോ ചെയ്യണമെന്നതു സംബന്ധിച്ച്.

**തീരുമാനം :- 1)** മൃഗസംരക്ഷണവകുപ്പ് നൽകേണ്ട വിഹിതത്തിനു പകരം തദ്ദേശഭരണ സ്ഥാപനത്തിൽ നിന്ന് വിഹിതം നൽകാവുന്നതല്ല.

**2)** ക്ഷീര കർഷകർക്ക് ഏറെ പ്രയോജനകരമായ ഈ പദ്ധതിക്ക് മൃഗസംരക്ഷണവകുപ്പിന്റെ വിഹിതം കണ്ടെത്തുന്നതിന് മൃഗ സംരക്ഷണ പ്രവർത്തനത്തിനായി മാറ്റി വച്ചിരിക്കുന്ന മറ്റു വിഹിതം റീ അപ്രോപ്രിയേഷനിലൂടെ കണ്ടെത്തുന്നതിന് നടപടി സ്വീകരിക്കണമെന്ന് മൃഗസംരക്ഷണവകുപ്പ് ഡയറക്ടറോട് നിർദ്ദേശിച്ചു. ഇതനുസരിച്ച് നടപടി സ്വീകരിക്കാമെന്ന് മൃഗസംരക്ഷണ വകുപ്പ് പ്രതിനിധികൾ യോഗത്തിൽ അറിയിച്ചു.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1) ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ്<br>2)തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്** |

## 4.33 ഏനാദിമംഗലം ഗ്രാമപഞ്ചായത്ത്

**പത്തനംതിട്ട ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 03.02.2024 ലെ കത്തും ഏനാദിമംഗലം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 19.01.2024-ലെ 1(3) -ാം നമ്പർ തീരുമാനവും (SRG/126/24 - CC/76/24, SRG/127/24 - CC/77/24)**

**വിഷയം:-** മുട്ടക്കോഴി വളർത്തലിനുള്ള പ്രോജക്ട് നടപ്പാക്കുന്നതിന് അനുമതി സംബന്ധിച്ച്

(i)

| *പ്രോ.നം:* 293/24 | ***അടങ്കൽ*** | ***90,00,000 രൂപ<br>( വികസനഫണ്ട് ജനറൽ - 21,35,590 രൂപ)<br>സി.എഫ്.സി. ബേസിക് ഗ്രാന്റ് - 23,64,410 രൂപ<br>ഗുണഭോക്തൃ വിഹിതം - 45,00,000 രൂപ*** |
|---|---|---|
| ***പേര്*** | **മുട്ടക്കോഴി വളർത്തൽ ജനറൽ - വനിത** | |

സ്വയംതൊഴിൽ സംരംഭത്തിനു മുട്ടക്കോഴികളെ നൽകുന്നതിനാണ് പ്രോജക്ട്. ഒരു വനിതാ ഗുണഭോക്താവിന് 120 ദിവസം പ്രായമായ 100 മുട്ടക്കോഴികളെ 'കെപ്കോ'യിൽ നിന്നു വാങ്ങി നൽകുന്നു. ഒരു കോഴിയുടെ വില 450 രൂപ. 225 രൂപ (50 ശതമാനം) സബ്സിഡി നൽകും. 63,000 രൂപ ചെലവ് വരുന്ന കോഴിക്കൂട് MGNREGS മുഖേന നിർമ്മിച്ചു നൽകും. ഒരു ഗുണഭോക്താവിനായി ആകെ ചെലവ് 100 കോഴികൾക്കായി 45,000 രൂപയും കൂടിനായി 63,000 രൂപയും ഉൾപ്പെടെ 1,08,000 രൂപയാണ്. സബ്സിഡി ഇനത്തിൽ ആകെ നൽകുന്നത് 22,500 രൂപ (100 എണ്ണം X 225 രൂപ). കോഴിയുടെ വില കെപ്കോയ്ക്ക് മുൻകൂറായി നൽകുന്ന രീതിയിലാണ് പ്രോജക്ട്. മുട്ട വിൽക്കുന്നതിനുള്ള മാർക്കറ്റ് കുടുംബശ്രീ മുഖേന കണ്ടെത്തുമെന്ന് പ്രോജക്ട് റിപ്പോർട്ടിൽ പറയുന്നുണ്ട്.

ഈ രീതിയിൽ സബ്സിഡി നൽകുന്നത് സംബന്ധിച്ച് മാർഗ്ഗരേഖയിൽ പ്രതിപാദിച്ചിട്ടില്ലാത്തതിനാൽ നൂതന പ്രോജക്ടുകൾക്കു വേണ്ടിയുള്ള ജില്ലാതല വിദഗ്ധ സമിതി അനുമതി നിരസിച്ചു. വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** മൃഗസംരക്ഷണവകുപ്പ് ഡയറക്ടറുടെ നിർദ്ദേശം കൂടി പരിഗണിച്ച് താഴെപ്പറയുന്ന നിബന്ധനയോടെ പ്രോജക്ട് നടപ്പാക്കാൻ അനുമതി നൽകുന്നു.

ആദ്യഘട്ടമെന്ന നിലയിൽ ഒരു കുടുംബത്തിന് നൽകാവുന്ന മുട്ടക്കോഴികളുടെ എണ്ണം 50 ആയി പരിമിതപ്പെടുത്തണം. ഉയർന്ന ഉല്പാദനക്ഷമതയുള്ള **B.V** 380 കോഴികളെ വിതരണം ചെയ്യണം. ഗുണമേന്മയുള്ള കോഴിത്തീറ്റ ഗുണഭോക്താവ് ഉറപ്പാക്കണം.

കെപ്കോയ്ക്ക് കോഴിയുടെ വില മുൻകൂറായി നൽകുന്നതിന് ധനവകുപ്പിന്റെ അനുമതി വാങ്ങണം. ഒപ്പം വനിതാ ഘടക പദ്ധതിയിലാണ് പ്രോജക്ട് തയ്യാറാക്കിയിരിക്കുന്നത് എന്നതിനാൽ വനിതകൾ ഗൃഹനാഥയായവർ തന്നെയാണ് ഗുണഭോക്താക്കൾ എന്നുറപ്പാക്കണം. **MGNREGS** മുഖേനയോ ഗുണഭോക്താവ് നേരിട്ടോ കോഴിക്കൂടിന്റെ നിർമ്മാണം പൂർത്തിയാക്കിയെന്ന് കോഴികളെ നൽകുന്നതിന് മുമ്പ് തന്നെ നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കണം. ഉല്പാദിപ്പിക്കുന്ന മുട്ടയ്ക്ക് വിപണന സൗകര്യം ഉറപ്പാക്കണം. കോഴിയുടെ കാഷ്ഠവും മറ്റ് മാലിന്യങ്ങളും ശാസ്ത്രീയമായി സംസ്കരിക്കുന്നതിനനോ വിപണനം നടത്തുന്നതിനോ ക്രമീകരണം ഗുണഭോക്താവ് ഉറപ്പവരുത്തണം. വരും

വർഷങ്ങളിൽ ഈ പ്രോജക്ടുമായി ബന്ധപ്പെട്ട മറ്റു ചെലവുകൾ ഗുണഭോക്താവ് വരുമാനത്തിൽ നിന്നു തന്നെ വഹിക്കാവുന്ന തരത്തിൽ പ്രോജക്ടിന്റെ സുസ്ഥിരത ഉറപ്പാക്കണം.

| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ് |
|---|---|

(ii)

| *പ്രോ.നം:* 294/24 | ***അടങ്കൽ*** | ***45,00,000** രൂപ*<br>*( വികസനഫണ്ട് ജനറൽ – 15,000 രൂപ)*<br>***എസ്.സി.പി – 22,15,000 രൂപ***<br>***തനത് ഫണ്ട് – 20,000 രൂപ***<br>***ഗുണഭോക്തൃ വിഹിതം 22,50,000 രൂപ*** |
|---|---|---|
| ***പേര്*** | **മുട്ടക്കോഴി വളർത്തൽ എസ്.സി.പി. വനിത** | |

മുകളിൽപറഞ്ഞ നിരക്കിലും രീതിയിലും 100 പട്ടികജാതി വിഭാഗത്തിലെ വനിതാ ഗുണഭോക്താക്കൾക്ക് മുട്ടക്കോഴികളെ നൽകുന്നതിനാണ് പ്രോജക്ട്. എസ്.സി.പിയിലാണ് പ്രോജക്ട് എങ്കിലും മുകളിൽ പറഞ്ഞ നിരക്കിൽ തന്നെയാണ് സബ്സിഡി നൽകുന്നത്. ഈ പ്രോജക്ടിന് നൂതന പ്രോജക്ടിനുള്ള ജില്ലാതല വിദഗദ്ധ സമിതി അനുമതി നിരസിച്ചു. കോഓർഡിനേഷൻ കമ്മിറ്റിയുടെ പ്രത്യേകാനുമതി നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം :–** മുകളിൽ പറഞ്ഞ ഖണ്ഡിക 4.33 ലെ തീരുമാനം ബാധകമാണ്.

| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ് |
|---|---|

### 4.34 താനൂർ ബ്ലോക്ക് പഞ്ചായത്ത്

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 26.10.2023–ലെ കത്തും താനൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 16.10.2023–ലെ D – 1666/23 –ാം നമ്പർ കത്തും. (SRG/1524/2023 – CC/861/2023, SRG/1501/2023)**

**വിഷയം:–** ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവർക്ക് സൈഡ് വീൽ ഘടിപ്പിച്ച ഇലക്ട്രിക് സ്കൂട്ടർ നൽകുന്നത് സംബന്ധിച്ച്

| *പ്രോ.നം:* 121/24 | ***അടങ്കൽ*** | ***8,75,000 രൂപ***<br>***(വികസനഫണ്ട് ജനറൽ – വനിത)*** |
|---|---|---|
| ***പേര്*** | ***അംഗപരിമിതർക്ക് സൈഡ് വീൽ ഘടിപ്പിച്ച ഇലക്ട്രിക് സ്കൂട്ടർ – വനിത*** | |

ഭിന്നശേഷിക്കാർക്ക് സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ നൽകുന്നതിനുള്ള പ്രോജക്ട് സബ്സിഡി ധനസഹായ മാർഗ്ഗരേഖ പ്രകാരം ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത്, നഗരസഭകൾക്ക് ഏറ്റെടുക്കാം. എന്നാൽ 08.11.2022–ലെ ഡി.എ1/387/2022/തസ്വഭവ സർക്കുലർ പ്രകാരം ത്രിതല തദ്ദേശഭരണ സ്ഥാപനങ്ങളിൽ ജില്ലാ പഞ്ചായത്തിനാണ് പ്രോജക്ട് നടപ്പാക്കാവുന്നത്. ഈ പ്രോജക്ട് ബ്ലോക്ക് പഞ്ചായത്തിന് നേരിട്ട് നടപ്പാക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച് .

**തീരുമാനം :–** അനുമതി നൽകുന്നു.

| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ് |
|---|---|

### 4.35 സാമൂഹ്യനീതി വകുപ്പ്

**സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ 09.11.2023–ലെ 125518/23–ാം നമ്പർ കത്ത് (SRG/1504/2023)**

**വിഷയം:-** ഭിന്നശേഷിക്കാരായ കുട്ടികളുടെ കലാകായിക മത്സരങ്ങൾ

പതിനാലാം പഞ്ചവൽസര പദ്ധതി ധനസഹായ - സബ്സിഡി മാർഗ്ഗരേഖ പ്രകാരം ഭിന്നശേഷിക്കാരായ കുട്ടികളുടെ കലാകായിക മത്സരങ്ങൾ ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കും നടത്താം. ഇതിനായി 75,000 രൂപ ചെലവഴിക്കാം. ഗ്രാമപഞ്ചായത്തുകളിൽ നടക്കുന്ന മത്സരങ്ങളിൽ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ ലഭിക്കുന്ന കുട്ടികളെയും രക്ഷകർത്താക്കളെയും പങ്കെടുപ്പിച്ചുകൊണ്ട് ബ്ലോക്ക് തലത്തിലും മത്സരങ്ങൾ സംഘടിപ്പിക്കാം. ഇതിനായി ആകെ മൂന്ന് ലക്ഷം രൂപ ചെലവഴിക്കാം. എന്നാൽ കണ്ണൂർ ജില്ലാ പഞ്ചായത്തടക്കം പല ജില്ലാ പഞ്ചായത്തുകളും ഇത്തരം കലോത്സവങ്ങൾ നടത്തി. ഇതിന്മേൽ ഓഡിറ്റ് കുറിപ്പുണ്ട്. ഇവയ്ക്ക് സാധൂകരണം നൽകണമെന്നും ഇനിയുള്ള വർഷങ്ങളിൽ ഇതിനായി പ്രോജക്ട് ഏറ്റെടുക്കാൻ ജില്ലാ പഞ്ചായത്തുകൾക്ക് അനുമതി നൽകണമെന്നതും സംബന്ധിച്ച്

**തീരുമാനം :-** **1)** ഭിന്നശേഷി കലോത്സവം മാർഗ്ഗരേഖയിൽ പറയും പ്രകാരം ഗ്രാമ/ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ മാത്രം നടത്തിയാൽ മതിയെന്നു നിർദ്ദേശിക്കുന്നു. ജില്ലാതലത്തിൽ ഭിന്നശേഷി കലോത്സവം നടത്തേണ്ടതില്ല.

**2)** മുൻവർഷങ്ങളിൽ ഭിന്നശേഷി കലോത്സവം നടത്തിയതിന്മേലുള്ള ഓഡിറ്റ് കുറിപ്പിന്മേൽ വകുപ്പ് തലത്തിൽ തുടർ നടപടി സ്വീകരിക്കാൻ നിർദ്ദേശിക്കുന്നു

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്** |

## 4.36 <u>കൊഴുവനാൽ ഗ്രാമപഞ്ചായത്ത്</u>

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 23.12.2023 ലെ കത്തും അനുബന്ധരേഖകളും (SRG/1698/23 – CC/921/23)**

**വിഷയം:-** ഭിന്നശേഷി കുട്ടികളുള്ള കുടുംബത്തിന് നാപ്കിൻ ഡിസ്പ്പോയർ വാങ്ങി നൽകുന്നതു സംബന്ധിച്ച്

| | | |
|---|---|---|
| ***പ്രോ.നം:* 191/24** | ***അടങ്കൽ*** | ***45,000 രൂപ*** *(CFC Tied Grant)* |
| ***പേര്*** | ***ഭിന്നശേഷി കുട്ടികൾക്ക് നാപ്കിൻ ഡിസ്പ്പോയർ*** | |

കൊഴുവനാൽ ഗ്രാമപഞ്ചായത്തിൽ 10-ാം വാർഡിൽ താമസിക്കുന്ന വയലിൽ വീട്ടിൽ മനു, സ്മിത ദമ്പതികളുടെ രണ്ടു കുട്ടികൾക്കും അപൂർവ്വരോഗമായ SW-CAH-ഉം 90 ശതമാനം ഓട്ടിസവും ബാധിച്ചതാണ്. ചികിത്സയ്ക്ക് വളരെ ബുദ്ധിമുട്ട് അനുഭവിക്കുന്ന ഈ കുട്ടികളുടെ ആവശ്യത്തിനായി നാപ്കിൻ ഡിസ്പ്പോയർ വാങ്ങി നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു. ഒപ്പം ഗ്രാമപഞ്ചായത്തിലെ ഭിന്നശേഷിക്കാരായ കുട്ടികളുള്ള മറ്റു കുടുംബത്തിനും നാപ്കിൻ ഡിസ്പ്പോയർ വാങ്ങി നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** നാപ്കിൻ ഡിസ്പ്പോയർ ഫലപ്രദമല്ല എന്ന് ശുചിത്വ മിഷൻ പ്രതിനിധി യോഗത്തിൽ അറിയിച്ചു. ഈ കുടുംബത്തിന് സഹായം നൽകേണ്ടത് പ്രത്യേകം പരിഗണിക്കേണ്ടതാണെന്ന് യോഗം വിലയിരുത്തി. അതിനാൽ ഈ കുടുംബത്തിനു കൂടി സഹായകരമായ രീതിയിൽ കൊഴുവനാൽ ഗ്രാമപഞ്ചായത്തിൽ ഡയപ്പർ ഇൻസിനറേറ്റർ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കാൻ നിർദ്ദേശിക്കുന്നു. ഇതിനായി ജില്ല/ബ്ലോക്ക്/ ഗ്രാമപഞ്ചായത്ത് വിഹിതം ഉപയോഗിക്കാവുന്നതാണ്. മലിനീകരണ

നിയന്ത്രണ ബോർഡിന്റെ അനുമതി തേടേണ്ടതാണ്. ജില്ലാ ആസൂത്രണസമിതി ഈ വിഷയത്തിൽ പ്രത്യേകമായി ഇടപെട്ട് പ്രവർത്തനം ഏകോപിപ്പിക്കണം. ഇതിനായി ജില്ലാ പ്ലാനിംഗ് ഓഫീസർ തുടർ നടപടി സ്വീകരിച്ച് റിപ്പോർട്ട് നൽകണം.

ഇതോടൊപ്പം ഈ കുടുംബത്തിന് മാത്രമായി വീടുകളിൽ ഉപയോഗിക്കാവുന്ന ഡയപ്പർ ഇൻസിനറേറ്റർ നൽകുന്നതിനായി ഏജൻസിയെ കണ്ടെത്തി ആവശ്യമെങ്കിൽ എം.പാനൽ ചെയ്യുന്നതിന് നടപടി സ്വീകരിക്കാൻ ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തി.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1) ജില്ലാ പ്ലാനിംഗ് ഓഫീസർ, കോട്ടയം 2)തദ്ദേശസ്വയംഭരണ(ഡി.ഇ) വകുപ്പ്** |

**4.37 <u>എരഞ്ഞോളി ഗ്രാമപഞ്ചായത്ത്</u>**

**കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 31.01.2024-ലെ കത്തും എരഞ്ഞോളി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 30.10.2023-ലെ 2/276/2023 (2) -ാം നമ്പർ തീരുമാനവും (SRG/31/24 – CC/1023/23)**

**വിഷയം:-** ബഡ്സ് റിഹാബിലിറ്റേഷൻ സെന്ററിന്റെ നടത്തിപ്പ് സംബന്ധിച്ച്

| | | |
|---|---|---|
| ***പ്രോ.നം:*** 5/24 | ***അടങ്കൽ*** | *19,03,150* ***രൂപ (വികസനഫണ്ട് – ജനറൽ – 6,56,150 തനത്ഫണ്ട് – 6,50,000 ബ്ലോക്ക് പഞ്ചായത്ത് വിഹിതം – 2,00,000 ജില്ലാ പഞ്ചായത്ത് വിഹിതം – 4,00,000 രൂപ )*** |
| ***പേര്*** | ***എരഞ്ഞോളി ബഡ്സ് റിഹാബിലിറ്റേഷൻ സെന്റർ ദൈനംദിന നടത്തിപ്പ് 2023-24*** | |

എരഞ്ഞോളി ഗ്രാമപഞ്ചായത്തിലെ ബഡ്സ് റിഹാബിലിറ്റേഷൻ സെന്ററിന്റെ പ്രവർത്തനത്തിന് ബ്ലോക്ക് പഞ്ചായത്തും ജില്ലാ പഞ്ചായത്തും വിഹിതം ഉൾപ്പെടുത്തിയിട്ടുണ്ട്. മാർഗ്ഗരേഖ പ്രകാരം ബഡ്സ് സ്കൂൾ/റിഹാബിലിറ്റേഷൻ സെന്ററുകൾക്ക് സ്ഥലം വാങ്ങൽ, കെട്ടിടം നിർമ്മിക്കൽ, വർക്ക് ഷെഡ്, ഫർണിച്ചർ തുടങ്ങിയവയ്ക്കായി ഗ്രാമപഞ്ചായത്ത് പ്രോജക്ട് തയ്യാറാക്കുമ്പോൾ ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്കും വിഹിതം വയ്ക്കാം. എന്നാൽ ബ്ലോക്ക്/ജില്ലാ പഞ്ചായത്ത് വിഹിതം ബഡ്സ് റിഹാബിലിറ്റേഷൻ സെന്ററിന്റെ ദൈനംദിന പ്രവർത്തനത്തിനു കൂടി ഉപയോഗിക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** മുകളിൽ പറഞ്ഞ അടിസ്ഥാന സൗകര്യങ്ങൾക്ക് വിഹിതം ആവശ്യമില്ലെങ്കിൽ ബ്ലോക്ക്/ജില്ലാ പഞ്ചായത്തിൽ നിന്ന് ലഭ്യമായ വിഹിതം ബഡ്സ് റിഹാബിലിറ്റേഷൻ സെന്ററിന്റെ ദൈനംദിന ആവശ്യത്തിന് ഉപയോഗിക്കുന്നതിന് അനുമതി നൽകുന്നു.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ(ഐ.എ) വകുപ്പ്** |

**4.38 <u>ചെമ്മനാട് ഗ്രാമപഞ്ചായത്ത്</u>**

**കാസർഗോഡ് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 03.11.2023-ലെ കത്തും ചെമ്മനാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 18.10.2023-ലെ sc3/246/23-ാം നമ്പർ കത്തും (SRG/1558/2023 – CC/566/2023)**

**വിഷയം:-** ചെമ്മനാട്, മേൽപറമ്പ് എന്നീ ജംഗ്ഷനുകളിൽ സൗന്ദര്യവൽക്കരണ പ്രവൃത്തികൾ നടത്തുന്നത് സംബന്ധിച്ച്.

| പ്രോ.നം: 397/24 | *അടങ്കൽ* | *10,00,000 രൂപ (തനത് ഫണ്ട്)* |
|---|---|---|
| *പേര്* | *നഗര സൗന്ദര്യവൽക്കരണം -ചെമ്മനാട് മേൽപറമ്പ്* | |

ചെമ്മനാട് ഗ്രാമപഞ്ചായത്തിലെ ചെമ്മനാട് മേൽപറമ്പ് ഭാഗങ്ങളിൽ നഗര സൗന്ദര്യ വൽക്കരണ പ്രവൃത്തികൾ ചെയ്യുന്നതിനാണ് പ്രോജക്ട്. ഈ റോഡ് PWD ഉടമസ്ഥതയിലുള്ളതാണ്. പൊതുമരാമത്ത് വകുപ്പ് NOC നൽകിയിട്ടുണ്ട്. നഗര സൗന്ദര്യവൽക്കരണത്തിന്റെ ഭാഗമായി ഇന്റർലോക്ക് (5,55,691 രൂപ), സ്റ്റീൽ വർക്ക് (21,782 രൂപ) പെയിന്റിംഗ് (6,989 രൂപ) എന്നിവയാണ് പ്രധാന പ്രവൃത്തികൾ. ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-**

1) അനുമതി നിരസിച്ചു.
2) ഗ്രാമപഞ്ചായത്തിന്റെ ചുമതലയിൽ ഉൾപ്പെടാത്ത ഇത്തരം പ്രവൃത്തികൾ ഏറ്റെടുക്കുന്നത് അഭികാമ്യമല്ല. ഈ ഗ്രാമപഞ്ചായത്ത് ശുചിത്വ മേഖലയിൽ നടപ്പാക്കിയ പ്രവർത്തനങ്ങൾ എന്താണെന്നതടക്കം പരിശോധിച്ച് തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് റിപ്പോർട്ട് നൽകാൻ റൂറൽ ഡയറക്ടറെ ചുമതലപ്പെടുത്തി.

| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1)റൂറൽ ഡയറക്ടർ തദ്ദേശസ്വയംഭരണ വകുപ്പ് 2)തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്** |
|---|---|

4.39 **കുമ്പള ഗ്രാമപഞ്ചായത്ത്**

**കുമ്പള ഗ്രാമപഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാന്റെ 24.01.2024-ലെ കത്തും കുമ്പള ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 20.01.2024-ലെ 1(1)-ാം നമ്പർ തീരുമാനവും അനുബന്ധരേഖകളും (SRG/172/24)**

**വിഷയം:-** PWD യുടെ ഉടമസ്ഥതയിലുള്ള റോഡ് പുറമ്പോക്ക് സ്ഥലത്ത് വാട്ടർ ടാങ്ക് നിർമ്മിക്കുന്നത് സംബന്ധിച്ച്

| പ്രോ.നം: 172/24 | *അടങ്കൽ* | *9,79,000 രൂപ (സി.എഫ്.സി. ടൈഡ് ഗ്രാന്റ്)* |
|---|---|---|
| *പേര്* | *ആരിക്കാടി ചെറിയ കുന്നിൽ കുടിവെള്ള പദ്ധതി* | |

കുമ്പള ഗ്രാമപഞ്ചായത്തിൽ ആരിക്കാടി പ്രദേശത്ത് പൈപ്പ്ലൈൻ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. ഇതിന്റെ ഭാഗമായി ആരിക്കാടി പുത്തിഗൈ PWD റോഡിനോട് ചേർന്നുള്ള പുറമ്പോക്ക് സ്ഥലത്ത് വാട്ടർ ടാങ്ക് സ്ഥാപിക്കണം. വാട്ടർ ടാങ്ക് സ്ഥാപിക്കുന്നതിനുള്ള NOC ഉപാധികളോടെ PWD നൽകിയിട്ടുണ്ട്. ഇവിടെ വാട്ടർ ടാങ്ക് നിർമ്മിക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്. ടാങ്ക് നിർമ്മിച്ചാലും റോഡ് ഗതാഗതത്തിന് തടസ്സമുണ്ടാകില്ല എന്നറിയിച്ചിട്ടുണ്ട്.

**തീരുമാനം :-** ഇതു പരിശോധിച്ച് റിപ്പോർട്ട് നൽകാൻ **KWA** ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കാവുന്നതാണ്.

| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | 1) ചീഫ് എഞ്ചിനീയർ, KWA 2)**തദ്ദേശസ്വയംഭരണ(ഡി.സി) വകുപ്പ്** |
|---|---|

4.40 <u>കുമ്പള ഗ്രാമപഞ്ചായത്ത്</u>

**കുമ്പള ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 24.01.2024 -ലെ കത്തും കുമ്പള ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 20.01.2024-ലെ 1(2)/2024 -ാം നമ്പർ തീരുമാനവും (SRG/143/24)**

**വിഷയം:-** PWD റോഡിനു സൈഡിൽ ഇന്റർലോക്ക് പതിപ്പിക്കുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| *പ്രോ.നം: 398/24* | *അടങ്കൽ* | *5,20,000 രൂപ (തനത് ഫണ്ട് )* |
| *പേര്* | *മുഗ്രാൽ പേരാൽ റോഡ് സൈഡ് ഇന്റർലോക്ക് നിയർ യുനാനി ഹോസ്പിറ്റൽ* | |

കുമ്പള ഗ്രാമപഞ്ചായത്തിൽ യുനാനി ആശുപത്രിക്കും പേരാൽ റോഡിനും സമീപം PWD സ്ഥലത്ത് ഇന്റർ ലോക്ക് പതിപ്പിക്കുന്നതിന് അനുമതി സംബന്ധിച്ച്.

**തീരുമാനം :-** അനുമതി നിരസിച്ചു.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്** |

**4.41 <u>കോഴിക്കോട് ജില്ലാപഞ്ചായത്ത്</u>**

**കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 29.09.2023 ലെ കത്തും കോഴിക്കോട് ജില്ലാപഞ്ചായത്ത് സെക്രട്ടറിയുടെ 27.09.2023-ലെ P2-4771/23-ാം നമ്പർ കത്തും കോഓർഡിനേഷൻ കമ്മിറ്റിയുടെ 22.01.2024-ലെ യോഗ തീരുമാനവും (ഖണ്ഡിക 4.67) കോഴിക്കോട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 23.02.2024-ലെ P2-4771/23-ാം നമ്പർകത്തും (SRG/206/24).**

**വിഷയം:-** കക്കോടി ഖാദി ഇൻഡസ്ട്രീസ് പ്രൊഡ്യൂസേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് കെട്ടിട നവീകരണത്തിന് ധനസഹായം നൽകുന്നത് സംബന്ധിച്ച്

കക്കോടി ഖാദി കെട്ടിടങ്ങളുടെ വനിതാ തൊഴിലിടങ്ങളുടെ നവീകരണം എന്ന പേരിൽ ജില്ലാ പഞ്ചായത്ത് പ്രോജക്ട് ഏറ്റെടുത്തിട്ടുണ്ട്. ഈ സൊസൈറ്റിയുടെ കെട്ടിടം വളരെ പഴക്കം ചെന്നതാണ്. ഈ സ്ഥാപനത്തിന് ഖാദി ഗ്രാമ വ്യവസായ കമ്മീഷന്റെയും കേരള ഖാദി വ്യവസായ ബോർഡിന്റെയും അംഗീകാരം ലഭിച്ചിട്ടുണ്ട്. ജില്ലാ പഞ്ചായത്ത് സെക്രട്ടറി 27.09.2023ൽ നൽകിയ കത്ത് പ്രകാരം പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് 2023-24 വർഷം 25.00 ലക്ഷം രൂപയും (വികസനഫണ്ട് - ജനറൽ) അടുത്ത വർഷം 50 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട് എന്ന് അറിയിച്ചിരുന്നു. കെട്ടിട നിർമ്മാണത്തിന് മുഴുവൻ തുകയും നൽകി പ്രോജക്ട് നടപ്പാക്കാൻ അനുമതി നൽകണമെന്ന് ആവശ്യപ്പെടുകയും ഇത് 22.01.2024 ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗത്തിൽ പരിഗണിക്കുകയും ചെയ്തിരുന്നു. ഖാദി സഹകരണ സംഘത്തിന്റെ സ്വന്തം സ്ഥലമാണെന്ന് ഉറപ്പാക്കി മാർഗ്ഗരേഖ പ്രകാരമുള്ള 15.00 ലക്ഷം രൂപയിൽ പരിമിതപ്പെടുത്തി 100% സബ്സിഡി നൽകാൻ 22.01.2024-ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗം അനുമതി നൽകി.

എന്നാൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 23.02.2024ലെ കത്തു പ്രകാരം ഈ പ്രോജക്ടിന്റെ അടങ്കൽ ഇനി പറയും പ്രകാരമാണെന്ന് അറിയിച്ചിരിക്കുന്നു. 2022-23 വർഷം വികസന ഫണ്ട് (ജനറൽ) ഇനത്തിൽ 5.00 ലക്ഷം രൂപയും 2023-24 വർഷം തനത് ഫണ്ടിനത്തിൽ 25.00 ലക്ഷം രൂപയും 2024-25 വർഷം 48,49,904 രൂപയും ആണ് വകയിരുത്തിയിരിക്കുന്നത്. ആകെ അടങ്കൽ 78,49,904 രൂപ. ഈ പ്രോജക്ട് പ്രകാരം ഇതുവരെ 36.00 ലക്ഷം രൂപയുടെ പ്രവൃത്തികൾ ചെയ്തു. ഇപ്പോൾ സമർപ്പിച്ച ബില്ലിൽ കഴിഞ്ഞവർഷത്തെ പ്രോജക്ടിൽ നിന്ന് 5.00 ലക്ഷം രൂപയും ഈ വർഷത്തെ പ്രോജക്ടുകളിൽ നിന്നും 25.00 ലക്ഷം രൂപയും (ആകെ 30 ലക്ഷം രൂപ) നൽകണം. ഇതിനായി 22.01.2024 -ലെ

കോഓർഡിനേഷൻ കമ്മിറ്റി യോഗ തീരുമാനം പുനഃപരിശോധിച്ച് മുകളിൽ പറഞ്ഞ രീതിയിൽ തുക നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** ഇതു പരിശോധിച്ച് റിപ്പോർട്ട് നൽകാൻ റൂറൽ ഡയറക്ടറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കുന്നതാണ്.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1) റൂറൽ ഡയറക്ടർ , തദ്ദേശസ്വയംഭരണ വകുപ്പ് 2)തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്** |

### 4.42 <u>നാദാപുരം ഗ്രാമപഞ്ചായത്ത്</u>

**കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 21.11.2023-ലെ കത്തും നാദാപുരം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 27.10.2023-ലെ 136/2023-ാം നമ്പർ തീരുമാനവും (SRG/1568/2023 - CC/920/23)**

**വിഷയം:-** പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ലാപ് ടോപ് നൽകുന്നത് സംബന്ധിച്ച്

പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് ലാപ്ടോപ് നൽകുന്നതിനുള്ള ഗുണഭോക്തൃ ലിസ്റ്റിൽ പ്രഫുൽ ലാൽ, ഒറ്റവിലവുള്ളതിൽ, നാദാപുരം എന്ന വിദ്യാർത്ഥി ഉൾപ്പെട്ടിട്ടുണ്ട്. ഈ വ്യക്തി കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ മുഴുവൻസമയ റിസർച്ച് സ്കോളർ ആണ്. ഗവേഷണ വിദ്യാർത്ഥികൾക്ക് ലാപ് ടോപ് നൽകുന്നത് സംബന്ധിച്ച് മാർഗ്ഗരേഖയിൽ പരാമർശമില്ല. ഈ വിദ്യാർത്ഥിക്ക് ലാപ്ടോപ് നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** അനുമതി നൽകുന്നു.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്** |

### 4.43 <u>കോട്ടയം ജില്ലാ പഞ്ചായത്ത്</u>

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 23.12.2023 ലെ കത്ത് (SRG/1694/23 - CC/584/23)**

**വിഷയം:-** പഠനത്തിൽ പിന്നോക്കം നിൽക്കുന്ന SSLC വിദ്യാർത്ഥികൾക്ക് പ്രത്യേക പഠന ക്ലാസ്സ്

| | | |
|---|---|---|
| *പ്രോ.നം:* 303/24 | ***അടങ്കൽ*** | ***10,00,000 രൂപ (തനത് ഫണ്ട്)*** |
| ***പേര്*** | ***വിദ്യാശ്രീ - കോട്ടയം ജില്ലയിലെ ഗവൺമെന്റ് എയ്ഡഡ് സ്കൂളുകളിൽ പ്രഭാത ഭക്ഷണം.*** | |

കോട്ടയം ജില്ലയിലെ സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ പഠനത്തിന് പിന്നോക്കം നിൽക്കുന്ന SSLC വിദ്യാർത്ഥികൾക്ക് ക്ലാസ്സ് സമയത്തിന് മുമ്പും ശേഷവും അധിക ക്ലാസ് എടുത്ത് നൽകുന്നതാണ് പദ്ധതി. അതത് സ്കൂളിലെ അദ്ധ്യാപകർ തന്നെയാണ് സൗജന്യമായി ക്ലാസ്സ് എടുക്കുന്നത്. 65 സർക്കാർ സ്കൂളുകളിലും 166 എയ്ഡഡ് സ്കൂളുകളിലും പഠിക്കുന്ന 2000 കുട്ടികളാണ് പഠനത്തിൽ പിന്നോക്കം നിൽക്കുന്നതെന്ന് കണ്ടെത്തിയിരിക്കുന്നത്. ജനുവരി 23 മുതൽ ഫെബ്രുവരി 25 വരെയാണ് അധിക ക്ലാസ്സ് നൽകുന്നത്. ഇങ്ങനെ ക്ലാസ്സുകളിൽ പങ്കെടുക്കുന്നവർക്ക് റിഫ്രഷ്മെന്റ് ചെലവിനാണ് പ്രോജക്റ്റ് തയ്യാറാക്കിയിരിക്കുന്നത്. ഒരു വിദ്യാർത്ഥിക്ക് ഒരു ദിവസം 20 രൂപ ചെലവ് വരും. ഈ പ്രോജക്റ്റ് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** അനുമതി നൽകുന്നു.

| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ(ഡി.ഇ) വകുപ്പ് |
|---|---|

### 4.44 തൃക്കരിപ്പൂർ ഗ്രാമപഞ്ചായത്ത്

**കാസർഗോഡ് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 23.12.2023 ലെ കത്തും അനുബന്ധരേഖകളും (SRG/1699/23 – CC/964/23)**

**വിഷയം:-** പഠനമുറിക്ക് ധനസഹായം നൽകുന്നത് സംബന്ധിച്ച്

കഴിഞ്ഞ സാമ്പത്തിക വർഷം പട്ടികജാതി വിഭാഗത്തിലെ കുട്ടികൾക്ക് പഠനമുറി നിർമ്മിക്കാൻ ധനസഹായം നൽകാനുള്ള ലിസ്റ്റിൽ കുമാരി മഞ്ജുഷ കെ, D/o മധു, ഒളവിറ എന്ന വിദ്യാർത്ഥി ഉൾപ്പെട്ടിരുന്നു. ഒന്നാം ഗഡു (50,000 രൂപ) തുകയ്ക്കുള്ള ബിൽ ട്രഷറിയിൽ സമർപ്പിച്ചിരുന്നുവെങ്കിലും ബിൽ പാസായില്ല. ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടപ്പോൾ ഈ വിദ്യാർത്ഥി കാഞ്ഞങ്ങാട് നെഹ്റു ആട്സ് ആന്റ് സയൻസ് കോളേജിൽ പഠിക്കുകയായിരുന്നു. ഇപ്പോൾ കോളേജ് പഠനം കഴിഞ്ഞ് പ്രൈവറ്റ് ആയി നേഴ്സിംഗിന് പഠിക്കുന്നു. ഗ്രാമപഞ്ചായത്തിൽ നിന്നും ധനസഹായം ലഭിക്കും എന്ന ധാരണയിൽ പഠനമുറിയുടെ നിർമ്മാണം ആരംഭിച്ചു. ഈ വർഷം ഈ കുടുംബത്തിന് ധനസഹായം നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** കഴിഞ്ഞ വർഷം ഗുണഭോക്താവായി തെരഞ്ഞെടുക്കപ്പെട്ടിരുന്നു എന്നതും ട്രഷറിയിൽ സമർപ്പിച്ച ബിൽ പാസാക്കാത്തതിനാലാണ് ധനസഹായം നൽകാൻ കഴിയാത്തത് എന്നതും പരിഗണിച്ച് അനുമതി നൽകുന്നു.

| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ് |
|---|---|

### 4.45 മങ്കട ബ്ലോക്ക് പഞ്ചായത്ത്

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 13.12.2023-ലെ കത്തും അനുബന്ധരേഖകളും (SRG/1658/2023 – CC/577/23)**

**വിഷയം:-** വിവിധ പട്ടികജാതി സങ്കേതങ്ങളിൽ കോളനി വികസനത്തിനുള്ള പ്രോജക്ടിന് അനുമതി സംബന്ധിച്ച്

മങ്കട ബ്ലോക്ക് പഞ്ചായത്തിൽ കുറവ, മൂർക്കനാട് , പുഴക്കാട്ടിരി, മങ്കട, കൂട്ടിലങ്ങാടി എന്നീ ഗ്രാമപഞ്ചായത്തുകളിലെ 9 പട്ടികജാതി സങ്കേതങ്ങളിൽ കോളനി സംരംക്ഷണത്തിനായി താഴെപ്പറയുന്ന പ്രോജക്ടുകൾ ഏറ്റെടുത്തിരിക്കുന്നു.

| ക്രമ നം | പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | അടങ്കൽ | |
|---|---|---|---|---|
| | | | 2023-24 | 2024-25 |
| 1 | 149/24 | മൂർക്കനാട് കോലാർകുന്ന് എസ്.സി കോളനി നവീകരണം | 3,00,000 | 2,00,000 |
| 2 | 150/24 | കുറവ കോഴിയൂർകുന്ന് എസ്.സി. കോളനി സംരക്ഷണം | 3,00,000 | 2,00,000 |
| 3 | 151/24 | മങ്കട കളത്തുംപടി എസ്.സി. കോളനി സംരക്ഷണം | 3,00,000 | 2,00,000 |
| 4 | 152/24 | കൂട്ടിലങ്ങാടി കാരട്ട് പറമ്പ് എസ്.സി. കോളനി സംരക്ഷണം | 5,00,000 | -- |
| 5 | 153/24 | കൂട്ടിലങ്ങാടി മങ്ങാരം എസ്.സി. കോളനി സംരക്ഷണം | 5,00,000 | -- |
| 6 | 154/24 | പുഴക്കാട്ടിരി ചകിടിപറമ്പ് എസ്.സി. കോളനി സംരക്ഷണം | 2,50,000 | 2,50,000 |
| 7 | 155/24 | മങ്കടകാളം ചോല എസ്.സി. കോളനി സംരക്ഷണം | 5,00,000 | -- |

| | | | | |
|---|---|---|---|---|
| 8 | 156/24 | കുറവ ചെറുകുളമ്പ് എസ്.സി. കോളനി സംരക്ഷണം | 5,00,000 | -- |
| 9 | 157/24 | പുഴക്കാട്ടിരി നാറാണത്ത് എസ്.സി. കോളനി സംരക്ഷണം | 5,00,000 | -- |

ഈ പ്രോജക്ടുകളിൽ ക്രമനമ്പർ ഒന്നിൽ പാർശ്വഭിത്തി നിർമ്മാണവും നടപ്പാത സംരക്ഷണവുമാണ് ഉദ്ദേശിക്കുന്നത്. മറ്റു പ്രോജക്ടുകൾ എല്ലാം പാർശ്വഭിത്തി സംരക്ഷണത്തിനുമാത്രവുമാണ്. ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ട് എന്നിറിയിച്ചിട്ടുണ്ട്. ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** പട്ടികജാതി സങ്കേതങ്ങളുടെ സമഗ്ര വികസനത്തിനുള്ള ഘടകങ്ങൾ പ്രോജക്ടിൽ ഇല്ലായെന്ന് യോഗം വിലയിരുത്തി. പട്ടികജാതി സങ്കേതത്തിന്റെ സമഗ്ര വികസനത്തിനുള്ള ഘടകങ്ങൾ ഉൾക്കൊള്ളിച്ച് പ്രോജക്ട് തയ്യാറാക്കാൻ നിർദ്ദേശിക്കുന്നു. ഇതനുസരിച്ച് പ്രോജക്ട് നൽകുന്ന മുറയ്ക്ക് പരിഗണിക്കുന്നതാണ്.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്** |

### 4.46 <u>പാമ്പാടി ബ്ലോക്ക് പഞ്ചായത്ത്</u>

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 12.01.2023 ലെ കത്തും പാമ്പാടി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 14.12.2023-ലെ A4-739/23-ാം നമ്പർ കത്തും (SRG/133/24 – CC/991/23)**

**വിഷയം:-** പള്ളിക്കത്തോട് ഗ്രാമപഞ്ചായത്തിൽ കുടിവെള്ള പദ്ധതിക്കായി മോട്ടോർ വാങ്ങി നൽകുന്നത് - സംബന്ധിച്ച്

| | | |
|---|---|---|
| *പ്രോ.നം: 121/24* | *അടങ്കൽ* | *1,00,000 രൂപ (തനത് ഫണ്ട്)* |
| *പേര്* | *പള്ളിക്കത്തോട് ഗ്രാമപഞ്ചായത്ത് വാർഡ് -7 കരിപ്പക്കൽ കുടിവെള്ള പദ്ധതിക്ക് മോട്ടോർ വാങ്ങൽ* | |

പള്ളിക്കത്തോട് ഗ്രാമപഞ്ചായത്തിൽ 7-ാം വാർഡിലുള്ള കരിപ്പക്കൽ കുടിവെള്ള പദ്ധതിക്ക് (ഗുണഭോക്തൃസമിതിയുടെ നിയന്ത്രണത്തിലുള്ളത്) മോട്ടോർ വാങ്ങുന്നതിന് കഴിഞ്ഞ വർഷമെടുത്ത പ്രോജക്ട് ഈ വർഷം സ്പിൽ ഓവറായി തുടരുന്നുണ്ട്. മോട്ടോർ റിപ്പയർ ചെയ്യാനാവാത്ത വിധം കേടായിട്ടുണ്ട്. പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ താമസിക്കുന്ന മേഖലയാണ് ഈ പ്രദേശം. പുതിയ മോട്ടോർ വാങ്ങി സ്ഥാപിക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** അനുമതി നൽകുന്നു.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ(ഡി.സി) വകുപ്പ്** |

### 4.47 <u>പനയം ഗ്രാമപഞ്ചായത്ത്</u>

**പനയം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റേയും സെക്രട്ടറിയുടെയും 27.12.2023-ലെ SC – 2-6465/23-ാം നമ്പർ കത്തും പനയം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 27.05.2023-ലെ 4(2)-ാം നമ്പർ തീരുമാനവും KWA കൊല്ലം PH സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയറുടെ 15.11.2023-ലെ KWA/PHSK/GL/2023-24 -ാം നമ്പർ കത്തും പനയം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 13.02.2024-ലെ SC2-6465/23-ാംനമ്പർകത്തും അനുബന്ധമായി ചേർത്തിരിക്കുന്ന റിപ്പോർട്ടും ബഹു. കേരള ഹൈക്കോടതിയുടെ 23.08.2023-ലെ WP(c) 22209/2023-ാം നമ്പർ ഉത്തരവും അനുബന്ധരേഖകളും (SRG/79/24)**

**വിഷയം:-** കുടിവെള്ള പദ്ധതിയുടെ പമ്പ് ഓപ്പറേറ്റർക്ക് വേതനം നൽകുന്നത് സംബന്ധിച്ച്

പനയം ഗ്രാമപഞ്ചായത്തിലെ 1, 2, 3 വാർഡുകളിലും സമീപ പ്രദേശത്തും കുടിവെള്ളമെത്തിക്കുന്നതിന് കുഴൽ കിണർ നിർമ്മിച്ച് 2018 ഓടെ പമ്പ് ഹൗസ് സ്ഥാപിച്ചു. ഇതിനായി ശ്രീ. അനിൽ കുമാർ, കൊട്ടുമ്പാന്റെ കടവിൽ, പെരുമൺ എന്ന വ്യക്തി ഒരു സെന്റ് സ്ഥലം വിട്ടു നൽകി. ഒരു സെന്റ് സ്ഥലത്തിന് ഏകദേശം 1.50 ലക്ഷം രൂപ വിലയുണ്ട്. സൗജന്യമായി സ്ഥലം വിട്ടു നൽകി എന്നത് പരിഗണിച്ച് ശ്രീ.അനിൽ കുമാറിനെ പമ്പ് ഓപ്പറേറ്ററായി നിയമിക്കുകയും 2019 ജനുവരി 22 മുതൽ വേതനം നല്കുകയും ചെയ്തു. 2023 മെയ് മാസം വരെ ആകെ 3,58,416 രൂപ വേതന ഇനത്തിൽ ഈ വ്യക്തിക്ക് നൽകി. 8 മണിക്കൂർ ഒരു ഡ്യൂട്ടി ആയി പരിഗണിച്ച് ഒരു ഡ്യൂട്ടിക്ക് 495 രൂപാ നിരക്കിൽ വേതനം നൽകുന്നു. KWA അസിസ്റ്റന്റ് എഞ്ചിനീയർ നൽകുന്ന സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ് വേതനം നൽകുന്നത്. 2023 മെയ് മാസത്തിനു ശേഷം വേതനം നൽകിയിട്ടില്ലായെങ്കിലും ഈ വ്യക്തി ജോലിയിൽ തുടരുന്നുണ്ട്. 2021-22 വർഷം നടന്ന കേരള സ്റ്റേറ്റ് ഓഡിറ്റ് വിഭാഗത്തിന്റെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.1 പ്രകാരം KWAയുടെ ഉടമസ്ഥതയിലുള്ള പമ്പ് ഹൗസിലെ ഓപ്പറേറ്റർക്ക് വേതനം നൽകിയത് അംഗീകരിച്ചില്ല. 2021-22 വർഷം വേതനമായി നൽകിയ 1,58,524 രൂപ വേതനം നൽകാൻ തീരുമാനമെടുത്ത ഭരണസമിതി അംഗങ്ങളിൽ നിന്നും ഉത്തരവാദികളായ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരിൽ നിന്നും ഈടാക്കണമെന്നും ഓഡിറ്റ് ടീം നിർദ്ദേശിച്ചു. എന്നാൽ മുൻവർഷങ്ങളിൽ ഓഡിറ്റ് കുറിപ്പ് ഉണ്ടായിരുന്നില്ല. ഇതുമായി ബന്ധപ്പെട്ട് ശ്രീ അനിൽ കുമാർ ബഹു. കേരള ഹൈക്കോടതി മുമ്പാകെ WP(C) 22209/23-ാം നമ്പർ ആയി ഹർജി ഫയൽ ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ പമ്പ് ഓപ്പറേറ്ററായി തുടർന്നും നിയമിക്കണമെന്ന പരാതിക്കാരന്റെ ആവശ്യം ബന്ധപ്പെട്ട അധികാരികൾ പുനഃപരിശോധിച്ച് രണ്ട് മാസത്തിനകം ഉചിതമായ നടപടിയെടുക്കണമെന്ന് ബഹു.ഹൈക്കോടതി 23.08.2023-ന് ഉത്തരവായിട്ടുണ്ട്.

ഈ വിഷയത്തിന്മേൽ ഗ്രാമപഞ്ചായത്ത് KWA അധികാരികളുടെ അഭിപ്രായം ആരാഞ്ഞു. ഇതനുസരിച്ച് KWA കൊല്ലം PH സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയർ താഴെപ്പറയും പ്രകാരം 15.11.2023ൽ റിപ്പോർട്ട് നൽകി.

KWA കൊല്ലം PH ഓഫീസിന് കീഴിലുള്ള എല്ലാ പമ്പ് ഹൗസുകളും ഓട്ടോമേഷൻ സംവിധാനത്തിലാണ് പ്രവൃത്തിക്കുന്നത്. മുകളിൽ പരാമർശിച്ചിരിക്കുന്ന ഈ പമ്പ് ഹൗസും ഓട്ടോമേഷൻ സംവിധാനത്തിലേയ്ക്ക് മാറ്റാവുന്നതാണ്. KWA യുടെ നിലവിലെ നയമനുസരിച്ച് കരാർ അടിസ്ഥാനത്തിൽ പമ്പ് ഓപ്പറേറ്ററെ നിയമിക്കുന്നതിന് സാധ്യമല്ല. ഈ പമ്പ് ഹൗസിൽ നിന്ന് 1, 2, 3 വാർഡുകളിലെ 700 കുടുംബങ്ങൾക്ക് KWA വക പൈപ്പ് ലൈൻ മുഖേന കുടിവെള്ളം നല്കുന്നുണ്ട്. ടാങ്കുകളിൽ ശേഖരിക്കാതെ നേരിട്ട് ലൈനിലേയ്ക്കാണ് വെള്ളം പമ്പ് ചെയ്ത് വീടുകളിലേയ്ക്ക് കുടിവെള്ളം നൽകുന്നത്. കുടിവെള്ള ചാർജ് KWA ഈടാക്കുന്നുണ്ട്.

ഈ സാഹചര്യത്തിൽ ഇതുവരെ വേതനം നൽകിയതിന് സാധൂകരണം നൽകണമന്നും തുടർന്നും വേതനം നൽകാൻ അനുമതി നൽകണമെന്നുമുള്ള ആവശ്യം സംബന്ധിച്ച്

**തീരുമാനം :-** 1) KWA കുടിവെള്ള ചാർജ് ഈടാക്കുന്ന സാഹചര്യത്തിൽ ഗ്രാമപഞ്ചായത്തിൽ നിന്ന് ഓപ്പറേറ്റർക്ക് വേതനം നൽകിയത് വീഴ്ചയാണ്. KWA കുടിവെള്ള ചാർജ്ജ് ഈടാക്കുന്ന സാഹചര്യത്തിൽ KWA തന്നെയാണ് ആവശ്യമെങ്കിൽ പമ്പ് ഓപ്പറേറ്ററെ നിയമിച്ച് വേതനം നൽകേണ്ടത്.

2) പരാതിക്കാരന് പമ്പ് ഓപ്പറേറ്ററായി തുടരണമെന്ന ആവശ്യം പുനഃപരിശോധിച്ച് രണ്ടു മാസത്തിനകം ഉചിതമായ തീരുമാനമെടുക്കണമെന്ന ബഹു.ഹൈക്കോടതിയുടെ ഉത്തരവ് കൂടി

പരിഗണിച്ച് ഇതിന്മേൽ 15 ദിവസത്തിനകം തീരുമാനമെടുക്കാൻ തദ്ദേശസ്വയംഭരണ വകുപ്പ് റൂറൽ ഡയറക്ടറെയും KWA ചീഫ് എഞ്ചിനീയറെയും ചുമതലപ്പെടുത്തി.

3) ഓഡിറ്റ് കുറിപ്പിന്മേൽ തുടർ നടപടിക്കായി തദ്ദേശസ്വയംഭരണ വകുപ്പിന് നല്കാൻ നിർദ്ദേശിക്കുന്നു.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1) റൂറൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്<br>2) ചീഫ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി<br>3)തദ്ദേശസ്വയംഭരണ(ഡി.സി) വകുപ്പ്** |

**4.48 <u>മൈനാഗപ്പള്ളി ഗ്രാമപഞ്ചായത്ത്</u>**

**കൊല്ലം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 03.10.2023-ലെ കത്തും മൈനാഗപ്പള്ളി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 03.05.2023-ലെ 3(1)-ാം നമ്പർ തീരുമാനവും (SRG/1362/23 – CC/579/23)**

**വിഷയം:-** ജലനിധി പദ്ധതിയിൽ ചെലവഴിക്കാതെ കിടക്കുന്ന വിഹിതം മറ്റു കുടിവെള്ള പദ്ധതിക്ക് ഉപയോഗിക്കുന്നത് സംബന്ധിച്ച്

മൈനാഗപ്പള്ളി ഗ്രാമപഞ്ചായത്തിൽ ജലനിധി പ്രോജക്ട് നടപ്പാക്കിയിരുന്നു. ഇപ്പോൾ ഈ പദ്ധതി ഇല്ല. ജലനിധി പദ്ധതിക്കായി സർക്കാർ വിഹിതമായി 2013-14 വർഷം ലഭിച്ച തുകയിൽ 32,79,318 രൂപ കാനറാ ബാങ്ക് മൈനാഗപ്പള്ളി ബ്രാഞ്ചിൽ ബാക്കിയുണ്ട്. ഈ തുക ജലജീവൻ പദ്ധതിപോലുള്ള കുടിവെള്ള പദ്ധതിക്കായി ഉപയോഗിക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച് .

**തീരുമാനം :-** ഈ തുക കുടിവെള്ള പദ്ധതിക്കു തന്നെ ഉപയോഗിക്കണമെന്ന നിർദ്ദേശത്തോടെ അനുമതി നൽകുന്നു.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ(ഡി.സി) വകുപ്പ്** |

**4.49 <u>പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്ത്</u>**

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 19.12.2023 ലെ കത്തും പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 30.11.2023 ലെ കത്തും (SRG/1688/23 – CC/962/23)**

**വിഷയം:-** ചിപ്പി വളർത്തുന്നതിനുള്ള പ്രോജക്ട് നടപ്പാക്കുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| ***പ്രോ.നം:* 68/24** | ***അടങ്കൽ*** | *12,50,000 രൂപ<br>( CFC Basic Grant – 5,00,000 രൂപ)<br>ഗുണഭോക്തൃ വിഹിതം – 7, 50,000 രൂപ* |
| ***പേര്*** | **ചിപ്പി വളർത്തൽ കായൽ മുരിങ്ങ കൃഷി** | |

ചിപ്പി വളർത്തൽ/കായൽ മുരിങ്ങ കൃഷി ചെയ്യുന്നതിനായി ബ്ലോക്ക് പഞ്ചായത്ത് പ്രോജക്ട് ഏറ്റെടുത്തിട്ടുണ്ട്. വ്യക്തിഗത ഗുണഭോക്താക്കൾക്കുള്ള പ്രോജക്ട് ഏറ്റെടുക്കാവുന്നത് ഗ്രാമപഞ്ചായത്തുകൾക്കാണ്. എന്നാൽ ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തെ ഗ്രാമപഞ്ചായത്തുകൾ ഒന്നും തന്നെ ഈ പ്രോജക്ട് ഏറ്റെടുത്തിട്ടില്ല. മൂന്ന് പേരടങ്ങുന്ന യുവാക്കളുടെ ഗ്രൂപ്പിന് ധനസഹായം നൽകുന്ന രീതിയിലാണ് പ്രോജക്ട് ഏറ്റെടുത്തിരിക്കുന്നത്. ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** യുവാക്കളുടെ ഗ്രൂപ്പ് മുഖേനയാണ് പ്രോജക്ട് നടപ്പാക്കുന്നത് എന്നതിനാൽ

അനുമതി നൽകുന്നു.

| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ് |
|---|---|

**4.50 <u>മലപ്പുറം ജില്ലാ ആസൂത്രണസമിതി</u>**

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 01.11.2023-ലെ കത്ത്. (SRG/1533/2023 – CC/892/2023)**

**വിഷയം:-** മത്സ്യതൊഴിലാളികൾക്ക് ഫൈബർ വള്ളങ്ങൾ നൽകുന്നത് സംബന്ധിച്ച്

ജനകീയാസൂത്രണ സബ്സിഡി-ധനസഹായ മാർഗ്ഗരേഖ പ്രകാരം മത്സ്യ തൊഴിലാളികൾക്ക് ചെറിയ തടി വള്ളത്തിനും കട്ടമരത്തിനും ഗിൽനെറ്റ് നൽകാൻ അനുമതിയുണ്ട്. മലപ്പുറം ജില്ലയിൽ ചെറിയ തടിവള്ളത്തിനു പകരം ഫൈബർ/ഫൈബർ ഗ്ലാസ്സ് വള്ളങ്ങളാണ് മത്സ്യബന്ധനത്തിന് ഉപയോഗിക്കുന്നത്. അതിനാൽ ഫൈബർ/ഫൈബർ ഗ്ലാസ്സ് വള്ളത്തിനും ഗിൽനെറ്റ് നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** പൊതു തീരുമാനം ഖണ്ഡിക 3.5 ബാധകമാണ്

| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ് |
|---|---|

**4.51 <u>വലിയപറമ്പ ഗ്രാമപഞ്ചായത്ത്</u>**

**കാസർഗോഡ് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 10.01.2024-ലെ കത്തും അനുബന്ധരേഖകളും (SRG/86/24 – CC/113/24)**

**വിഷയം:-** വലിയപറമ്പ എൽ.പി. സ്കൂളിന് ടോയിലറ്റ് നിർമ്മിച്ചതിന്റെ ബിൽ തുക നൽകുന്നത് സംബന്ധിച്ച്

ഗ്രാമപഞ്ചായത്തിലെ വലിയപറമ്പ എൽ.പി.സ്കൂളിൽ 2019-20-ൽ ടോയിലറ്റ് നിർമ്മിച്ചു. 19.03.2020-ൽ ടോയിലറ്റിന്റെ ബിൽ തുകയായ 2,16,199 രൂപയുടെ ബിൽ നീലേശ്വരം ട്രഷറിയിൽ സമർപ്പിച്ചുവെങ്കിലും തുക കോൺട്രാക്ടറുടെ അക്കൗണ്ടിലേയ്ക്ക് ക്രഡിറ്റ് ആയില്ല. എന്നാൽ സുലേഖയിൽ പ്രോജക്ട് പൂർത്തീകരിച്ചതായി രേഖപ്പെടുത്തി. ഈ പ്രോജക്ട് സ്പിൽ ഓവറായി ഈ വർഷം എടുത്ത് ബിൽ തുക നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്. ഇതിന്റെ ബിൽ ട്രഷറിയിൽ നിന്ന് മാറിയിട്ടില്ല എന്ന് നീലേശ്വരം ട്രഷറി ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

**തീരുമാനം :-**

1) നാലു വർഷമായി ഇതു സംബന്ധിച്ച് നടപടി സ്വീകരിക്കാത്തത് ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥന്റേയും അക്കൗണ്ടന്റിന്റെയും ഗൗരവതരമായ വീഴ്ചയാണ്. ഇതു പരിശോധിച്ച് നടപടി സ്വീകരിക്കാൻ തദ്ദേശസ്വയംഭരണവകുപ്പ് റൂറൽ ഡയറക്ടറെ ചുമതലപ്പെടുത്തി.
2) ഈ വർഷത്തെ വിഹിതത്തിൽ നിന്ന് ബിൽ തുക നൽകാൻ അനുമതി നൽകുന്നു.

| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1) റൂറൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്<br>2) തദ്ദേശസ്വയംഭരണ(ഡബ്ല്യു.എം) വകുപ്പ് |
|---|---|

4.52 <u>കണ്ണാടി ഗ്രാമപഞ്ചായത്ത്</u>

**പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 16.12.2023-ലെ കത്തും കണ്ണാടി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 11.09.2023-ലെ 1(7) -ാം നമ്പർ തീരുമാനവും (SRG/1686/23 – CC/963/23)**

**വിഷയം:-** പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺമക്കൾക്ക് വിവാഹധനസഹായം നൽകുന്നത് സംബന്ധിച്ച്.

പട്ടികജാതി വിഭാഗത്തിലെ പെൺകുട്ടികളുടെ വിവാഹത്തിന് ധനസഹായം നൽകുന്നതിന് 2022-23 വർഷം ശ്രീമതി. ചെല്ല W/O കൃഷ്ണൻ, മന്ദാട്ടുകുളം എന്ന വ്യക്തിയുടെ മകളായ ശ്രീമതി. സുനിത ഉൾപ്പെട്ടിരുന്നു. 21.10.2022-ൽ 75,000 രൂപ ഇവരുടെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യാൻ ട്രഷറിയിൽ ബിൽ സമർപ്പിച്ചുവെങ്കിലും അക്കൗണ്ട് നമ്പറിലെ പിശകുമൂലം ഗുണഭോക്താവിനു തുക ലഭിച്ചില്ല. തുക സർക്കാർ അക്കൗണ്ടിലേയ്ക്ക് പോയി. ഈ തുക ഈ വർഷത്തെ പ്രോജക്ടിൽ നിന്നും നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്. .

**തീരുമാനം :-** തുക ഈ ഗുണഭോക്താവിന്റെ അക്കൗണ്ടിലേയ്ക്ക് പോയിട്ടില്ല എന്ന് ബന്ധപ്പെട്ട ട്രഷറി ഓഫീസർ സാക്ഷ്യപ്പെടുത്തണമെന്ന നിബന്ധനയോടെ അനുമതി നൽകുന്നു. ഇത്തരം വീഴ്ചകൾ ഇനി ആവർത്തിക്കരുതെന്ന് കർശന നിർദ്ദേശം നൽകുന്നു.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്** |

4.53 <u>ചെല്ലാനം ഗ്രാമപഞ്ചായത്ത്</u>

**എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 30.11.2023-ലെ കത്തുകളും (2 എണ്ണം) അനുബന്ധ രേഖകളും (SRG/1623/2023 – CC/890/23)**

**വിഷയം:-** കടലാക്രമണം തടയുന്നതിന് മണൽ ബണ്ട് നിർമ്മിച്ചതിന്റെ ബാക്കി തുക നൽകുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| ***പ്രോ.നം:* 219/24** | ***അടങ്കൽ*** | ***15,00,000 രൂപ (തനത് ഫണ്ട്)*** |
| ***പേര്*** | ***കടലാക്രമണം തടയുന്നതിന് മണൽ ബണ്ട് നിർമ്മിക്കൽ അനുബന്ധ പ്രവൃത്തികൾ*** | |

കടലിനും കായലിനും ഇടയിലാണ് ചെല്ലാനം ഗ്രാമപഞ്ചായത്ത് സ്ഥിതി ചെയ്യുന്നത്. സംസ്ഥാന സർക്കാർ ടെട്രോപാഡ് ഉപയോഗിച്ച് 7.5 കിലോമീറ്റർ കടൽഭിത്തി നിർമ്മിച്ചിട്ടുണ്ട്. വിവിധ വാർഡുകളിലായി 10 കിലോമീറ്ററോളം കടൽ ഭിത്തി ഇല്ലാത്ത പ്രദേശത്ത് ഈ വർഷം മണൽ ബണ്ട് നിർമ്മിക്കാൻ 4.95 ലക്ഷം രൂപ വകയിരുത്തി പ്രോജക്ട് തയ്യാറാക്കിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ കടൽ ഭിത്തി നിർമ്മിച്ചുവെങ്കിലും കടലാക്രമണത്തിൽ തകർന്നു. തുടർന്ന് വീണ്ടും ജിയോ ബാഗുകളിൽ മണൽ നിറച്ച് സംരക്ഷണഭിത്തി തയ്യാറാക്കി. ഇതിനായി ആകെ 22,88,951 രൂപ ബിൽ തുകയായി. ആദ്യത്തെ പ്രോജക്ട് തുകയ്ക്ക് (4.95 ലക്ഷം രൂപ) ടെണ്ടർ നടപടി സ്വീകരിച്ചെങ്കിലും പിന്നീടുള്ള പ്രവർത്തനങ്ങൾക്ക് ടെണ്ടർ നടപടിക്രമങ്ങൾ പാലിച്ചില്ല. ആകെയുള്ള ബിൽ തുകയിൽ ആദ്യം തയ്യാറാക്കിയ പ്രോജക്ടിൽ നിന്ന് 4,56,660 രൂപയും റവന്യൂ വകുപ്പ് അനുവദിച്ച 4.00 ലക്ഷം രൂപയും കരാറുകാരന് നൽകി. ബാക്കി തുകയായ 14,32,291 രൂപ നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്. .

**തീരുമാനം :-** ഇത് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കുന്നതാണ്.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1)ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്<br>2)തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്** |

4.54 <u>താമരശ്ശേരി ഗ്രാമപഞ്ചായത്ത്</u>

**താമരശ്ശേരി ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റിന്റെ 09.01.2023-ലെ കത്ത് (SRG/171/24)**

**വിഷയം:-** ഓവർസിയറെ താൽക്കാലികാടിസ്ഥാനത്തിൽ നിയമിക്കുന്നത് സംബന്ധിച്ച്

താമരശ്ശേരി ഗ്രാമപഞ്ചായത്തിൽ LID & EW സെക്ഷനിൽ ഒരു അസിസ്റ്റന്റ് എഞ്ചിനീയർ, രണ്ട് ഓവർസിയർ, ഒരു ക്ലാർക്ക് എന്നീ പോസ്റ്റുകളിൽ നിലവിൽ ഉദ്യോഗസ്ഥർ ഉണ്ട്. ഒരു വർഷം ഏകദേശം 300 പ്രവൃത്തികൾ അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന നിർവ്വഹണം നടത്താറുണ്ട്. ഈ ജോലിഭാരം പരിഗണിച്ച് ഒരു ഓവർസീയർ തസ്തിക അനുവദിക്കണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** ആവശ്യം പരിഗണിച്ചില്ല.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ(ഇ.ഡബ്ല്യു.ബി) വകുപ്പ്** |

4.55 <u>കർണ്ണാടക ആന്റിബയോടിക്സ് ആന്റ്-ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ്</u>

**സർക്കാരിന്റെ 08.11.2023 ലെ DA1/366/2023/തസ്വഭവ നമ്പർ കത്തും, മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ 23.09.2023 ലെ AHD/8002/2022-G3 നമ്പർ കത്തും കർണ്ണാടക ആന്റിബയോടിക്സ് ആന്റ്-ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ് ഡെപ്യൂട്ടി ജനറൽ മാനേജരുടെ 08.11.2022 ലെ കത്തും (SRG/1493/23)**

**വിഷയം:-** കർണ്ണാടക ആന്റിബയോട്ടിക്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നും മരുന്ന് വാങ്ങുന്നത് സംബന്ധിച്ച്.

തദ്ദേശഭരണസ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള മൃഗാശുപത്രികളിലേക്ക് മൃഗസംരക്ഷണ വകുപ്പ് മരുന്ന് നൽകുന്നുണ്ട്. വകുപ്പിൽ നിന്ന് മരുന്ന് ലഭ്യമല്ലാതെ വന്നാൽ നോൺ അവൈയബിലിറ്റി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ നീതി/മാവേലി/സപ്ലൈകോ മെഡിക്കൽ സ്റ്റോറുകളിൽ നിന്നും മരുന്ന് വാങ്ങാൻ മാർഗ്ഗരേഖ പ്രകാരം അനുമതിയുണ്ട്. ഈ സ്ഥാപനങ്ങളോടൊപ്പം HLL ലൈഫ് കെയർ ലിമിറ്റഡിൽ നിന്നു വാങ്ങാനും കോഓർഡിനേഷൻ കമ്മിറ്റിയുടെ 22.11.2022 ലെ യോഗത്തിൽ അനുമതി നൽകിയിട്ടുണ്ട്. കേന്ദ്രസർക്കാർ സ്ഥാപനമായ കർണ്ണാടക ആന്റിബയോട്ടിക്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ് (KAPL) വെറ്ററിനറി ആവശ്യത്തിനടക്കമുള്ള മരുന്നുകൾ നിർമ്മിക്കുന്നുണ്ട്. KAPL-ൽ നിന്ന് തദ്ദേശഭരണ സ്ഥാപനങ്ങൾക്കാവശ്യമായ വെറ്ററിനറി മരുന്നുകൾ നേരിട്ട് വാങ്ങാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** ഇത് മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുമായി ചർച്ച ചെയ്ത് റിപ്പോർട്ട് നൽകാൻ ആരോഗ്യവകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തി. വെറ്ററിനറി മരുന്നിനോടൊപ്പം മനുഷ്യർക്കുള്ള മരുന്നിന്റേയും വിവരങ്ങൾ റിപ്പോർട്ടിൽ ഉൾപ്പെടുത്താവുന്നതാണ്.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1) ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ്<br>2)തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്** |

4.56. <u>ഇടുക്കി ജില്ലാപഞ്ചായത്ത്</u>

**ഇടുക്കി ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 07.10.2023 ലെ കത്തും ഇടുക്കി ജില്ലാപഞ്ചായത്ത് ഭരണ സമിതിയുടെ 04.08.2023 ലെ 1(2)-ാം നമ്പർ തീരുമാനവും (SRG/1449/23 - CC/731/23).**

**വിഷയം:-** എസ്റ്റേറ്റ് മേഖലയിൽ നിർമ്മാണ പ്രവൃത്തികൾ നടപ്പാക്കുന്നത് സംബന്ധിച്ച്.

ഇടുക്കി ജില്ലയിൽ പട്ടയം ഇല്ലാത്ത സ്ഥലങ്ങളിലും എസ്റ്റേറ്റ് മേഖലയിലും അങ്കണവാടി, കമ്മ്യൂണിറ്റി സെന്റർ, റോഡ് തുടങ്ങിയ നിർമ്മാണ പ്രവൃത്തികൾ നടത്താൻ ബുദ്ധിമുട്ട് നേരിടുന്നു. ഈ സാഹചര്യത്തിൽ എസ്റ്റേറ്റ് മേഖലകളിലും മറ്റും അധികാരികൾ/ ഉടമകളുടെ സമ്മതപത്രത്തിന്റെ അടിസ്ഥാനത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടപ്പാക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** പൊതുവായി ഇപ്രകാരം അനുമതി നൽകുന്നില്ല. എന്നാൽ ഓരോ കേസും നൽകുന്ന മുറയ്ക്ക് പ്രത്യേകം പരിശോധിച്ച് പരിഗണിക്കുന്നതാണ്.

| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ് |
|---|---|

## 4.57 മലപ്പുറം ജില്ലാ പഞ്ചായത്ത്

**മലപ്പുറം ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 23.01.2023-ലെ DP/MPM/06/2023-ാം നമ്പർ കത്തും ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ 09.01.2024-ലെ 1(19) -ാം നമ്പർ തീരുമാനവും (SRG/65/24)**

**വിഷയം:-** സ്കൂൾ കെട്ടിടത്തിന് സ്ഥലം വാങ്ങുന്നതിന് നോൺറോഡ് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിക്കുന്നത് സംബന്ധിച്ച്

മാറാഞ്ചേരി ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിൽ 3800 ലധികം വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്. സ്ഥലപരിമിതി മൂലം പുതിയ കെട്ടിടം നിർമ്മിക്കാൻ കഴിയില്ല. സ്കൂളിന്റെ സമീപത്തായി 1 ഏക്കർ സ്ഥലം ഇതിനായി കണ്ടെത്തിയിട്ടുണ്ട്. MLASDF ൽ 1.00 കോടി രൂപ ലഭിച്ചിട്ടുണ്ട്. ഇതോടൊപ്പം സ്ഥലത്തിനും അനുബന്ധ സൗകര്യത്തിനുമായി ജില്ലാ പഞ്ചായത്തിൽ നിന്ന് 1.00 കോടി രൂപ നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ് കൂടി ഉപയോഗിക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്. റവന്യൂ അധികാരികളുടെ സർട്ടിഫിക്കറ്റ് പ്രകാരം 5,29,744 രൂപയാണ് ഒരു ആർ സ്ഥലത്തിന്റെ വില.

**തീരുമാനം :-** നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ് ഇതിനായി ഉപയോഗിക്കാവുന്നതല്ല. അനുമതി നിരസിച്ചു.

| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ(ആർ.ഇ) വകുപ്പ് |
|---|---|

## 4.58 തൃശ്ശൂർ ജില്ലാ പഞ്ചായത്ത്

**തൃശ്ശൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 26.10.2023-ലെ കത്തും അനുബന്ധ ലിസ്റ്റും. (SRG/1496/2023)**

**വിഷയം:-** ഹൈമാസ്റ്റ്/മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കാനുള്ള പ്രോജക്ടുകൾ ജില്ലാ പഞ്ചായത്ത് നേരിട്ട് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്

തൃശ്ശൂർ ജില്ലാ പഞ്ചായത്ത് ഹൈമാസ്റ്റ്/മിനിമാസ്റ്റ് സ്ഥാപിക്കുന്നതിന് 39 പ്രോജക്ടുകൾ തയ്യാറാക്കുകയും ഇവ നടപ്പാക്കുന്നതിന് കോഓർഡിനേഷൻ കമ്മിറ്റിയുടെ പ്രത്യേക അനുമതി ആവശ്യപ്പെടുകയും ചെയ്തിരുന്നു. കോഓർഡിനേഷൻ കമ്മിറ്റിയുടെ 26.09.2023-ലെ യോഗത്തിൽ ഇത് പരിഗണിക്കുകയും ഗ്രാമപഞ്ചായത്തിന് വിഹിതം കൈമാറി മിനിമാസ്റ്റ് സ്ഥാപിക്കുന്നതിന് അനുമതി നൽകുകയും ചെയ്തു. എന്നാൽ ഇവ 2022-23 ലെ സ്പിൽഓവർ പ്രോജക്ടുകളാണെന്നും ഇനി സംയുക്ത പ്രോജക്ടാക്കാൻ ബുദ്ധിമുട്ടാണെന്നും

ചൂണ്ടിക്കാണിച്ചുകൊണ്ട് ഈ പ്രോജക്ട് ജില്ലാ പഞ്ചായത്ത് നേരിട്ട് നടപ്പാക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** ആവശ്യം നിരസിച്ചു. ഈ പ്രോജക്ട് ഒഴിവാക്കി (സുലേഖയിൽ ഡ്രോപ് ചെയ്ത്) ഇതേ തുകയ്ക്ക് ഗ്രാമപഞ്ചായത്തിന് തുക കൈമാറുന്ന രീതിയിൽ സംയുക്തമായി പുതിയ പ്രോജക്ട് എടുക്കാൻ നിർദ്ദേശിക്കുന്നു.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്** |

## 4.59 ഓച്ചിറ ഗ്രാമ പഞ്ചായത്ത്

**കൊല്ലം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 05.10.203-ലെ കത്തും ഓച്ചിറ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 25.09.2023-ലെ SC1-6665/23-ാം നമ്പർ കത്തും അനുബന്ധരേഖകളും (SRG/1506/2023 - CC/758/2023)**

**വിഷയം:-** ഗ്രാമപഞ്ചായത്തിലുണ്ടായ തീപിടുത്തത്തെ തുടർന്നുള്ള അടിയന്തിര ജോലികളുടെ ബിൽ തുക നൽകുന്നത് സംബന്ധിച്ച്

ഓച്ചിറ ഗ്രാമപഞ്ചായത്തിൽ 2023 ജൂൺ മാസം രണ്ടാം തീയതി ഷോർട്ട് സർക്യൂട്ട് മൂലം തീപിടുത്തമുണ്ടായി. പ്രധാന കെട്ടിടത്തിന്റെ വയറിംഗ്, ഒരു സെക്ഷനിലെ കമ്പ്യൂട്ടറും മറ്റ് അനുബന്ധ ഉപകരണങ്ങളും കത്തി നശിച്ചു. തറയിലെ ടൈലുകളും ഇളകി. ഫ്രണ്ട് ഓഫീസ് പ്രവർത്തനം അടിയന്തിരമായി പുനസ്ഥാപിക്കുന്നതിനായി ടെണ്ടർ നടപടി ഒഴിവാക്കി ക്വട്ടേഷനിലൂടെ ഇലക്ട്രിക്കൽ, സിവിൾ വർക്ക് നടത്തി. ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ എസ്റ്റിമേറ്റ് പ്രകാരവും ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിലുമാണ് പ്രവൃത്തികൾ ചെയ്തത്. ഇതിനായി 2,90,728 രൂപ തനത് ഫണ്ടിൽ നിന്ന് ചെലവഴിച്ചു. ഇതിന് സാധൂകരണം നൽകണമെന്നതു സംബന്ധിച്ച് .

**തീരുമാനം :-** അടിയന്തിരമായി ചെയ്യേണ്ട പ്രവൃത്തി ആയിരുന്നതിനാൽ സാധൂകരണം നൽകുന്നു.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്** |

## 4.60 കേരള സ്റ്റേറ്റ് ബുക്ക് മാർക്ക്

**കേരള സ്റ്റേറ്റ് ബുക്ക് മാർക്ക് സെക്രട്ടറിയുടെ 21.06.2023-ലെ കത്ത് (SRG/908/2023)**

**വിഷയം:-** തദ്ദേശഭരണസ്ഥാപനങ്ങളിൽ ഇ-ലൈബ്രറി സൗകര്യം ഏർപ്പെടുത്തുന്നത് സംബന്ധിച്ച്

തദ്ദേശഭരണസ്ഥാപനങ്ങളിൽ ഇ-ലൈബ്രറി സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള പ്രോജക്ട് നിർദ്ദേശം ബുക്ക് മാർക്ക് സെക്രട്ടറി നൽകിയിരിക്കുന്നു. മലയാളത്തിൽ പ്രസിദ്ധീകരിച്ചിട്ടുള്ള 2000 ബുക്കുകൾ, മെഡിക്കൽ & എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷ, സ്പോക്കൺ ഇംഗ്ലീഷ്, മത്സര പരീക്ഷ, IAS, KAS മത്സര പരീഷ, പൊതുവിജ്ഞാനം എന്നിവയുടെ ഡിജിറ്റൽ കോപ്പികളാണ് ഇ-ലൈബ്രറി കൊണ്ടുദ്ദേശിക്കുന്നത്. മുകളിൽ പറഞ്ഞവയുടെ ലൈസൻസോടെയുള്ള ഇ-ബുക്ക് ലഭ്യമാക്കുന്നു. 5 കമ്പ്യൂട്ടർ, കസേര, മേശ, UPS, വൈദ്യുതീകരണമടക്കമുള്ള കേബിൾ സൗകര്യം, പരിശീലനം തുടങ്ങിയവയാണ് പ്രധാന ഘടകങ്ങൾ. കമ്പ്യൂട്ടറിന് 3 വർഷം വാറന്റി നൽകുമെന്നും ഓർഡർ ലഭിക്കുന്ന മുറയ്ക്ക് 3 ആഴ്ചയ്ക്കകം ഇവ ലഭ്യമാക്കുമെന്നും അറിയിച്ചിട്ടുണ്ട്. അടിസ്ഥാന സൗകര്യമില്ലാതെയും ഇ-ലൈബ്രറി സൗകര്യം ലഭ്യമാക്കുന്നതാണ്. ഇത് നടപ്പാക്കാൻ തദ്ദേശഭരണസ്ഥാപനങ്ങളുടെ സഹകരണമുണ്ടാകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :–** ഈ പ്രൊപ്പോസൽ ബുക്ക് മാർക്ക് സെക്രട്ടറിയുമായി ചർച്ച ചെയ്ത് ചെലവടക്കമുള്ള കാര്യങ്ങളിൽ റിപ്പോർട്ട് നൽകാൻ സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പിനെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കുന്നതാണ്.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1) സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്**<br>**2) തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്** |

**4.61 <u>മണീട് ഗ്രാമപഞ്ചായത്ത്</u>**

**എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 15.12.2023-ലെ കത്തുകളും (2 എണ്ണം) ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 09.11.2023-ലെ 1(13) നമ്പർ കത്തും (SRG/1683/23 – CC/934/23)**

**വിഷയം:–** ഈറ്റ നെയ്ത്ത് തൊഴിലാളികൾക്ക് ഈറ്റ വാങ്ങി നൽകുന്നതു സംബന്ധിച്ച്

| | | |
|---|---|---|
| *പ്രോ.നം: 47/24* | ***അടങ്കൽ*** | *1,12,672 രൂപ (എസ്.സി.പി )* |
| ***പേര്*** | ***ഈറ്റ വിതരണം – വനിത*** | |

ഈറ്റ നെയ്ത്ത് തൊഴിലാളികൾക്ക് ബാംബൂ കോർപ്പറേഷനിൽ നിന്ന് ഈറ്റ വാങ്ങി സൗജന്യമായി നൽകാനാണ് പ്രോജക്ട്. പരമ്പരാഗത ഈറ്റ നെയ്ത്ത് തൊഴിലാളികൾക്ക് ഗുണഭോക്തൃ വിഹിതം ഒഴിവാക്കിയാണ് നൽകുന്നത്. ഈ രീതിയിൽ പ്രോജക്ട് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്. ഒരാൾക്ക് 5000 രൂപ വിലവരുന്ന ഈറ്റയാണ് നൽകുന്നത്.

**തീരുമാനം :–** അനുമതി നൽകുന്നു.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്** |

**4.62 <u>പേരാമ്പ്ര ഗ്രാമപഞ്ചായത്ത്</u>**

**കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 25.10.2023-ലെ കത്തും കോഓർഡിനേഷൻ കമ്മിറ്റിയുടെ 10.02.2022-ലെ യോഗ തീരുമാനവും (ഖണ്ഡിക 4.26) അനുബന്ധരേഖകളും (SRG/1522/2023 – CC/240/2023)**

**വിഷയം:–** നൊച്ചാട് ഗ്രാമപഞ്ചായത്തിൽ ആരംഭിക്കുന്ന കാലിക്കറ്റ് യൂണിവേഴ്സിറ്റി റീജിയണൽ സെന്ററിന് സ്ഥലം വാങ്ങാൻ സംഭാവന നൽകണമെന്നത് സംബന്ധിച്ച്

കോഴിക്കോട് യൂണിവേഴ്സിറ്റിയുടെ റീജിയണൽ സെന്റർ നൊച്ചാട് ഗ്രാമപഞ്ചായത്തിലെ ചാലിക്കരയിൽ സ്ഥാപിക്കാൻ പ്രാരംഭ നടപടി തുടങ്ങിയിട്ടുണ്ട്. 5 ഏക്കർ സ്ഥലം സർവ്വകലാശാലയ്ക്ക് സൗജന്യമായി നൽകണം. പന്ന്യം കൊടമല പ്രദേശത്ത് കണ്ടെത്തിയിരിക്കുന്ന സ്ഥലത്തിന് 1.00 കോടി രൂപ വിലയാകും. ഫണ്ട് കണ്ടെത്താനായി നൊച്ചാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനായ കമ്മിറ്റി മുഖേന 60.00 ലക്ഷം രൂപ ശേഖരിച്ചു. ഇതിന്റെ ആവശ്യത്തിനായി 10.00 ലക്ഷം രൂപ തനത് ഫണ്ടിൽ നിന്ന് സംഭാവനയായി നൽകാൻ 10.02.2022-ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗം നൊച്ചാട് ഗ്രാമപഞ്ചായത്തിന് അനുമതി നൽകിയിരുന്നു. സ്ഥലം വാങ്ങാനായി പേരാമ്പ്ര ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്ന് 5.00 ലക്ഷം രൂപ അനുവദിക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :–** അനുമതി നിരസിച്ചു

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ(ആർ.ഇ) വകുപ്പ്** |

4.63 <u>കോഴിക്കോട് ജില്ലാ പഞ്ചായത്ത്</u>

**കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 29.12.2023-ലെ കത്തും കോഴിക്കോട് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 12.12.2023-ലെ P4-5951/23-ാം നമ്പർ കത്തും (SRG/2/24 - CC/988/23)**

**വിഷയം:-** അങ്കണവാടി കുട്ടികളെ ഉൾപ്പെടുത്തി ജില്ലാതലത്തിൽ കലോത്സവം നടത്തുന്നത് സംബന്ധിച്ച്

| *പ്രോ.നം: 49/24* | *അടങ്കൽ* | *5,00,000 രൂപ (തനത് ഫണ്ട്)* |
|---|---|---|
| *പേര്* | *അങ്കണവാടി കലോത്സവം* | |

കോഴിക്കോട് ജില്ലയിലെ അങ്കണവാടികളിൽ നിന്നും തെരഞ്ഞെടുത്ത കുട്ടികളെ ഉൾപ്പെടുത്തി ജില്ലാതല അങ്കണവാടി കലോത്സവം നടത്താനാണ് പ്രോജക്ട്. ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി ആവശ്യ നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** മാർഗ്ഗരേഖ പ്രകാരം ഗ്രാമപഞ്ചായത്ത് തലത്തിലും നഗരസഭാതലത്തിലും അങ്കണവാടി കുട്ടികളുടെ കലോത്സവം ഓരോ വർഷവും നടത്തുന്നുണ്ട്. തീർത്തും കൊച്ചുകുട്ടികൾക്ക് ജില്ലാതലത്തിൽ മത്സരം സംഘടിപ്പിക്കേണ്ടതില്ല എന്ന് നിർദ്ദേശിക്കുന്നു. അനുമതി നിരസിച്ചു.

| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ് |
|---|---|

4.64 <u>ആലപ്പുഴ ജില്ലാ പഞ്ചായത്ത്</u>

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 30.01.2024-ലെ കത്തും ആലപ്പുഴ ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ 24.01.2024-ലെ PL-4591/23-ാം നമ്പർ കത്തും ആലപ്പുഴ ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ 25.10.2023-ലെ 3(2) -ാം നമ്പർ തീരുമാനവും (SRG/135/24 - CC/64/24)**

**വിഷയം:-** ആലപ്പുഴ ജില്ലയിൽ വിവിധ ഡിവിഷനുകളിൽ സാസ്കാരികോത്സവം സംഘടിപ്പിക്കുന്നതു സംബന്ധിച്ച്

| *പ്രോ.നം: 928/24* | *അടങ്കൽ* | *25,00,000 രൂപ (തനത് ഫണ്ട്)* |
|---|---|---|
| *പേര്* | *ആലപ്പുഴ ജില്ലാ പഞ്ചായത്ത് 2023-24 സാംസ്കാരിക ഉത്സവം* | |

ആലപ്പുഴ ജില്ലാ പഞ്ചായത്ത് വിവിധ ഡിവിഷനുകളിൽ സാംസ്കാരികോത്സവങ്ങൾ സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നു. കേരളത്തിലെ വിവിധ പ്രദേശങ്ങളിലെ തനത് കലാരൂപങ്ങൾ ഒരു പൊതു ഇടത്തിലെത്തിച്ച് പൊതുജനങ്ങൾക്ക് പരിചയപ്പെടുത്തുക എന്നതാണ് ലക്ഷ്യം. ഒപ്പം സ്വയംതൊഴിൽ സംരംഭകരുടെ ഉല്പന്നങ്ങളുടെ വിപണന കേന്ദ്രങ്ങളും കുട്ടികൾക്കായി അമ്യൂസ്മെന്റ് പാർക്കും ഒരുക്കുന്നു. ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി നൽകമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** ആവശ്യം പരിഗണിച്ചില്ല.

| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ് |
|---|---|

4.65 <u>കോടോംതുരുത്ത് ഗ്രാമപഞ്ചായത്ത്</u>

**കോടോംതുരുത്ത് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ കത്തും (ലഭിച്ചത് 05.02.2023) കോടോം തുരുത്ത് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 03.10.2023-ലെ 7(1) -ാം നമ്പർ തീരുമാനവും അനുബന്ധരേഖകളും (SRG/180/24)**

**വിഷയം:-** കോടോംതുരുത്ത് ഗ്രാമപഞ്ചായത്ത് 2010-11, 2011-12 വർഷം നടപ്പാക്കിയ എസ്.സി. വിഭാഗത്തിലെ കുട്ടികൾക്ക് സൈക്കിൾ വിതരണം നൽകിയതിന് സാധൂകരണം സംബന്ധിച്ച്

കോടോംതുരുത്ത് ഗ്രാമപഞ്ചായത്ത് 2010-11, 2011-12 സാമ്പത്തിക വർഷങ്ങളിൽ പട്ടികജാതി വിഭാഗത്തിലെ കുട്ടികൾക്ക് ആരോഗ്യ പഠന സഹായി എന്ന നിലയിൽ സൈക്കിൾ വിതരണം നടത്തുന്നതിന് 158/11, 129/12 എന്നീ നമ്പർ പ്രകാരം രണ്ട് പ്രോജക്ട് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നു. അടങ്കൽ യഥാക്രമം 2.20 ലക്ഷം രൂപയും 3.00 ലക്ഷം രൂപയും ആയിരുന്നു. 158/11-ാം നമ്പർ പ്രോജക്ടിൽ 2,05,125 രൂപയും 129/12-ാം നമ്പർ പ്രോജക്ടിൽ 2,98,305 രൂപയും ചെലവഴിച്ചു. ആകെ ചെലവ് 5,03,430 രൂപ. 2010/11, 2011/12 വർഷത്തെ ഓഡിറ്റ് പരിശോധനയിൽ മാർഗ്ഗരേഖയിൽ നിന്നും മുൻ വർഷം നീക്കം ചെയ്ത പദ്ധതിയാണ് ഇത് എന്ന് കാണിച്ച് ചെലവ് തടസ്സപ്പെടുത്തി. സർക്കാരിൽ നിന്ന് സാധൂകരണം വാങ്ങണം എന്നും അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാദ്ധ്യതയായി കണക്കാക്കും എന്നും 16.12.2013-ൽ ഓഡിറ്റ് വകുപ്പ് തുടർ റിപ്പോർട്ട് നൽകി. ഇതിന്റെ അടിസ്ഥാനത്തിൽ ഭരണസമിതി തീരുമാനത്തോടെ സാധൂകരണത്തിനായി പഞ്ചായത്ത് ഡയറക്ടർക്ക് അപേക്ഷ നൽകിയിരുന്നു. എന്നാൽ പഞ്ചായത്ത് ഡയറക്ടർ അപേക്ഷ നിരാകരിക്കുകയും ഓഡിറ്റിൽ തടസ്സപ്പെടുത്തിയിരുന്ന 5,03,430 രൂപ അന്നത്തെ ഭരണസമിതി അംഗങ്ങളിൽ നിന്നും നിർവ്വഹണം നടത്തിയതിന് ഉത്തരവാദികളായവരിൽ നിന്നും ഈടാക്കാൻ നിർദ്ദേശിക്കുകയും ചെയ്തു.

ആലപ്പുഴ ജില്ലയിലെ അരൂക്കുറ്റി, തുറവൂർ, കുത്തിയതോട്, ചേന്നംപള്ളിപ്പുറം, ചിങ്ങോലി ഗ്രാമപഞ്ചായത്തുകൾ ഈ കാലഘട്ടത്തിൽ പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം നടത്തുകയും ഇവയ്ക്ക് ഓഡിറ്റ് തടസ്സമുണ്ടാവുകയും ചെയ്തിരുന്നുവെങ്കിലും സർക്കാരിന്റെ 15.02.2016-ലെ 621/16/തസ്വഭവ ഉത്തരവ് പ്രകാരം ഓഡിറ്റ് തടസ്സങ്ങൾ നീക്കിയിട്ടുണ്ടെന്ന് ഗ്രാമപഞ്ചായത്ത് അറിയിച്ചിട്ടുണ്ട്.

ആയതിനാൽ മുകളിൽപറഞ്ഞ പ്രോജക്ടുകൾ നിർവ്വഹണം നടത്തിയതിന് സാധൂകരണം നൽകണമെന്നും ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്നും സർക്കാരിനോടാവശ്യപ്പെടാൻ ഗ്രാമപഞ്ചായത്ത് ഭരണസമിതി 03.10.2023-ലെ യോഗത്തിൽ 7(1) -ാം നമ്പർ പ്രകാരം തീരുമാനമെടുത്തിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ റൂറൽ ഡയറക്ടറുടെ തീരുമാനം പുനഃപരിശോധിച്ച് മുകളിൽ പറഞ്ഞ ചെലവിന് സാധൂകരണം നൽകി ബാദ്ധ്യതയിൽ നിന്ന് ഒഴിവാക്കി നൽകണമെന്നു സംബന്ധിച്ച്.

**തീരുമാനം :-** സർക്കാരിന്റെ 15.02.2016-ലെ 621/16/തസ്വഭവ ഉത്തരവ് പ്രകാരം ആലപ്പുഴ ജില്ലയിലെ അരൂക്കുറ്റി, തുറവൂർ, കുത്തിയതോട്, ചേന്നംപള്ളിപ്പുറം, ചിങ്ങോലി എന്നീ ഗ്രാമപഞ്ചായത്തുകൾ ഇതേ കാലഘട്ടത്തിൽ പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങി നൽകിയതിന് സാധൂകരണം നൽകിയിട്ടുണ്ട് എന്ന് യോഗം വിലയിരുത്തി. ഇതു പരിഗണിച്ച് കോടോംതുരുത്ത് ഗ്രാമപഞ്ചായത്ത് പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങി നൽകിയതിന് സാധൂകരണം നൽകുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഉത്തരവ് നൽകാൻ തദ്ദേശസ്വയംഭരണ വകുപ്പിനെ ചുമതലപ്പെടുത്തി.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്** |

**4.66 കണ്ണൂർ ജില്ലാ പഞ്ചായത്ത്**

**കണ്ണൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 24.01.2024-ലെ KNR/P/MISS 904/2024-ാം നമ്പർ കത്ത് (SRG/64/24)**

**വിഷയം:-** സ്പോർട്സ് ക്ലബുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം

| *പ്രോ.നം: 747/24* | *അടങ്കൽ* | *30,00,000 രൂപ (വികസനഫണ്ട് ജനറൽ - 20,00,000 രൂപ തനത് ഫണ്ട് - 10,00,000 രൂപ )* |
|---|---|---|
| *പേര്* | *സ്പോർട്സ് കിറ്റ് വിതരണം* | |

കണ്ണൂർ ജില്ലാ പഞ്ചായത്ത് കായിക മേഖലയിൽ തെരഞ്ഞെടുത്ത 29 പേർക്ക് 2023 ഡിസംബർ 26 മുതൽ 2024 ജനുവരി 4 വരെ കണ്ണൂർ യൂണിവേഴ്സിറ്റി മങ്ങാട്ടുപറമ്പ് ക്യാമ്പസിൽ വച്ച് പരിശീലനം നൽകി. ഇവർ മുഖേന പ്രാദേശികമായി കായികമേഖലയിൽ പരിശീലനം നടത്തുകയാണ് ലക്ഷ്യം. ഇതിന്റെ തുടർച്ചയായി സ്പോർട്സ് കൗൺസിൽ/യുവജനക്ഷേമ ബോർഡ് എന്നിവയിൽ രജിസ്റ്റർ ചെയ്ത ക്ലബുകൾക്ക് സ്പോർട്സ് കിറ്റുകൾ വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നു. ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** വിഹിതം ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറി പ്രോജക്ട് നടപ്പാക്കാൻ നിർദ്ദേശിക്കുന്നു.

| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ(ഡി.ഇ) വകുപ്പ്** |
|---|---|

**4.67 കോടഞ്ചേരി ഗ്രാമപഞ്ചായത്ത്**

**കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 01.01.2024-ലെ കത്തും കോടഞ്ചേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 07.07.2023, 29.02.2024, 04.03.2024 എന്നീ തീയതികളിലെ SC4-1705/23-ാം നമ്പർ കത്തും കോടഞ്ചേരി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 12.06.2023-ലെ 11(1)-ാം നമ്പർ തീരുമാനവും (SRG/24/24 - CC/477/2023)**

**വിഷയം:-** കോടഞ്ചേരി ഗ്രാമപഞ്ചായത്തിലെ ടേക്ക് എ ബ്രേക്ക് കംഫർട്ട് സ്റ്റേഷൻ നിർമ്മാണത്തിന്റെ ബിൽ തുക നൽകുന്നത് സംബന്ധിച്ച്.

കോടഞ്ചേരി ഗ്രാമപഞ്ചായത്തിൽ ടേക്ക് എ ബ്രേക്ക് പദ്ധതിയുടെ ഭാഗമായി ഇനി പറയുന്ന നിർമ്മാണ പ്രവൃത്തികൾക്കായി 2020-21, 2021-22 വർഷം 5 പ്രോജക്ടുകൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നു.

| **ക്രമ നം** | **പ്രോ.നം.** | **പ്രോജക്ടിന്റെ പേര്** | **അടങ്കൽ (രൂപ)** | **ചെലവ് (രൂപ)** |
|---|---|---|---|---|
| 1 | 461/21 | ബസ് സ്റ്റാന്റ് - ടോയിലറ്റ് ടേക്ക് എ ബ്രേക്ക് | 8,94,000 (CFC Tied) | 2,74,486 |
| 2 | 482/21 | ടേക്ക് എ ബ്രേക്ക് ടോയിലറ്റ് കൺസ്ട്രക്ഷൻ | 3,87,900 (CFC Tied) | NIL |
| 3 | 156/22 | ടേക്ക് എ ബ്രേക്ക് ടോയിലറ്റ് കൺസ്ട്രക്ഷൻ | 4,90,000 (CFC Tied) | 4,88,917 |
| 4 | 204/22 | ടേക്ക് എ ബ്രേക്ക് കംഫർട്ട് സ്റ്റേഷൻ വിപുലീകരണം - തുടർ പ്രവൃത്തികൾ | 12,00,000 (CFC Tied) | 11,99,160 |
| 5 | 294/22 | ടേക്ക് എ ബ്രേക്ക് കംഫർട്ട് സ്റ്റേഷൻ ഇലക്ട്രിഫിക്കേഷൻ | 1,00,000 | 19,62,563 |
| | | **ആകെ** | | **19,62,563** |

ടേക്ക് എ ബ്രേക്ക് കംഫർട്ട് സ്റ്റേഷന്റെ നിർമ്മാണത്തോടൊപ്പം ഗാർഡൻ, ഇന്റർലോക്ക് എന്നീ അധിക പ്രവൃത്തികളും ചെയ്തു. ഗ്രാമപഞ്ചായത്തിന്റെ നിർദ്ദേശ പ്രകാരമാണ് അധിക

പ്രവൃത്തി ചെയ്തത്. ഈ തുക നൽകണമെന്നാവശ്യപ്പെട്ട് കരാറുകാരനായ ശ്രീ.കെ.എം. ഗോപാലകൃഷ്ണൻ, കുന്നത്തുവീട് ബഹു.ഓംബുഡ്സ്മാൻ മുമ്പാകെ ഹർജി ഫയൽ ചെയ്തു. പ്രവൃത്തിയുടെ വാല്യുവേഷൻ പ്രകാരമുള്ള തുക നൽകാൻ 07.11.2023 ൽ 752/23 നമ്പർ പ്രകാരം ബഹു. ഓംബുഡ്സ്മാൻ ഉത്തരവായി. തദ്ദേശസ്വയംഭരണവകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ റിപ്പോർട്ട് പ്രകാരം അധിക പ്രവൃത്തിയുടെ വാല്യവേഷൻ തുക 6,16,561 രൂപയാണ്. ബഹു. ഓംബുഡ്സ്മാന്റെ ഉത്തരവിന്മേൽ ഗ്രാമപഞ്ചായത്ത് ബഹു.ഹൈക്കോടതിയിൽ ഹർജി ഫയൽ ചെയ്തു. ബഹു.ഓംബുഡ്സ്മാന്റെ ഉത്തരവ് ബഹു.ഹൈക്കോടതി 05.03.2024 വരെ സ്റ്റേ ചെയ്തിട്ടുണ്ട്.

മുകളിൽ പറഞ്ഞ അധിക പ്രവൃത്തിയുടെ വാല്യുവേഷൻ തുക നൽകുന്നതിന് ഈ വർഷം 388/24-ാം നമ്പർ പ്രോജക്ട് പ്രകാരം 8,50,000 രൂപയുടെ പ്രോജക്ട് (CFC Tied Grand 7,14,213 രൂപ, SBM 1,35,787 രൂപ) ഈ വർഷം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അധിക പ്രവൃത്തിയുടെ തുക നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** എസ്റ്റിമേറ്റ് തയ്യാറാക്കൽ, ടെണ്ടർ തുടങ്ങിയ നടപടിക്രമങ്ങൾ പാലിക്കാതെ ചെയ്ത അധിക പ്രവൃത്തി ആയതിനാൽ ഇതു പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി. ബഹു.ഹൈക്കോടതിയുടെ പരിഗണനയിലുള്ള വിഷയമായതിനാൽ ഇതിന്മേൽ കാലതാമസമൊഴിവാക്കി 15 ദിവസത്തിനകം റിപ്പോർട്ട് നൽകണമെന്ന് നിർദ്ദേശിക്കുന്നു.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1) ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്<br>2)തദ്ദേശസ്വയംഭരണ(ഡബ്ല്യൂ.എം) വകുപ്പ്** |

**4.68 <u>മണർകാട് ഗ്രാമപഞ്ചായത്ത്</u>**

**മണർകാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 24.02.2024-ലെ കത്തും മണർകാട് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 21.10.2023-ലെ 3(1)-ാം നമ്പർ തീരുമാനവും അനുബന്ധരേഖകളും (SRG/219/24)**

**വിഷയം:-** ഗ്രാമപഞ്ചായത്ത് വാങ്ങിയ സ്ഥലം വിവിധ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിന് അനുമതി സംബന്ധിച്ച്

സർക്കാർ അനുമതിയോടെ മണർകാട് ഗ്രാമപഞ്ചായത്ത് രണ്ട് ഘട്ടങ്ങളിലായി 37.67 ആർ സ്ഥലവും 87.09 ആർ സ്ഥലവും (ആകെ 124.76 ആർ സ്ഥലം) ഏറ്റെടുത്തിട്ടുണ്ട്. ഗ്രാമീണ ചന്ത, ടാക്സി സ്റ്റാന്റ്, വഴി എന്നിവയ്ക്കായാണ് ഗ്രാമപഞ്ചായത്ത് സ്ഥലം ഏറ്റെടുത്തത്. ഇങ്ങനെ ഏറ്റെടുത്ത സ്ഥലത്തിന്റെ കുറെ ഭാഗം താഴെപ്പറയുന്ന രീതിയിൽ ഉപയോഗിച്ചു.

| | |
|---|---|
| മത്സ്യഫെഡ് ഫിഷ് ബൂത്ത് | 1.14 ആർ |
| MCF | 1.33 ആർ |
| പച്ചക്കറി വിപണനത്തിന് കെട്ടിടം | 2.01 ആർ |
| ബസ് സ്റ്റാന്റ് നവീകരണം | 6.01 ആർ |
| ലിങ്ക് റോഡ് | 5.20 ആർ |
| ബൈപാസ് റോഡ് | 44.00 ആർ |
| **ആകെ** | **59.69** |

ഗ്രാമീണ മാർക്കറ്റിനും ടാക്സി സ്റ്റാന്റിനും 14.77 ആർ സ്ഥലം വേണം. ബാക്കിയുള്ള 50.30 ആർ സ്ഥലത്ത് MCF നിർമ്മാണം, ഓപ്പൺ ജിം, കുട്ടികളുടെ പാർക്ക്, വനിത/വയോജന

വിശ്രമകേന്ദ്രം, ഫുട്ബോൾ ടർഫ്, വോക്ക് വേ, ഓഡിറ്റോറിയം/ഷോപ്പിംഗ് കോംപ്ലക്സ് എന്നീ പദ്ധതികൾക്കായി ഉപയോഗിക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :–** ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ കത്തിലും ഭരണസമിതി തീരുമാനത്തിലും വാങ്ങിയ സ്ഥലത്തിന്റേയും ഇനി ലഭ്യമായ സ്ഥലത്തിന്റേയും വിവരങ്ങൾ സംബന്ധിച്ച് വ്യത്യാസമുണ്ട്. ഇതു പരിഹരിച്ച് നൽകാൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോട് നിർദ്ദേശിക്കുന്നു. ഇനി ലഭ്യമായ സ്ഥലം മുകളിൽ ആവശ്യപ്പെട്ട എല്ലാ സൗകര്യവും ഒരുക്കുന്നതിന് പര്യാപ്തമല്ല. അതിനാൽ ഇവ കൂടി പരിശോധിച്ച് വിവരങ്ങൾ വ്യക്തതയോടെ നൽകേണ്ടതാണ്.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ(ആർ.ഇ) വകുപ്പ്** |

**<u>4.69. ഇടുക്കി ജില്ലാ പഞ്ചായത്ത്</u>**

**ഇടുക്കി ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 05.03.2024, 06.03.2024 എന്നീ തീയതികളിലെ കത്തുകളും ഇടുക്കി ജില്ലാപഞ്ചായത്ത് ഭരണസമിതിയുടെ 05.03.2024–ലെ 4(1)–ാം നമ്പർ തീരുമാനവും ഇടുക്കി ജില്ലാ കളക്ടർ 27.02.2024–ന് ജില്ലാ പഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയ DCIDK/2828/2023 – C11–ാം നമ്പർ കത്തും അനുബന്ധരേഖകളും (SRG/240/2024)**

**വിഷയം:–** കളിസ്ഥലത്തിന് ഗ്രൗണ്ട് നിർമ്മിക്കുന്നത് സംബന്ധിച്ച്

കൊക്കയാർ ഗ്രാമപഞ്ചായത്തിൽ പാരിസൺ കമ്പനിയുടെ ബോയ്സ് എസ്റ്റേറ്റിലെ 1.40 ഏക്കർ സ്ഥലം ഗ്രൗണ്ട് നിർമ്മിക്കുന്നതിനായി ജില്ലാ പഞ്ചായത്തിന് വിട്ടു നൽകി കമ്പനി സമ്മതപത്രം നൽകിയിട്ടുണ്ട്. ഈ വർഷം ഗ്രൗണ്ട് നിർമ്മാണത്തനായി 32,23,435 രൂപ ജില്ലാ പഞ്ചായത്ത് വകയിരുത്തിയിട്ടുണ്ട്. എസ്റ്റേറ്റ് പ്രദേശങ്ങളിൽ ഗ്രൗണ്ടിനും മറ്റും സ്ഥലം കണ്ടെത്താൻ ബുദ്ധിമുട്ടുള്ള സാഹചര്യത്തിൽ കളിസ്ഥലം ജില്ലാപഞ്ചായത്തിന്റെ നിയന്ത്രണത്തിൽ നിലനിർത്തി പൊതുജനങ്ങൾക്ക് വിട്ടു നൽകാമെന്ന് എസ്റ്റേറ്റ് ഉടമ/അധികാരി സമ്മതപത്രം നൽകണമെന്ന നിബന്ധനയോടെ 21.08.2022–ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗം കളിസ്ഥലം നിർമ്മിക്കാൻ അനുമതി നൽകിയിരുന്നു. എന്നാൽ ബോയ്സ് എസ്റ്റേറ്റ് കൈവശം വച്ചിരിക്കുന്ന തോട്ടഭൂമിയിൽ സർക്കാരിന്റെ ഉടമസ്ഥാവകാശം സ്ഥാപിക്കുന്നതിന് കട്ടപ്പന സബ്കോടതിയിൽ സർക്കാർ സിവിൽ കേസ് (OS–13/24) ഫയൽ ചെയ്തിട്ടുണ്ട്. അതിനാൽ സമ്മതപത്രം രജിസ്റ്റർ ചെയ്യാവുന്നതല്ലെന്നും കോഓർഡിനേഷൻ കമ്മിറ്റി നൽകിയ അനുമതിയുടെയും കമ്പനി നൽകിയ സമ്മതപത്രത്തിന്റെയും അടിസ്ഥാനത്തിൽ ഗ്രൗണ്ട് നിർമ്മിക്കുന്നതിന് തടസ്സമില്ലെന്നും ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്. അതിനാൽ സമ്മതപത്രം രജിസ്റ്റർ ചെയ്യുന്നതിൽ നിന്നൊഴിവാക്കി ഗ്രൗണ്ട് നിർമ്മിക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**തീരുമാനം :–** കരാർ രജിസ്ട്രേഷൻ ഒഴിവാക്കുന്ന വിഷയം കോഓർഡിനേഷൻ കമ്മിറ്റിയിൽ പരിഗണിക്കാവുന്നതല്ല. ആവശ്യം പരിഗണിച്ചില്ല.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്** |

**യോഗം വൈകിട്ട് 6.00 മണിക്ക് അവസാനിച്ചു**

**<u>യോഗത്തിൽ പങ്കെടുത്തവർ</u>**

1. ബഹു. തദ്ദേശസ്വയംഭരണ – എക്സൈസ് വകുപ്പ് മന്ത്രി
2. മെമ്പർ, വികേന്ദ്രീകൃതാസൂത്രണ വിഭാഗം, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്
3. സെക്രട്ടറി, ധനകാര്യം – റിസോഴ്സ് വകുപ്പ് (പ്രതിനിധി)
4. പ്രിൻസിപ്പൽ ഡയറക്ടർ & ഗ്രാമവികസന കമ്മീഷണർ, തദ്ദേശസ്വയംഭരണവകുപ്പ്
5. മെമ്പർ സെക്രട്ടറി, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് (പ്രതിനിധി)
6. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
7. എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം (പ്രതിനിധി)
8. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ
9. എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ (പ്രതിനിധി)
10. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
11. ഡയറക്ടർ പട്ടികജാതി വികസന വകുപ്പ് (പ്രതിനിധി)
12. ഡയറക്ടർ പട്ടികവർഗ്ഗ വികസന വകുപ്പ് (പ്രതിനിധി)
13. ഡയറക്ടർ ആരോഗ്യ വകുപ്പ് (പ്രതിനിധി)
14. ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ് (പ്രതിനിധി )
15. ചീഫ് എഞ്ചിനീയർ, വാട്ടർ അതോറിറ്റി (പ്രതിനിധി)
16. ഡയറക്ടർ, കൃഷി വകുപ്പ് (പ്രതിനിധി)
17. ഡയറക്ടർ ജനറൽ, കില
18. ചീഫ് ടൗൺ പ്ലാനർ